KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 33 / Issue: 1 January 2022 ₹ :15/-



# സുവർണ്ണ ജൂബിലി

പൗരോഹിത്യത്തിന്റെ
**50**-ാം
വാർഷിക നിറവിൽ

1972-2022



പൗരോഹിത്യ ശുശ്രൂഷയുടെ 50-ാം വാർഷികം ആഘോഷിക്കുന്ന

## റവ. ഫാ. കെ. ഒ. ജോസഫ് കരിങ്ങാട്ടിൽ, കുറ്റൂർ

സഹധർമ്മിണി- തങ്കമ്മ ജോസഫ് ചിറമേൽപറമ്പിൽ, വള്ളംകുളം

മക്കൾ- സജിനി സുനിൽ, ലെജിനി ബെന്നി,

മരുമക്കൾ-സുനിൽ തോമസ് കോയിക്കലോടത്ത്, ബെന്നി ഉതുപ്പാൻ ഇടശ്ശേരിയത്ത്

കൊച്ചുമക്കൾ-നോയൽ, നേഹ, മിലൻ, നെവിൻ, നോബിൻ

Advt - O

SINCE 1989

# ക്നാനായ ദീപം

2022 ജനുവരി പുസ്തകം 33 ലക്കം 1

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

അർക്കദയാക്കോൻ 08
സഖറിയ ജോർജ് ഇടവഴിക്കൽ

ലക്ഷ്യം സൂക്ഷിക്കുക 09
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

പറയാതെ വയ്യ 10
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

ജീവിതം തന്നെയാണ് ദൈവരാജ്യം 15
സുനിൽ ഡി. കുരുവിള

മാതൃകാ കുടുംബജീവിതം 17
ഫാ. ഡോ. ജയിംസ് തോടത്തിൽ

പരിശുദ്ധാത്മാവിനോടുള്ള സൗഹൃദം... 19
ഫാ. നോബിൾ തോമസ് ഇളകുറ്റൂർ

മൽപാനോടു ചോദിക്കാം 20

കോവിഡാനന്തരലോകം 21
ഡോ. രോണി ജയിൻ രാജു

ഏവൻഗേലിയോൻ ദീപം 22
റവ. ഫാ. കുറിയാക്കോസ് തിരുനിലത്ത്

സ്പോക്കൺ ഇംഗ്ലീഷ് 24
കുര്യൻ ജോസഫ് മുട്ടത്തുകടവിൽ

25 നമ്മുടെ ശത്രുക്കളെ എപ്രകാരം സമീപിക്കണം
ടോമി കുറിച്ചി

39 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

40 സന്തോഷം തേടിയുള്ള ജീവിതയാത്ര
റ്റി.സി. തോമസ് തോപ്പിൽ

41 കാൽപ്പാടുകൾ
എബി

42 കേൾവിയുടെ പ്രാധാന്യം
ആൻസി ജേക്കബ്

43 ആദ്യ പറുദീസാ
അഫ്രി റോബി

44 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


Visit www.
knanayadeepam.in


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**കർത്താവേ നീ പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനം ഇട്ടു ആകാശവും നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു. അവയോ നശിക്കും നീയോ നിലനിൽക്കും. അവ വസ്ത്രംപോലെ പഴകിപ്പോകും. ഉടുപ്പുപോലെ നീ അവയെ ചുരുട്ടും. വസ്ത്രംപോലെ അവ മാറിപ്പോകും. നീയോ അനന്യൻ നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയില്ല.**

കർത്താവിൽ പ്രിയരെ,

സംഭവ ബഹുലമായ ഒരു വർഷം പിന്നിട്ടശേഷം നാമിതാ ഒരു പുതുവർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. ജീവിതത്തിന്റെ സുരക്ഷിതത്വവും ഭാവിയുടെ ഭദ്രതയും ഉറപ്പു വരുത്തുവാൻ ആർക്കും സാധ്യമല്ല എന്നു എത്രയോ സംഭവങ്ങൾ തെളിയിച്ചു. നാം ജീവിക്കുന്ന ഈ ലോകം അനുനിമിഷം മാറിക്കൊണ്ടിരിക്കുകയാണെന്നുള്ള സത്യം എല്ലാവർക്കും അറിയാവുന്ന ഒരു നഗ്നസത്യമാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഈ മാറ്റം നമുക്ക് കാണാൻ കഴിയും. ഈ മാറ്റങ്ങളെ തടഞ്ഞു നിർത്തുവാൻ ആധുനിക ശാസ്ത്രത്തിന് സാധിക്കുന്നില്ല എന്നുള്ളത് എത്രയോ ചിന്തനീയം. മനുഷ്യജീവിതം എത്ര ക്ഷണഭംഗുരം. വൈദ്യശാസ്ത്രം ഏറെ പുരോഗമിച്ചു. പക്ഷേ മരണത്തിന്റെ നേർവാഴ്ചക്ക് കടിഞ്ഞാണിടാൻ വൈദ്യശാസ്ത്രത്തിന് സാധിക്കുന്നില്ല. പ്രകൃതി ദുരന്തങ്ങൾക്ക് അന്തം വരുത്തുവാൻ ആധുനിക ശാസ്ത്രത്തിന് സാധിക്കുന്നില്ല. കടലിൽ പൊങ്ങുന്ന ന്യൂന മർദ്ദത്തെ കണ്ടു പിടിക്കാനും പേരിടാനും ആഞ്ഞടിക്കുന്ന കാറ്റിന്റെ വേഗത കണക്കു കൂട്ടാനും സാധിച്ചു എന്നു വരാം. എന്നാൽ ഇങ്ങനെയുള്ള പ്രകൃതി സംഭവങ്ങളെ തടഞ്ഞു നിർത്താൻ ശാസ്ത്രത്തിനു കഴിയുന്നില്ല. എന്നാൽ ദൈവമക്കൾക്ക് ആശ്വാസം പകരുന്ന മാറ്റമില്ലാത്ത പല സത്യങ്ങൾ തിരുവചനം നമ്മെ പഠിപ്പിക്കുന്നു. യഹോവയായ ഞാൻ മാറാത്തവൻ (മലാഖി.3:6). കർത്താവേ, നീ പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനം ഇട്ടു ആകാശവും നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു. അവയോ നശിക്കും നീയോ നിലനിൽക്കും. അവ വസ്ത്രംപോലെ പഴകിപ്പോകും ഉടുപ്പുപോലെ നീ അവയെ ചുരുട്ടും. വസ്ത്രംപോലെ അവ മാറിപ്പോകും നീയോ അനന്യൻ നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയില്ല (എബ്രാ.1:10). ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല. ഉപേക്ഷിക്കുകയും ഇല്ല (എബ്രാ. 13.15). എന്നത് അനുഗ്രഹീതമായ ഒരു വാഗ്ദത്തം ആണ്. വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ ദൈവത്തിനു മാത്രമേ ഇത്തരം വാഗ്ദത്തം നൽകുവാൻ കഴിയുകയുള്ളൂ. ലോകത്തിലെ ആത്മാർത്ഥ സുഹൃത്തുക്കൾപോലും ഉപേക്ഷിക്കുന്ന സാഹചര്യം ഉണ്ടാകാം. ഭാഗ്യക്കുറി വിൽപ്പനക്കാരൻ മുതൽ രാഷ്ട്രീയ കക്ഷികളുടെ പ്രകടന പത്രികകൾ വരെ നമ്മുടെ മുമ്പിൽ ശോഭനഭാവിയെക്കുറിച്ചുള്ള മോഹന വാഗ്ദാനങ്ങൾ നിരത്തുകയാണ്. പക്ഷേ അത്തരം വാഗ്ദാനങ്ങൾ കേവലം വ്യർത്ഥവാക്കുകൾ മാത്രമാണെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഭൗതിക നന്മകളോ, ജീവിതത്തിലെ ഉന്നത നിലവാരമോ സ്ഥാനമാനങ്ങളോ ഒന്നും തന്നെ മനുഷ്യന് ആത്മസമാധാനമോ നിത്യശാന്തിയോ നൽകുന്നില്ല. സ്വന്തം കുടിലിൽ ഭിക്ഷയ്ക്കു ചെല്ലുന്ന യാചകനെപ്പൊലെ, മനുഷ്യൻ നിരാശനായി വെറും കൈയോടെ മടങ്ങേണ്ടി വരുന്നു എന്നതാണ് സത്യം. എന്നാൽ മനുഷ്യന്റെ ഭാവിയെക്കുറിച്ചും ഭാവിയുടെ സുരക്ഷിതത്വത്തെക്കുറിച്ചും ഭദ്രതയെക്കുറിച്ചും സത്യവേദ പുസ്തകം വ്യക്തമായ കാഴ്ചപ്പാട് നൽകുന്നു. നമുക്ക് ഒരു ശാശ്വത ജീവിതമുണ്ട്.. ഈ ഭൗതിക ജീവിതകാലത്തു തന്നെ നിത്യജീവിതം എവിടെയായിരിക്കണം എങ്ങനെയായിരിക്കണം എന്നു നാം തന്നെയാണ് നിർണ്ണയിക്കേണ്ടത്. രണ്ട് വഴികൾ നമ്മുടെ മുമ്പിലുണ്ട്. ഒന്ന് അനേകർ സഞ്ചരിക്കുന്ന വിസ്താരമേറിയവഴി. അത് നിത്യനാശത്തിലേക്ക് നയിക്കുന്നു. മറ്റേത് കുറച്ചുപേർ മാത്രം സഞ്ചരിക്കുന്നതും നിത്യ ജീവിതത്തിലേക്ക് നയിക്കുന്നതുമായ ഇടുങ്ങിയ വഴി. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്ന് യേശു പ്രസ്താവിച്ചു. സകല മനുഷ്യരുടെയും പാപപരിഹാരാർത്ഥമാണ് യേശു ഈ ലോകത്തിലേക്ക് വന്നത്. സകല മനുഷ്യർക്കും നന്മചെയ്തുകൊണ്ട് ക്രിസ്തു മുപ്പത്തിമൂന്ന് വയസ്സുവരെ ഇവിടെ ജീവിച്ചു. സകല മനുഷ്യരുടെയും പാപം സ്വന്തം ചുമലിൽ വഹിച്ചുകൊണ്ട് മരക്കുരിശിൽ മരിച്ചു. കല്ലറയിൽ അടക്കപ്പെടുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. നിത്യജീവങ്കലേക്കുള്ളവഴി യേശു നമുക്ക് കാണിച്ചു തന്നു. ഈ യേശുവിനെ കൈകൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും ഈ വഴിയിലൂടെ നടന്നു നിത്യജീവൻ സ്വായത്തമാക്കാം. അങ്ങനെ മനുഷ്യനു സുരക്ഷിതത്വവും ഭാവി ഭദ്രതയും ഉറപ്പാകുന്നു. കർത്താവിന്റെ പിരിയാത്ത സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിന് ആവേശവും ആശ്വാസവും നൽകുന്ന അനുഗ്രഹീത സത്യമാണ്. മാറ്റമില്ലാത്ത വാഗ്ദാനങ്ങളിൽ നമുക്ക് വിശ്വാസം അർപ്പിച്ചുകൊണ്ട് 2022 ലെ ഓരോ ദിവസങ്ങളും മുൻപോട്ടു നയിക്കുവാൻ കർത്താവ് നമ്മേ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എന്ന്

**നിങ്ങളുടെ സ്വന്തം റോയി അച്ചൻ**



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

**മക്കൾക്ക് ഉചിതമായ ദാനങ്ങൾ നൽകുവാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയോ അധികമായി പരിശുദ്ധാത്മാവിനെ നല്കുകയില്ലേ**

കർത്താവിൽ അനുഗ്രഹീതരെ,

ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ പ്രത്യേകിച്ച് വെനിസ്വേല, ബൊളീവിയ, കൊളംബിയ, അർജ്ജന്റീന തുടങ്ങിയ രാജ്യങ്ങളിൽ നിലവിലുള്ള വർഷാവസാനച്ചടങ്ങുകൾ അത്യന്തം രസാവഹമാണ്. പഴയ വർഷത്തിന്റെ പ്രതീകമായി ഒരു പടുകൂറ്റൻ പാവയുണ്ടാക്കും. അസ്സൽ പുരുഷ വേഷത്തിലാണ് അതു നിർമ്മിക്കുക. കുടുംബത്തിലുള്ളവർ വലിച്ചെറിഞ്ഞ അഥവാ, വേണ്ടെന്നുവച്ച തുണികളും മറ്റു പാഴ്വസ്തുക്കളും ഉപയോഗിച്ചാണ് ഈ വലിയ പാവ അവർ നിർമ്മിക്കുന്നത്. പാവയ്ക്കുള്ളിൽ യഥാസ്ഥാനങ്ങളിൽ പടക്കങ്ങളും സ്ഫോടകവസ്തുക്കളും നിക്ഷേപിച്ചിട്ടുണ്ടാകും. പാതിരാവോടടുക്കുമ്പോൾ കുടുംബാംഗങ്ങളെല്ലാവരും പാവയ്ക്കു ചുറ്റും ഒത്തു ചേരും. പോയ വർഷം തങ്ങൾക്കുണ്ടായ പരാജയങ്ങളും ദു:ഖങ്ങളും പാവയുടെ മുമ്പിൽനിന്ന് വിളിച്ചു പറയും. അതിന്റെ സർവ്വ ഉത്തരവാദിത്വവും ആ സത്വത്തിൽ ചാർത്തി അതിനെ അതികഠിനമായി ദേഹോപദ്രവമേല്പിക്കുന്ന പതിവും ചിലയിടങ്ങളിലുണ്ട്. മനസ്സിന്റെ ആഴങ്ങളിൽ ഉറങ്ങു കിടക്കുന്ന പ്രതിഷേധവും പ്രതികാരവും അവശേഷിക്കുന്ന നൊമ്പരങ്ങളുമൊക്കെ പൊക്കിയെടുത്തു പുറത്തെറിഞ്ഞു കളയുവാൻ ഇത്തരം പ്രതീകാത്മക പ്രവർത്തനങ്ങൾ പര്യാപ്തമത്രേ. അവസാനം പാവയ്ക്കു തീ കൊടുക്കും. അതു കത്തിക്കരിഞ്ഞ് പൊട്ടിത്തെറിച്ച് നിശ്ശേഷം ചാമ്പലാകുന്നതോടെ പഴയവ മുഴുവൻ മറന്ന് സമാധാനപൂർവ്വം കുടുംബാംഗങ്ങൾ പോയിക്കിടന്നുറങ്ങും. പഴയതിന്റെ അവശിഷ്ടമായി ഇനി ഒന്നും ബാക്കിയില്ല എല്ലാം പുതിയത്! എന്തിലും, ഏതിലും ഒരു നവീകരണം- പുതുമ, പുതിയ തുടക്കം. പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു പുതിയതിനെ പ്രാപിക്കാനാണല്ലോ വി. ഗ്രന്ഥവും ആവശ്യപ്പെടുന്നത് (കൊലോ. 3:10, എഫേ 4:24). **പുതു വർഷത്തെ നമ്മെ തന്നെ നവീകരിച്ചുകൊണ്ടു വരവേൽക്കുവാൻ നമുക്ക് സാധിക്കണം.** നമ്മിൽ യഥാർത്ഥ നവചൈതന്യം നിക്ഷേപിക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്.

ഒരു പുതുവത്സരംകൂടി ദൈവം നമുക്ക് സമ്മാനിക്കുന്നു. വലിയ ഒരു പോരാട്ടത്തിനുള്ള നാളുകളാണ് വരുന്നത്. ആ പോരാട്ടം ജഢികമല്ല, ആയുധങ്ങളും ജഢികമല്ല പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കുവാൻ സ്വർഗ്ഗം നമ്മോടാവശ്യപ്പെടുന്നു. ഇനിയുള്ള നാളുകളിൽ പരിശുദ്ധ റൂഹായുടെ പ്രചോദനം സ്വീകരിച്ചു മുന്നേറുന്ന ഒരു യഥാർത്ഥ ക്രൈസ്തവ ജീവിതം നയിക്കുവാൻ നമ്മൾ ഓരോരുത്തരും പരിശ്രമിക്കേണ്ടതുണ്ട്. മാമോദീസായിലൂടെ നമുക്ക് ലഭിച്ച പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളെ മനസ്സിലാക്കുവാനോ, മനസ്സിലാക്കിയാൽതന്നെ അതനുസരിച്ച് പ്രവർത്തിക്കാനോ സാധിക്കാത്തതുമൂലം അനേകരുടെ ജീവിതം പാഴ്മരുഭൂമി പോലെ നിർജ്ജീവമായിരിക്കുന്നു.

യേശുതമ്പുരാൻ സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പ് തന്റെ ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു. 'എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു'. യേശുനാഥൻ നൽകിയ ഭാരമേറിയ ദൗത്യം നിർവ്വഹിക്കുവാൻ ദൈവീകശക്തിയവർക്കാവശ്യമായിരുന്നു.അതുകൊണ്ട് യേശു അവരുടെമേൽ ഊതി 'നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാൻ കല്പിച്ചു' (യോഹ.20:21). യേശു നൽകിയ ദൗത്യങ്ങൾ ഭംഗിപൂർവ്വം അപ്പോസ്തോലന്മാർക്കു പൂർത്തീകരിക്കാൻ സാധിച്ചത്, പരിശുദ്ധ റൂഹായുടെ ശക്തിയാൽ ആണ്. അപ്പോസ്തോലന്മാർക്കു നൽകിയതുപോലെ പരിശുദ്ധ റൂഹായെ നമുക്കും നൽകുവാൻ നമ്മിൽ പ്രവർത്തിച്ചു കാണുവാൻ യേശു ആഗ്രഹിക്കുന്നു.

യേശുതമ്പുരാൻ പരിശുദ്ധ റൂഹായുടെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായി പഠിപ്പിച്ചു. ലൂക്കോസിന്റെ സുവിശേഷത്തിൽ നമ്മൾ വായിക്കുന്നു "മക്കൾക്കു ഉചിതമായ ദാനങ്ങൾ നൽകുവാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയോ അധികമായി പരിശുദ്ധാത്മാവിനെ നല്കുകയില്ലേ" (ലൂക്കോസ് 11:13). യേശുനാഥൻ തന്റെ മക്കൾക്ക് പരിശുദ്ധറൂഹായെ വാഗ്ദാനം ചെയ്തു. "ഞാൻ പിതാവിനോട് അപേക്ഷിക്കുകയും നിത്യവും നിങ്ങളോടു കൂടിയായിരിക്കാൻ പരിശുദ്ധാത്മാവിനെ നിങ്ങൾക്കു നൽകുകയും ചെയ്യും" (യോഹ.14:16).

പേൾ ഹാർബർ യുദ്ധത്തിലേ യുദ്ധനായകനായിരുന്നു ജപ്പാൻ യുദ്ധപൈലറ്റായിരുന്ന മിറ്റ്സു ഫൂച്ചിഡാ എന്ന ക്രൂരനായ മനുഷ്യൻ. താൻ നയിച്ച യുദ്ധത്തിൽ അദ്ദേഹം അനേകരെ കൊന്നാടുക്കിയിട്ടുണ്ട്. എന്നാൽ പിൽക്കാലത്ത് ദൈവവചനം വായിച്ച് അദ്ദേഹം മാനസാന്തരപ്പെട്ടു. പരിശുദ്ധാത്മാവിന്റെ സ്പർശനം ലഭിച്ചപ്പോൾ അദ്ദേഹത്തിലെ ക്രൂര സ്വഭാവം വിട്ടുമാറി അദ്ദേഹം ഒരു നിർമലനായ മനുഷ്യനായി മാറ്റപ്പെട്ടു. പരിശുദ്ധ റൂഹായിലുള്ള ഒരു ക്രൈസ്തവ ജീവിതം നയിക്കുന്നതിന് മുമ്പ് താൻ യുദ്ധത്തിൽ അനേകരെ കൊന്നൊടുക്കിയതിനു പിന്നിൽ വെറുപ്പായിരുന്നുവെ

*(ശേഷം പേജ് 7-ൽ)*



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,

2022 പുതുവർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. വ്യക്തി ജീവിതത്തിലും സമുദായത്തിലും ഈ പുതുവർഷം ദൈവാനുഗ്രഹത്തിന്റെയും ഐശ്വര്യത്തിന്റെയും സമാധാനത്തിന്റെയും ആരോഗ്യത്തിന്റെയും പുതുവർഷമാകുവാൻ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം.

അതുല്യമായ നേട്ടങ്ങളുടെ ചിറകു വിരിച്ചാണ് പുതുവർഷത്തിലേക്ക് നമ്മൾ നടന്ന് കയറുന്നത്. സമുദായ ക്ഷേമ, വികസന പദ്ധതികളിലൂടെ പുതിയ ആകാശം തേടി മുന്നേറുവാൻ ദൈവം നമ്മെ കനിഞ്ഞു അനുഗ്രഹിക്കട്ടെ. ക്നാനായ സമുദായത്തെ സംബന്ധിച്ചിടത്തോളം 2022 പുരോഗതിയുടെ നാഴികക്കല്ലായ പുതുവർഷമാണ്. നമ്മൾ ക്നാനായക്കാരുടെ ചിരകാല അഭിലാഷമായിരുന്നു ക്നാനായ സമുദായംവക ഒരു ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുക എന്നത്. സമുദായത്തിന്റെ ഒരു ദീർഘകാല സ്വപ്നമായിരുന്ന പ്രൊജക്റ്റ് 2022 പുതുവർഷത്തിൽ നമ്മൾ സാക്ഷാത്ക്കരിക്കുകയാണ്. തോട്ടയ്ക്കാട് പുതുതായി 10 ഏക്കർ സ്ഥലം സൗകര്യപ്രദമായ സ്ഥാനത്ത് നമുക്ക് സ്വന്തമാക്കുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആന്റ് അപ്രൂവൽ യോഗംകൂടി, ക്നാനായ ആർട്സ് ആൻഡ് സയൻസ് കേളേജിന് അനുവാദം ലഭിച്ചു എന്ന കാര്യം സന്തോഷത്തോടെ അറിയിക്കട്ടെ. ഏറെ താമസിയാതെ മന്ത്രിമാരുടെ സൗകര്യം കൂടി പരിഗണിച്ച് ക്നാനായ സമുദായത്തിന്റെ പുതിയ കോളേജ് സമുച്ചയത്തിന് തറക്കല്ലിടാൻ ദൈവത്തിൽ ശരണപ്പെടുന്നു.







2022 അദ്ധ്യയന വർഷത്തിൽ തന്നെ ക്ലാസുകൾ ആരംഭിക്കത്തക്ക രീതിയിലാണ് പ്രവർത്തനം മുന്നോട്ടു പോകുന്നത്. കോളേജ് സമുച്ചയത്തിന്റെ പ്ലാനും ഡ്രോയിങ്ങും എല്ലാം ലോകപ്രസിദ്ധ ആർക്കിടെക് പത്മ ശ്രീ.ഡോക്ടർ ജീ. ശങ്കർ (ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്) തയ്യാറാക്കി കഴിഞ്ഞു. എത്രയും വേഗം കോളേജിന്റെ പണികൾ ആരംഭിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ഇതിനുവേണ്ടി അക്ഷീണം പ്രയത്നിക്കുന്ന സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയോടും, ഓതറ ഫാർമസി കോളേജ് ഗവേണിംഗ് ബോർഡ് അംഗങ്ങളോടും, ക്നാനായ മാനേജിംഗ് കമ്മിറ്റി അംഗങ്ങളോടും ഉള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. പുതുവർഷ സമ്മാനമായി സമുദായത്തിന് ഒരു ആർട്സ് & സയൻസ് കോളേജ് ലഭിക്കുന്നതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. കോളേജിന്റെ എലിവേഷനും പ്ലാനും സമുദായ അംഗങ്ങളുടെ അറിവിലേക്ക് പ്രസിദ്ധീകരിക്കുന്നു.

13/12/2021–ൽ കൂടിയ ക്നാനായ മാനേജിംങ് കമ്മിറ്റി ക്നാനായ അസോസിയേഷൻ വിളിച്ചുകൂട്ടുന്നതിന് എത്രയും വേഗം അനുവാദം തരുവാൻ കോട്ടയം ജില്ലാ കളക്ടർക്ക് നിവേദനം കൊടുക്കുവാൻ തീരുമാനിച്ചു. അത് അനുസരിച്ച് കളക്ടർക്ക് നിവേദനം കൊടുക്കുകയും ചെയ്തു. അനുവാദം ലഭിച്ചാലുടൻ അസോസ്സിയേഷൻ വിളിച്ചു കൂട്ടുന്നതാണ്.

കോവിഡ് വ്യാപനം മൂലം ഏതെങ്കിലും കാരണത്താൽ അനുവാദം ലഭിക്കുന്നില്ലെങ്കിൽ കമ്മിറ്റി പാസാക്കിയ സമുദായ കണക്കും റിപ്പോർട്ടും കൂടി കമ്മിറ്റിയിൽവച്ച് പാസാക്കി അസോസ്സിയേഷൻ മെമ്പർമാർക്ക് അയച്ചുകൊടുക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

കൂടാതെ കഴിഞ്ഞ അസോസ്സിയേഷൻ തീരുമാനപ്രകാരം അപ്രേം സെമിനാരിയിൽ ഉള്ള അസോസ്സിയേഷൻ ഹാൾ വിപുലീകരിക്കുന്നതിനും തീരുമാനിച്ചു. അതിന്റെ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഉടനെതന്നെ അതു നിർമ്മിക്കുന്നതിന് ഉള്ള ടെൻഡർ ക്ഷണിക്കുന്നതാണ്.

നമ്മളിൽനിന്നും വാങ്ങിപ്പോയ ഫാദർ ജെയ്സൺ സ്കറിയ ഇളവൻകളം അച്ചന്റെ കുടുംബത്തിനുവേണ്ടി സമാഹരിക്കുന്ന ഫണ്ട് എത്രയും വേഗം പൂർത്തീകരിക്കുന്നതിനും അച്ചന്റെ കുടുംബത്തിന്, എല്ലാ മാസവും അച്ചന് കിട്ടിക്കൊണ്ടിരിക്കുന്ന സാലറി അതേ രീതിയിൽ തന്നെ തുടർന്നും കൊടുക്കുന്നതിനും തീരുമാനിച്ചു.

ഓതറ നസ്രേത്ത് ഫാർമസി കോളേജിൽ ഫാംഡിയ്ക്ക് 100% വിജയം ഈ വർഷം കരസ്ഥമാക്കുവാൻ കോളേജിന് സാധിച്ചു. ഇതിൽ 30% കുട്ടികളും ഡിസ്റ്റിംഗ്ഷൻ കരസ്ഥ

മാക്കി എന്നുള്ള വിവരവും വളരെ സന്തോഷത്തോടെ അറിയിക്കുന്നു. കൂടാതെ ഈ വർഷം കേരള യൂണിവേഴ്സിറ്റി ആരോഗ്യ സർവ്വകലാശാലയുടെ M.Pharm Pharmaceutics ൽ ഒന്നാം റാങ്ക് Othara Nazareth College of Pharmacy ലെ 2018- 2020 ബാച്ചിലെ Steffy P. Raju കരസ്ഥമാക്കുകയും ചെയ്തു.

നിലയ്ക്കൽ എക്യുമിനിക്കൽ ട്രസ്റ്റിലെ വിവിധ സഭകളുടെ ആഭിമുഖ്യത്തിൽ ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ സംഘടിപ്പിച്ച സംയുക്ത ക്രിസ്തുമസ് ആഘോഷ പരിപാടികളുടെ ഉദ്ഘാടനം ബിഷപ്പ് ജോഷ്വാ മോർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി അദ്ധ്യക്ഷനായിരുന്നു, സെക്രട്ടറി സി.എസ്.ഐ. മധ്യകേരള മഹായിടവക ബിഷപ്പ് സാബു മലയിൽ കോശി, ട്രഷറർ ഏബ്രഹാം ഇട്ടിച്ചെറിയാ, ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, റവ. ബാബു മൈക്കിൾ, മാർത്തോമാ സഭാ സെക്രട്ടറി റവ. സിബി സൈമൺ, റവ. ജോസഫ് വള്ളമറ്റം, തോമസ്കുട്ടി തേവരുമുറിയിൽ എന്നിവർ പ്രസംഗിച്ചു.

നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിലേക്ക് ക്നാനായ സമുദായത്തിന്റെ പ്രതിനിധികളായി സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, മുൻ സമുദായ മാനേജിംഗ് കമ്മിറ്റി അംഗം തോമസ്കുട്ടി തേവരുമുറിയിൽ എന്നിവരെ സമുദായ മെത്രാപ്പോലീത്താ നോമിനേറ്റ് ചെയ്തു.

ഡിസംബർ 26-ാം തീയതി മോർ അപ്രേം സെമിനാരിയുടെ മെയിൻ ഗേറ്റിനു മുൻപിൽ റോഡിൽ പ്ലക്കാർഡും ബാനറും കൈയിലേന്തി നിന്നുകൊണ്ട് സമുദായ മെത്രാപ്പോലീത്തായ്ക്കും, ക്നാനായ കമ്മിറ്റിയ്ക്കും എതിരായി പരസ്യമായി ഏതാനും ചുരുക്കം ആളുകൾ (മുൻഭാരവാഹികളുൾപ്പെടെ) വളരെ നീചവും നിന്ദ്യവുമായി പ്രസംഗിക്കുകയുണ്ടായി

വികസിത രാജ്യത്ത് മാന്യമായി ജീവിക്കുന്ന യഹൂദ നസ്രാണികളായ ക്നാനായക്കാരുടെ സംസ്ക്കാരത്തിന് ഇത് ഒട്ടും യോജിച്ചതല്ല. പ്രതിഷേധങ്ങൾ അറിയിക്കുന്നതിന് പല മാർഗ്ഗങ്ങളുണ്ട്. പരസ്യമായി റോഡിൽ നിന്ന് നീചമായി മെത്രാപ്പോലീത്തായ്ക്ക് എതിരേ പ്രതിഷേധിച്ചാൽ മറ്റ് ക്രൈസ്തവ സഭകളുടെ ഇടയിൽ ക്നാനായക്കാരുടെ അന്തസ്സും ആഭിജാത്യവും ഇല്ലാതെ ആകുകയേയുള്ളൂ. ഇവർക്ക് നല്ല ബുദ്ധി കൊടുക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു

ഇപ്പോഴത്തെ ക്നാനായ കമ്മിറ്റി നിലവിൽ വന്ന ഈ മൂന്നു വർഷത്തിനുള്ളിൽ 2020 ൽ കോവിഡിന് മുമ്പുവരെ ഏഴ് അസ്സോസിയേഷൻ മീറ്റിംഗും കൂടിയിരുന്നു. ഈ ഏഴ് അസ്സോസിയേഷൻ മീറ്റിംഗിനും എതിരായി കോടതിയിൽ കേസ് നിലനിൽക്കുകയാണ്. അതുകൂടാതെ എട്ട് കേസുകൾ വേറെയുമുണ്ട്. എല്ലാ കേസുകൾക്കും ധാരാളം ഐ.എ. കളും നിലവിലുണ്ട്. ഇതിൽ നിന്ന് എല്ലാം ഒരു മോചനം സമുദായത്തിന് ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

സമുദായത്തിൽ ഇപ്പോഴുള്ള വിഷയങ്ങൾ ഈ പുതു വർഷത്തിൽ എങ്കിലും പരിഹരിക്കുന്നതിന് നമുക്ക് പ്രാർത്ഥിക്കാം.

സമുദായത്തിലെ മെത്രാപ്പോലീത്താമാരുടെ അധികാര അവകാശങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഈ കമ്മറ്റിയുടെയും അസ്സോസിയേഷന്റെയും കാലത്ത് തുടങ്ങിയതല്ല. 2009 ൽ മൂന്ന് മേഖല തിരിച്ച സമയം മുതൽ ആരംഭിച്ചതാണ്. സഹായമെത്രാപ്പോലീത്താമാരുടെ അധികാരങ്ങൾ (ചുമതലകൾ) എന്തെല്ലാം ആയിരിക്കണം. ഇതാണ് സമുദായത്തിലെ പ്രധാന തർക്ക വിഷയം. അത് നിശ്ചയിക്കാനുള്ള അധികാരം ഭരണഘടനപ്രകാരം ക്നാനായ അസ്സോസിയേഷന് മാത്രമേ സാധിക്കുകയുള്ളൂ. പ്രശ്നപരിഹാരത്തിന് പരി. പാത്രിയർക്കീസ് ബാവ 15 നിർദ്ദേശങ്ങൾ കല്പനയായി അയച്ചുതന്നു. ബാവാ തന്നെ ആ കല്പനയിൽ നിഷ്കർഷിച്ചിരുന്നു, കല്പനയിൽ പറയുന്ന കാര്യങ്ങൾ ക്നാനായ അസ്സോസിയേഷനിൽ വച്ച് ഭരണഘടനപ്രകാരം പാസ്സാക്കി നടപ്പിൽ വരുത്തണം എന്നാണ്. എന്നാൽ അസ്സോസിയേഷനിൽ ചില ഭേദഗതികളോടെ ആണ് 15 നിർദ്ദേശങ്ങൾ പാസ്സാക്കിയത്. ഭേദഗതികൾ പ്രധാനമായും പറഞ്ഞിരിക്കുന്നത് മെത്രാപ്പോലീത്തായുടെ അറിവോടും അനുവാദത്തോടും കൂടി മാത്രമേ കല്പനയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പ്രവർത്തിക്കാവൂ എന്നതാണ്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ആ ഭേദഗതികൾക്ക് എതിരായി രണ്ടു അസ്സോസിയേഷൻ മെമ്പർമാർ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി അസ്സോസിയേഷൻ തീരുമാനം സ്റ്റേ ചെയ്യുകയും ചെയ്തു.

തന്മൂലം സഹായമെത്രാപ്പോലീത്താമാർക്ക് വേണ്ടി അസ്സോസിയേഷൻ പാസ്സാക്കിയ അധികാരങ്ങൾപോലും ഇപ്പോൾ ഇല്ലാതായിരിക്കുകയാണ്. ഈ വിഷയങ്ങൾ എല്ലാം നമുക്ക് പരിഹരിച്ച് ഒറ്റക്കെട്ടായി സമുദായം മുമ്പോട്ട് പോകണം എന്നാണ് കമ്മിറ്റി ആഗ്രഹിക്കുന്നത്. അതിന് ആരുമായും ചർച്ച നടത്തുവാൻ കമ്മിറ്റി തയ്യാറാണ്. അങ്ങനെ ചർച്ച ചെയ്ത് ഒരു തീരുമാനത്തിലെത്തിയാൽ ക്നാനായ അസ്സോസിയേഷന്റെ അംഗീകാരത്തോടുകൂടി അത് നടപ്പിൽ വരുത്തുവാൻ നമുക്ക് സാധിക്കും. പത്തു പന്ത്രണ്ട് വർഷമായി പരിഹരിക്കപ്പെടാതെ കിടക്കുന്ന കാര്യങ്ങൾ 2022 ൽ തമ്പുരാൻ എല്ലാവർക്കും നൽകട്ടെ എന്ന പ്രാർത്ഥനയോടെ പുതുവർഷത്തിന്റെ എല്ലാ ആശംസകളും നേർന്നുകൊണ്ട് നിർത്തുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ക്നാനായ സമുദായ സെക്രട്ടറി

**റ്റി. ഒ. ഏബ്രഹാം, തോട്ടത്തിൽ**

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

ന്നത് അദ്ദേഹം ലോകത്തോടു വെളിപ്പെടുത്തി. എന്നാൽ ക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് എന്നിൽ നിറഞ്ഞപ്പോൾ ഞാൻ ഒരു പുതിയ മനുഷ്യനായി എന്ന് അദ്ദേഹം വെളിപ്പെടുത്തി. ഇദ്ദേഹത്തെപ്പോലെ എത്രയെത്ര ജീവിതങ്ങൾ പരിശുദ്ധ റൂഹായുടെ സ്പർശനം ലഭിച്ചപ്പോൾ ജീവസുറ്റതായി മാറിയിരിക്കുന്നു. ദൈവവചനം വായിക്കുവാനും, കേൾക്കാനുമുള്ള താല്പര്യം, പ്രാർത്ഥനയിൽ സന്തോഷം, കൂദാശ ജീവിതത്തോടുള്ള തീക്ഷ്ണത, പരസ്പര സ്നേഹം, സമാധാനം, ക്ഷമ, പരിശുദ്ധ സഭയോടുള്ള സ്നേഹം തുടങ്ങി അനവധി നന്മകൾ പരിശുദ്ധ റൂഹായുടെ ശക്തിയാൽ നമുക്ക് ലഭിക്കുന്നു. മാമോദീസായിൽ നമ്മുക്ക് ലഭിക്കുന്ന പരിശുദ്ധാത്മാവ് ശക്തിയായി നമ്മിൽ ജ്വലിക്കപ്പെട്ട് ഒരു ആത്മീയ ക്രൈസ്തവ ജീവിതം നയിക്കുവാൻ ഇനിയുള്ള നാളുകളിൽ സാധിക്കട്ടെ എന്ന് നമ്മുക്ക് പ്രാർത്ഥിക്കാം.

ഏവർക്കും പുതുവത്സരത്തിന്റെ എല്ലാ ആശംസകളും നേരുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**(സമുദായ മെത്രാപ്പോലീത്ത)**

# അർക്കദയാക്കോൻ

സഖറിയ ജോർജ്, ഇടവഴിക്കൽ, കോട്ടയം

ഒരു കാലഘട്ടത്തിൽ-'ജാതിക്കു കർത്തവ്യൻ' എന്ന നിലയിൽ സഭയുടെ ഭരണം നടത്തുവാൻ പള്ളി പ്രതിപുരുഷ യോഗം തെരഞ്ഞെടുക്കുന്ന അർക്കദയാക്കോൻ എന്ന സ്ഥാനീയരുണ്ടായിരുന്നു.

മലങ്കരയിൽ വന്നു വാണിരുന്ന വിദേശികളായ മെത്രാൻമാർ, കൂദാശപട്ടം കൊടുക്കൽ, അനുഷ്ഠാനങ്ങൾ എന്നിങ്ങനെ ജനങ്ങളുടെ ആത്മീയ കാര്യങ്ങൾ മാത്രം നിർവ്വഹിച്ചു പോന്നു. ആ കാലഘട്ടത്തിൽ വിവിധ ഇടവകകളെ സംബന്ധിക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഇടവകകളുടെ കൂട്ടായ്മകൾ പള്ളി പ്രതിപുരുഷയോഗം ചേർന്ന് ജാതിക്കു കർത്തവ്യനായി അർക്കദയാക്കോനെ തെരഞ്ഞെടുത്തിരുന്നു. ഭരണനിർവ്വഹണത്തിന്റെ ഉത്തരവാദിത്വം ഉന്നത സ്ഥാനീയരായ അർക്കദയാക്കോൻമാരിൽ നിഷിപ്തമായിരുന്നതായി പറയപ്പെടുന്നു. വൻകിട കമ്പനികളിൽ 'ചീഫ് എക്സിക്യൂട്ടീവ്' പദവിക്കു തുല്യമായിരിക്കാം അർക്കദയാക്കോൻ സ്ഥാനം. കിരീടമില്ലാത്ത ആ രാജാവിനെ പ്രാദേശിക പള്ളികളുടെ പ്രതിപുരുഷയോഗം തെരഞ്ഞെടുക്കും. ശ്രദ്ധേയമായ മറ്റൊരു കാര്യം സഭയിലെ വിവിധ തർക്കവിഷയങ്ങൾ സംബന്ധിച്ചുള്ള തീരുമാനങ്ങൾ എടുക്കുവാൻ അക്കാലത്തെ ക്രൈസ്തവ സമൂഹത്തിന്റെ സ്ഥാനീയരായ അർക്കദയാക്കോൻമാർക്ക് അധികാരം നൽകിയിരുന്നുവെന്ന് കാണാം.

സഭയിലെ അംഗങ്ങൾ തമ്മിലോ ഇതര വിഭാഗങ്ങൾ തമ്മിലോ ഉള്ള എല്ലാവിധ തർക്കങ്ങൾക്കും പ്രാഥമിക തീർപ്പുകൾ കല്പിക്കുവാൻ അർക്കദയാക്കോൻമാർക്ക് കഴിഞ്ഞിരുന്നതായി വേണം അനുമാനിക്കുവാൻ.

സഭാതർക്കങ്ങൾപോലുള്ള കാര്യങ്ങൾക്കുള്ള തീർപ്പ്, ഹൈക്കോടതി സുപ്രീം കോടതി തുടങ്ങിയ വ്യവസ്ഥാപിത സ്ഥാപനങ്ങളിലേക്ക് വലിച്ചിഴയ്ക്കുവാൻ ഇടയായ സാഹചര്യം അർക്കദയാക്കോൻമാർ ഉണ്ടായിരുന്നുവെങ്കിൽ, ഒരുപക്ഷെ ഒഴിവാക്കാമായിരുന്നു എന്ന് തോന്നുന്നു.

അവഹേളിക്കപ്പെടുന്ന സത്യവിശ്വാസവും തെരുവിലെറിയപ്പെട്ട ദൈവജനവും ഈ കാലഘട്ടത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന വ്യഥകൾ ഒരു പക്ഷെ അർക്കദയാക്കോന്മാർ ഉണ്ടായിരുന്നുവെങ്കിൽ ഒരു പരിധിവരെ ഇല്ലാതാകുമായിരുന്നു.

ആചാരാനുഷ്ഠാനങ്ങളുടെ ആകെത്തുകയാണ് സഭയുടെയും മതങ്ങളുടെയും മുഖമുദ്ര എന്ന് പറയപ്പെടാറുണ്ട്. കടം കൊണ്ട നിരവധി ആചാരങ്ങൾ പ്രത്യേകാൽ ഭാരതവൽക്കരിക്കപ്പെട്ട ക്രൈസ്തവ സമൂഹം തദ്ദേശീയരായ ഹൈന്ദവരിൽ നിന്ന് കടം കൊണ്ടിട്ടുള്ളതായി കാണാം. അവയിൽ പലതും തദ്ദേശീയ ക്രിസ്തു സമൂഹത്തിന്റെ വേരോട്ടത്തിനും വികാസത്തിനും ഉതകിയിരിക്കാം.

ക്രൈസ്തവസമൂഹം സന്ദേശങ്ങളിൽ പരസ്പര സ്നേഹത്തിന്റെ വിളിച്ചോതൽ, അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുവാനുള്ള ആഹ്വാനം ഒക്കെ തദ്ദേശീയരായ ഭാരതീയരെ ഹഠാദാകർഷിച്ചിരിക്കാം. സഹിഷ്ണുതയുടെ സമസ്തഭാവങ്ങളും ഉള്ള ഭാരതീയ സമൂഹം നൂതനമായ ക്രിസ്തുവിന്റെ സ്നേഹ സന്ദേശം ഉൾക്കൊണ്ടിരിക്കാം. അങ്ങനെ നോക്കുമ്പോൾ അടിച്ചേൽപ്പിക്കപ്പെട്ട ഒരു മതമല്ല ക്രൈസ്തവ മതം. ജനസാമാന്യർ മാത്രമല്ല അധികാരികളായ അന്നത്തെ പല ഭരണകർത്താക്കൾപോലും ക്രിസ്തു ദർശനം സ്വകീയമാക്കിയതായി കാണാം

സഹവർത്തിത്വത്തിന്റെയും കൊടുക്കൽ വാങ്ങലുകളുടെയും ഉദാഹരണങ്ങൾ നിരവധി ഉണ്ട്. എത്രയെത്ര മനോഹരമായ ആചാരങ്ങളാണ് സുറിയാനി ക്രിസ്ത്യാനികൾ ഹൈന്ദവരിൽ നിന്ന് ഉൾക്കൊണ്ടിട്ടുള്ളത്. 'മാതാപിതാ ഗുരു ദൈവം'പോലെ ഉള്ള പഠിപ്പിക്കലുകൾ ഒരു ഉദാഹരണമല്ലേ!

തങ്ങളെക്കാൾ മുതിർന്നവർക്ക് മുന്നിൽ അവർ ആവശ്യപ്പെടാതെ ഇരിക്കുവാൻപോലും തയ്യാറാവാത്ത ഒരു മുൻതലമുറ ക്രൈസ്തവർക്കിടയിലും ഉണ്ടായിരുന്നു. പുരോഹിത ശ്രേഷ്ഠർ മാതൃകാപരമായ സ്വജീവിതത്തിലൂടെ സമസ്ത സമൂഹത്തിന്റെയും ബഹുമാനാദികൾക്ക് പാത്രീഭൂതരായിരുന്നു.

സാമൂഹ്യ സദസ്സുകളിൽ പ്രായത്തിൽ മുതിർന്നവർക്കും പക്വതയുള്ള പ്രമാണിമാർക്കും മറ്റും ആലോചനയോഗങ്ങളിൽ പങ്കെടുക്കുന്ന രീതിയും ഇളം തലമുറ അനുവർത്തിച്ചുപോന്ന ബഹുമാനത്തിന്റെ അടയാളങ്ങളായിരുന്നു.

വിവാഹ സമയത്തു വരൻ വധുവിനെ താലി അണിയിക്കുന്ന സമ്പ്രദായം ''ഭാരതീയ ക്രൈസ്തവ സമൂഹ"ത്തിന്റെ മാത്രം പ്രത്യേകതയായി കരുതപ്പെടുന്നു. മംഗല്യ സൂത്രം അഥവ താലിമിന്നിൽ കുരിശു രൂപം ക്രൈസ്തവർ പ്രത്യേകം നിഷ്ക്കർഷിക്കാറുമുണ്ട്.

മാർഗ്ഗംകളിക്കും മറ്റും മദ്ധ്യത്തിൽ കത്തിച്ചു വെയ്ക്കുന്ന നിലവിളക്ക് പ്രതീകാത്മകമായി ക്രിസ്തുവിനെ സൂചിപ്പിക്കുന്നുവെന്ന ഭാഷ്യവും ഉണ്ട്.

വിവാഹ സമയത്തു ഹൈന്ദവർ പുടവ കൊടുക്കുമ്പോൾ സുറിയാനി ക്രിസ്ത്യാനികൾ മന്ത്രകോടി ധരിക്കുന്നു. ഹിന്ദുക്കൾക്കിടയിൽ വരൻ വധുവിന് പുടവ കൊടുക്കുന്നുവെങ്കിൽ ക്രൈസ്തവരിൽ കാർമ്മികനായി ക്രിസ്തുവിന്റെ പ്രതിപുരുഷനായ, പുരോഹിതൻ വധുവിനെ മന്ത്രകോടി അണിയിക്കുന്നു.

ഭാരതീയ ആചാരങ്ങളിൽനിന്ന് കടംകൊണ്ട് ക്രൈസ്തവവൽക്കരിക്കപ്പെട്ട എത്രയെത്ര സമാനതകൾ നമുക്ക് കണ്ടെടുക്കാനാവും. സസൂക്ഷ്മം പരിശോധിച്ചാൽ നമ്മുടെ നോയ്മ്പാചാരണവും ഹിന്ദുക്കൾ നടത്തുന്ന പല വ്രതാനുഷ്ഠാനങ്ങളും അന്തഃസത്തയിൽ സമാനതകൾ ഉള്ളതായി തോന്നാം.

ആചാര അനുഷ്ഠാനങ്ങൾ പലതും കാലഹരണപ്പെട്ടുപോകുമ്പോൾ ക്രാന്ത ദർശികളായ മുൻതലമുറക്കാർ ഒരുക്കിത്തന്ന കരുതലിന്റെ അടിത്തറകൾ പലപ്പോഴും ഇളകിപ്പോകുന്നതായി തോന്നുന്നു.

ദേശാനുസരണവും കാലാനുസരണവുമായി ചിട്ടപ്പെടുത്തിയതൊക്കെ പഴഞ്ചൻ എന്നെഴുതി തള്ളുന്ന പ്രവണത ശുഭോതർക്കമല്ലെന്ന് സൂചിപ്പിച്ചുവെന്ന് മാത്രം.

# ലക്ഷ്യം സൂക്ഷിക്കുക

സി.ഐ. ചാക്കോ, വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

ഹാസ്യം തുളുമ്പുന്ന ഒരു കഥ വായിച്ചതോർക്കുന്നു. രക്തദാഹിയായ ഒരു വേട്ടപ്പട്ടി തടിച്ചുകൊഴുത്ത ഒരു കലമാനിനെ ഓടിച്ചു പിന്തുടരുകയാണ്. അപ്പോൾ അതുവഴി ഒരു കുറുക്കൻ ഓടിപ്പോകുന്നതു കണ്ടു. വേട്ടപ്പട്ടിയുടെ ലക്ഷ്യം പിന്നെ കുറുക്കനായി, കൗശലക്കാരനായ കുറുക്കൻ വളഞ്ഞ വഴിയിൽക്കൂടി ഓട്ടമായി. വേട്ടപ്പട്ടി മുന്നേറുമ്പോൾ, വെണ്മയായ രോമക്കുപ്പായമണിഞ്ഞ ഒരു മുയൽ കുത്തിച്ചാടി പാഞ്ഞുപോകുന്നതു കണ്ടു. വേട്ടപ്പട്ടി മുയലിന്റെ പിന്നാലെ പാഞ്ഞു. അപ്പോൾ അതാ ഒരു മൂഷികൻ പരിഭ്രാന്തനായി ഓടുന്നു. വേട്ടപ്പട്ടി അതിനെ പിന്തുടരുകയായി. മൂഷികൻ പാഞ്ഞു ചെന്ന് അതിന്റെ മാളത്തിൽ കയറി. വേട്ടപ്പട്ടി മാളത്തിനു മുന്നിൽ മുരണ്ട് കുത്തിയിരിപ്പ് തുടങ്ങി. ഓർക്കുക, കലമാനെ പിന്തുടർന്ന് വേട്ടപ്പട്ടി അവസാനം എലി മാളത്തിനു മുമ്പിൽ കുത്തിയിരിപ്പു നടത്തേണ്ടി വന്നു, ലക്ഷ്യം തെറ്റി ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് തിരിയുന്നതിന്റെ ഭവിഷ്യത്താണ് ഈ കഥ നമ്മെ ഓർമ്മപ്പെടുത്തുന്നത്. കലമാനെ ഇരയാക്കാൻ വേട്ടപ്പട്ടിക്ക് ഒരു പ്രയാസവുമില്ലാത്തതാണ്, പക്ഷേ ലക്ഷ്യം മാറിപ്പോയപ്പോൾ ഒന്നും ലഭിക്കാത്തവനായി ക്ഷീണിച്ച് പരവശനായി കഴിയേണ്ടി വന്നു. ഈ കഥ വായിക്കുമ്പോൾ ആ രക്തദാഹിയായ വേട്ടപ്പട്ടിയെപ്പറ്റി നമുക്ക് പുച്ഛവും പരിഹാസവും തോന്നാം. എന്നാൽ ബുദ്ധിജീവികളും വിവേകമതികളുമായ മനുഷ്യർ ലക്ഷ്യം തെറ്റി പരാജയമടയുന്ന കഥ നമുക്ക് ചുറ്റും സംഭവിക്കുന്നതാണ്. നമ്മുടെ ഒരു ഒളിമ്പ്യൻ ഓട്ടക്കാരിക്ക് സമ്മാനം ഏതാണ്ട് സുനിശ്ചിതമായിരുന്നെങ്കിലും ട്രാക്കു മാറി അൽപം ഓടിയതുകൊണ്ട് പരാജയപ്പെടുകയായിരുന്നു.

പല യുവപ്രതിഭകളും പരാജിതരും ജീവിതത്തിൽ ഒന്നും പ്രാപിക്കാത്തവരുമായി തീരുന്നതിന്റെ കാരണമിതാണ്. നല്ല തുടക്കമെങ്കിലും ലക്ഷ്യം വിട്ട് മറ്റു പലതിലേക്കും ശ്രദ്ധ തിരിയുന്നതുകൊണ്ട് അന്ത്യംവരെ പരാജയത്തിൽ കലാശിക്കുന്നു.



ഒരു നാട്ടിൻപുറത്തുകാരന്റെ കഥ ഇങ്ങനെ: തൊഴുത്തിൽ കെട്ടിയിരുന്ന പശു വിശപ്പ് സഹിക്ക വയ്യാതെ ശബ്ദമുണ്ടാക്കി. വീട്ടുകാരൻ പശുവിന് പുല്ലു പറിക്കാൻ പറമ്പിലേക്കിറങ്ങി. പുല്ലു പറിച്ചു കൊണ്ടിരുന്നപ്പോൾ, മരത്തിൽ കുരുമുളക് പഴുത്തു കിടക്കുന്നതു കണ്ടു. അതു പറിക്കാനായി പിന്നീടുള്ള ശ്രമം. പുല്ലു പറിക്കാൻ വിട്ടിട്ട് മുളകു പറിക്കലിനൊരുക്കമായി പക്ഷേ മരത്തിൽ കയറി മുളകു പറിക്കാൻ ഏണി വേണം. പിന്നീട് അതിനുവേണ്ടിയുള്ള പുറപ്പാടായി. അപ്പോൾ മനസ്സിലായി അതു വീട്ടിൽ കൊണ്ടുപോയി എന്ന്. അത് എടുക്കാൻ അവിടെ എത്തി. അവിടുത്തെ ഗൃഹനാഥൻ ഒരു നല്ല സംഭാഷണ പ്രിയനായിരുന്നു. കുശലപ്രശ്നങ്ങളും നാട്ടുവർത്തമാനവുമായി ചില മണിക്കൂറുകൾ തന്നെ കടന്നുപോയി. പിന്നീട് വിശപ്പു കയറിയപ്പോൾ കഥാപുരുഷൻ വീട്ടിലേക്ക് പുറപ്പെട്ടു. അവിടെ ചെന്നപ്പോഴാണ് വിശന്ന് അമറുന്ന പശുവിന്റെ കാര്യം ഓർക്കുന്നത്. ഇനിയും എന്തായാലും സ്വന്തം വിശപ്പടക്കി അല്പം വിശ്രമിക്കുക തന്നെ വേണം. ഒരു പക്ഷെ ഒരു വലിയ മറവിക്കാരനായി പ്രസ്തുത കഥാപുരുഷനെ നമുക്ക് വിലയിരുത്താമായിരിക്കും. എങ്കിലും ലക്ഷ്യത്തിൽ ശ്രദ്ധ വയ്ക്കാതെ മറ്റു പലതിലേക്കും വഴുതിപ്പോകുന്ന സ്വഭാവത്തിന്റെ മൂർത്തിഭാവമാണ്.

ഒരു വിദ്യാർത്ഥിയുടെ മുമ്പിലെ പ്രധാന ലക്ഷ്യം ഏർപ്പെട്ടിരിക്കുന്ന പഠനം വിജയകരമായി പൂർത്തീകരിക്കുന്നതാണ്. അതുകൊണ്ട് പാഠ്യേതര വിഷയങ്ങളിൽ പങ്കെടുക്കരുതെന്ന് അർത്ഥമില്ല. ഏതിനും മുൻഗണന കൊടുക്കണമെന്നുള്ളതാണ് പ്രധാനകാര്യം.

ജീവിതത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് പ്രവർത്തിക്കാൻ കഴിയാത്തവൻ വിജയം കൈവരിക്കുക പ്രയാസമാണ്.

പഠനം അവഗണിച്ച് രാഷ്ട്രീയത്തിൽ പോകുന്ന പലരും കുണ്ഠിതപ്പെടുന്നതായി കണ്ടിട്ടുണ്ട്. ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ അത് അവഗണിച്ച് സാമൂഹ്യസേവനവുമായി പോകുമ്പോൾ ബിസിനസ് പരാജയപ്പെടുമെന്നതിന് സംശയമില്ല.

എന്തായിരിക്കണം എന്റെ ജീവിത ലക്ഷ്യമെന്ന് ഓരോരുവാക്കിലും സ്വയം കണ്ടെത്തേണ്ടതാണ്. ദൈവമഹത്വവും നന്മ വരുത്തുന്നതുമായ ഒരു ജീവിതം ലക്ഷ്യമാക്കുന്ന വ്യക്തി അതനുസരിച്ച് തന്റെ ജീവിതം ക്രമീകരിക്കാതിരിക്കില്ല. ക്രിസ്തു ശിഷ്യനായ പൗലോസ്ശ്ലീഹ വ്യക്തമാക്കി. തനിക്ക് വ്യക്തമായ ഒരു ലക്ഷ്യമുണ്ട്. "ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും" എന്ന് പ്രസ്ഥാവിച്ചു. അദ്ദേഹം വീണ്ടും പറയുന്നു പിന്നിലുള്ളതു മറന്നും മുന്നിലുള്ള ലക്ഷ്യത്തിലേക്ക് സ്ഥിരതയോടെ ഓടുക. നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാക്കാൻ വ്യക്തമായ ലക്ഷ്യബോധവും സ്ഥിരോത്സാഹവും അനിവാര്യമാണ്.

"നാളത്തേക്ക് വച്ചതു ഇന്നു ചെയ്യുക. ഇന്നത്തേക്കു വച്ചത് ഈ നിമിഷവും" എന്നാണ് ഭക്ത കവി കബീറിന്റെ സന്ദേശം.

# "പറയാതെ വയ്യ"

റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

അതിപുരാതനവും മഹത്തായ പാരമ്പര്യവുമുള്ള, ക്നാനായ സമുദായം വിട്ടുപോയവരും, അന്യമതസ്ഥരേയും, വ്യത്യസ്ഥ സഭയിലുള്ളവരേയും വിവാഹം കഴിച്ച് സഭയുടെ കാതോലിക ചട്ടക്കൂട്ടുകളെ ഭേദിച്ച് പുറത്തുപോയവരും, ചില പ്പോഴെങ്കിലും, ഈ സമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ പിൻ പറ്റാൻ ശ്രമിക്കുന്നത് ലജ്ജാകരമല്ലെ? ക്നാനായ സമുദായത്തിലെ വിവാഹത്തിലെ ആചാരാനുഷ്ഠാനങ്ങളായ ചന്തംചാർത്ത്, മൈലാഞ്ചി, നടവിളി തുടങ്ങി നമുക്കു മാത്രം സ്വന്തം എന്നവകാശപ്പെടാവുന്ന ആചാരാനുഷ്ഠാനങ്ങൾ സഭ വിട്ടു പോയവർ പലപ്പോഴും, ഒളിഞ്ഞും, തെളിഞ്ഞും ആഘോഷങ്ങൾക്കു മോടി കൂട്ടാൻ ഉൾപ്പെടുത്തുന്നത് പ്രതിഷേധാർഹംതന്നെ. അടുത്തിടയിൽ ഒരു ബന്ധുവിന്റെ വിവാഹച്ചടങ്ങിൽ പങ്കെടുത്തു മടങ്ങിയ സുഹൃത്ത് പങ്കുവച്ച ചില ദുരനുഭവങ്ങൾ നമ്മുടെ ചിന്തയിലൂടെയും ഒന്നു കടന്നു പോകേണ്ടതുണ്ട്. വിവാഹത്തലേന്ന് വരന്റെ ഭവനത്തിൽ ചന്തം ചാർത്ത് നടക്കുന്നു, അടുത്ത ബന്ധുക്കളിൽ പലരും, പെന്തിക്കോസ് വിശ്വാസത്തിലും, വ്യത്യസ്ഥ സഭാവിശ്വാസങ്ങളിലും നിലകൊള്ളുന്നു. ഏതാനും വർഷങ്ങൾ മുമ്പുവരെ ക്നാനായ സഭാവിശ്വാസത്തിലും, പാരമ്പര്യത്തിലും ഉറച്ചു നിന്നവരും, ഊറ്റം കൊണ്ടിരുന്നവരും പിന്നീട് ഈ സഭയിലെ വിശ്വാസം വേദവിപരീതവും, ആചാരങ്ങൾ എവിടെ നിന്നോ കടം കൊണ്ടതാണെന്നും ഉള്ള വാദം നിരത്തി സഭ വിട്ടു പോയവരും, അന്യമതസ്ഥരെ വിവാഹം കഴിച്ച് മുടക്കപ്പെട്ടവരും, ക്നാനായ സമുദായത്തിന്റെ, വിശ്വാസത്തിനും, ആചാരാനുഷ്ഠാനങ്ങൾക്കും, വേദപുസ്തക അടിസ്ഥാനം ഇല്ലെന്നും, വാദിച്ച് സഭ വിട്ടുപോയവരുമുണ്ടായിരുന്നു. എന്നാൽ ചെറുക്കനു നുള്ളിക്കൊടുക്കുവാനും, പിടിച്ചിരുത്തുവാനും, അവർ അവകാശത്തിനായി ബഹളം കൂട്ടുന്ന കാഴ്ച അവിടെ കാണാൻ ഇടയായി എന്ന് അദ്ദേഹം പറയുകയുണ്ടായി. ക്നാനായ സമുദായത്തിന്റെ പാരമ്പര്യങ്ങളിലും, ആചാരാനുഷ്ഠാനങ്ങളിലും മായം ചേർക്കാൻ ഇന്നും താല്പര്യപ്പെടാത്ത കാരണവന്മാർ ഇടപെട്ടതോടെ ചടങ്ങുകൾ കലഹത്തിൽ കലാശിച്ചു എന്നതായിരുന്നു സ്ഥിതി. സഭ വിട്ടു പോയവരും, അന്യമതസ്ഥരെ ജീവിത പങ്കാളികളാക്കിയവരും, എന്തിന് ഇത്തരം ആചാരങ്ങളിൽ ഭാഗഭാക്കാകാൻ ശ്രമിക്കുന്നു, ഈ സമൂഹത്തിന്റെ ആചാരങ്ങളും, വിശ്വാസങ്ങളും തെറ്റാണെന്നു തിരിച്ചറിഞ്ഞവർ എന്തിന് അതിനെ വീണ്ടും തോളിലേറ്റുന്നു. പെന്തിക്കോസ് വിശ്വാസത്തിലേക്കു കടന്നു പോയ ക്നാനായക്കാരും, ഇതര സഭകളിൽനിന്ന് പെന്തിക്കോസിൽ എത്തിപ്പെട്ടവരും, എല്ലാം കർത്തൃമേശയിൽ ഒന്നിച്ചു പങ്കാളികളാകുന്നു. എന്നാൽ, ക്നാനായക്കാർ മക്കളെ ക്നാനായക്കാരെക്കൊണ്ടുതന്നെ വിവാഹം കഴിപ്പിക്കാൻ പങ്കാളികളെ ക്നാനായക്കാരിൽ തിരിയുന്നത് എന്ത് വിരോധാഭാസമാണ്. ഒരിക്കൽ ഒരു ക്നാനായ പെന്തിക്കോസ് സഹോദരനോട് ഈ വിഷയം സംസാരിക്കവെ, പെന്തിക്കോസ് വിശ്വാസിയായ ആ സഹോദരൻ പറയുകണ്ടായി, അവരുടെ (ക്നാനായതര പെന്തിക്കോസ്) ഭക്ഷണ രീതിയും, രുചിയും മറ്റു നമ്മുടേതിൽ നിന്നും വ്യത്യസ്ഥമാണ്. അതുകൊണ്ട് ക്നാനായ പങ്കാളിയെ തേടുന്നു എന്നായിരുന്നു മറുപടി. വിവാഹ ശുശ്രൂഷകളിലും, മരണാനന്തര ശുശ്രൂഷകളിലും, ഏവൻഗേലിയോൻ വായനാ വേളയിൽ, ഇവർകാട്ടുന്ന അനാദരവ് ശ്രദ്ധേയമാണ്. ഇരുന്നുകൊണ്ടും അലക്ഷ്യമായി നിന്നുകൊണ്ടും നമ്മുടെ ശുശ്രൂഷകളെ പുകഴ്ത്തി രസിക്കുന്ന ഇവർക്ക് എന്താണ് മറുപടികൊടുക്കേണ്ടത് എന്ന് ചിലപ്പോൾ ചിന്തിക്കാറുണ്ട്. ക്നാനായ സഭാവിശ്വാസികളുടെ വിശ്വാസത്തോടും, ആചാരത്തോടും പൊരുത്തപ്പെടുവാനാകാതെ സഭയിൽനിന്നു പുറത്തുപോയവർ, നമ്മുടെ ആചാരങ്ങൾക്കും, അനുഷ്ഠാനങ്ങൾക്കും മുന്നിൽ പുറം തിരിഞ്ഞുനിന്ന്, ഛർദ്ദിച്ചതു വീണ്ടും ഭക്ഷിക്കുന്ന പ്രവണതയിൽനിന്നും മാറി നിൽക്കേണ്ടതല്ലെ? അതല്ലെ മാന്യത? ശ്രേഷ്ഠവും, പരിപാവനവുമായ നമ്മുടെ ആചാരാനുഷ്ഠാനങ്ങൾ നമുക്ക് എന്നും വിലപ്പെട്ടതു തന്നെ, അതിനെ തുഛീകരിച്ചും, ചെറുതായും കാണരുതെ എന്ന എളിയ അഭ്യർത്ഥനയോടെ, ക്നാനായ തനിമ എന്നും നില നിന്നു കാണാൻ ആഗ്രഹിക്കുന്ന ഒരു ക്നാനായക്കാരന്റെ ആശങ്കകളെ ഇവിടെ ഞാൻ പങ്കു വയ്ക്കുന്നു.

## ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ "ശാന്തരാത്രി" ക്രിസ്മസ് ആഘോഷം

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ "ശാന്തരാത്രി" ക്രിസ്മസ് ആഘോഷം ചിങ്ങവനം ശാലേം പള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഫാ.ജേക്കബ് കല്ലുകുളത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖ്യാതിഥി ആയിരുന്നു. ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ ക്രിസ്മസ് സന്ദേശം നൽകി. റോയ് പുത്തൻപുരയ്ക്കൽ, അനീഷ് റ്റി. സി. തകിടിയിൽ, ടിനോ കെ. തോമസ്, സിബി തോപ്പിൽ എന്നിവർ പ്രസംഗിച്ചു. ഓൺലൈനായി നടന്ന കരോൾ ഗാന മത്സരത്തിൽ ഷാർജ സെന്റ് മേരീസ് പള്ളി, സെന്റ് ജോർജ്ജ് പള്ളി, ബാംഗ്ളൂർ സെന്റ് മേരീസ് പള്ളി മാമംഗലം സെന്റ് മേരീസ് ചർച്ച് പെർത്ത് (ഓസ്ട്രേലിയ), സെന്റ് ജോൺസ് ദയറാചർച്ച്, സെന്റ് ജോൺസ് പുത്തൻ പള്ളി, സെന്റ് മേരീസ് ബേദലഹേം ചർച്ച് വെളിയനാട്, സെന്റ് മേരീസ് വലിയപള്ളി കോട്ടയം, സെന്റ് മേരിസ് ചർച്ച് പാവുക്കര, സെന്റ് പീറ്റേഴ്സ് ചർച്ച് കുവൈറ്റ് എന്നീ ടീമുകൾ പങ്കെടുത്തു. ഷാർജ്ജ സെന്റ് മേരീസ് ചർച്ചും, സെന്റ് ജോർജ്ജ് ചർച്ച് ബാഗ്ളൂരും, സെന്റ് മേരീസ് ചർച്ച് മാമംഗലവും മത്സരത്തിൽ വിജയികളായി.

# വിവാഹിതരായി



റാന്നി ഐത്തല വാണിയടത്ത് ജേക്കബ് മാത്യു (സാമോൻ) വിന്റെയും ആനി ജേക്കബ് (മോനിക്കുട്ടി) –ന്റെയും മകൻ **ജോസഫ് ജേക്കബ്** –ഉം ഐത്തല ഓതറ പുതുവേലിൽ കേണൽ എബ്രഹാം ഉണ്ണിട്ടന്റെയും ഡാലിയ എബ്രഹാമിന്റെയും മകൾ **ഡയാന എബ്രഹാമും** തമ്മിലുള്ള വിവാഹം **അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ** പ്രധാന കാർമ്മികത്വത്തിൽ ഐത്തല സെന്റ് കുറിയാക്കോസ് ക്നാനായ പള്ളിയിൽ 02/12/2021 –ൽ നടത്തപ്പെട്ടു.

Advt -0

## 40th WEDDING ANNIVERSARY

on 24th January 2022



**LUKOSE .K.J**

**&**

**KUNJUMOL LUKOSE**

**KOKKARAVALEL (H)**
**RAMAMANGALAM**

*With best compliments from.....*

Jinil Lukose, Siji Jinil, Amelia Susan Jinil & Andrea Elsa Jinil
Sinil Lukose, Alisha Sinil & Habel Luke Sinil
Shinil Lukose, Jeethu Shinil, Hanoch Luke Shinil & Harron Jake Shinil

Advt - O

# ക്നാനായ കൺവൻഷൻ ഫണ്ട് കളക്ഷൻ



ക്നാനായ കൺവൻഷൻ ഫണ്ട് കളക്ഷൻ ഉദ്ഘാടനം സമുദായ മെത്രാപ്പോലിത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവഹിക്കുന്നു. കൺവൻഷൻ ഫിനാൻസ് കൺവീനർ ടി. സി. ജേക്കബ് തോപ്പിൽ, സുവിശേഷ സമാജം ജനറൽ സെക്രട്ടറി ജിജി എബ്രഹാം കറുകേലിൽ, സുവിശേഷ സമാജം വൈസ് പ്രസിഡണ്ട് ഫാ. ബെന്നി എബ്രഹാം മാമ്മലശ്ശേരിൽ, കൺവൻഷൻ ജനറൽ കൺവീനർ മാത്യു എബ്രഹാം അമ്പലപ്പാട്ട്, സുവിശേഷ സമാജം ജോയിന്റ് സെക്രട്ടറി തങ്കച്ചൻ മാമ്പുഴക്കരി, സുവിശേഷ സമാജം ട്രസ്റ്റി സജി മുണ്ടക്കൽ, സജി ചെട്ടിയാറ എന്നിവർ സമീപം



ക്നാനായ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ സമുദായം വക എഡേസാ തോട്ടത്തിൽ റീപ്ലാന്റ് ചെയ്യുന്നതിനും മറ്റു ലാഭകരമായ കൃഷി സാദ്ധ്യതകളെക്കുറിച്ചു മനസ്സിലാക്കുന്നതും സംബന്ധിച്ചുള്ള നടപടികൾക്ക് വേണ്ടി തോട്ടം സന്ദർശിക്കുന്നു

## ക്നാനായ ദീപം ക്ലീമിസ് പ്രസ്സ് ക്രിസ്തുമസ് 2021



## ശാന്തരാത്രി



ക്നാനായ കോൺഗ്രസിന്റ ക്രിസ്തുമസ് പ്രോഗ്രാം 'ശാന്തരാത്രി' സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., ഫാ. ജേക്കബ് കല്ലുകുളം, ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, റോയ് പുത്തൻപുരക്കൽ, അനീഷ് തകിടിയിൽ, ടിനോ കെ. തോമസ്, സിബി തോപ്പിൽ, ബാബു മടക്കുംമൂട്ടിൽ, റെജി മൂലംകുളം എന്നിവർ സമീപം




# സെന്റ് കുറിയാക്കോസ് ക്നാനായ പള്ളി, ഐത്തല – റാന്നി

## ഇടവക ഭരണസമിതി അംഗങ്ങൾ



റവ. ഫാ. ജെയിൻ തോമസ്,
കുളത്തിങ്കൽ (വികാരി)



റവ. ഫാ. മാത്യു കവിരായിൽ
(സഹ വികാരി)



മോഹൻ തോമസ്, മറ്റത്തെക്കാൽ
(ഇടവക ട്രസ്റ്റി)



വി.സി. സഖറിയ, ചെറുവട്ടയ്ക്കാട്ട്
(ഇടവക സെക്രട്ടറി)

## മാനേജിംഗ് കമ്മറ്റി അംഗങ്ങൾ



ജേക്കബ് ലൂക്കോസ്,
കോയിപ്പുറത്ത്



മോനായി പുന്നൂസ്,
ചെരിക്കലേത്ത്



സ്മിജു ജേക്കബ്,
മറ്റക്കാട്ട്



ഒ. റ്റി. ജേക്കബ്,
ഓതറ



റെജി ജേക്കബ്,
പഴൂർ



ക്രിസ്റ്റി ജേക്കബ്,
മറ്റക്കാട്ട്



ജേക്കബ് തോമസ്,
ചെറുവട്ടയ്ക്കാട്ട്



എം. കെ. മാത്യു,
മുലേത്തറ



കെ. പി. കുര്യൻ,
കൂടത്തിൽ



മനീഷ് എബ്രഹാം,
പാലത്തിങ്കൽ



രാജൻ കെ. തോമസ്,
കൂടത്തിൽ



സണ്ണി പാലത്തിങ്കൽ

Advt -O



## 35th wedding Anniversary January 4th 2022

**Mr. P. K. Raju & Susamma Raju**
Palamoottil,
Thengeli.

*Thank you Lord for your countless blessings..*

With best compliments from:
Aby, Asha, Joanna
Akhil, Emy, Jake

Advt -S

## വിവാഹിതരായി



Advt -R

കുറിച്ചി മാർ ഇഗ്നാത്യോസ് ക്നാനായ പള്ളി ഇടവകയിൽ കാരിക്കോട്ട് അനിയൻ കെ.കെ. യുടെയും സുജ അനിയന്റെയും മകൻ **കുര്യൻ ഏബ്രഹാം**– ഉം റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ ഇളംപുരയിടത്തിൽ സണ്ണിക്കുട്ടി വി.സി. യുടെയും ഷേർളി സണ്ണി യുടേയും മകൾ **എബ്സിൻ സണ്ണി**– യും തമ്മിലുള്ള വിവാഹം 13/12/2021 – ൽ **റവ. ഫാ. രാജൻ കുളമടയുടെ കാർമ്മികത്വത്തിൽ** റാന്നി സെന്റ് തോമസ് വലിയ പള്ളിയിൽ നടത്തപ്പെട്ടു.

# ജീവിതം തന്നെയാണ് ദൈവരാജ്യം!



സുനിൽ ഡി. കുരുവിള

"Being a Christian is more than just an instantaneous conversion - it is a daily process whereby you grow to be more and more like Christ." Billy Graham.

വളരെ നിരാശയോടെയാണ് ശാലിനി സംസാരിച്ചത്, "പഠിത്തം ജോലി എല്ലാം വലിയ മികവോടെ നേടിയെടുക്കുമ്പോൾ ഞാൻ വലിയ സന്തോഷത്തിലായിരുന്നു.. വലിയ ആത്മാഭിമാനമായിരുന്നു. പക്ഷെ ഏതാനും മാസംകൊണ്ട് എല്ലാം തകർന്നടിഞ്ഞു."

"എന്താണ് പെട്ടെന്ന് സംഭവിച്ചത്?" ഞാൻ തിരക്കി. ഒരു impulsive ആയ വിവാഹ തീരുമാനം. എല്ലാം തകർത്തു കളഞ്ഞു." എല്ലാം കൈവിട്ടുപോയി, സർ".

"എന്റെ Friend ന്റെ Friend... അങ്ങനെയാണ് joe യെ പരിചയപ്പെടുന്നത്. ഞാൻ വീട്ടിൽ എന്റെ ഇഷ്ടം പറഞ്ഞു. എന്റെ സന്തോഷം മാത്രമേ അവർ നോക്കിയുള്ളൂ."

"ഇപ്പോൾ വിവാഹം കഴിഞ്ഞിട്ട് നാലുമാസം.. ഞങ്ങൾക്ക് ഒട്ടും പൊരുത്തപ്പെടാൻ കഴിയുന്നില്ല. Joe ഞാൻ വിചാരിച്ച ആളെ അല്ല! ഞാൻ ശരിക്കും ചതിക്കപ്പെടുകയായിരുന്നു."

"കേരളത്തിലെ കുടുംബ കോടതിയിൽ കാലുകുത്താൻ സ്ഥലമില്ല.. വിവാഹത്തെക്കാൾ കൂടുതൽ വിവാഹമോചനമാണോ ഇവിടെ നടക്കുന്നത്?" സാമൂഹിക പ്രവർത്തകയായ എന്റെ ഒരു സുഹൃത്ത് വളരെ ദുഃഖത്തോടെ ചോദിക്കുന്നു.

സമൂഹത്തിന്റെയും സഭയുടെയും ഒക്കെ അടിസ്ഥാനം കുടുംബമാണ്. കുടുംബമില്ലാതെ എന്ത് ഭാവിയാണ് നമുക്കുള്ളത്? തല്ലിപ്പിരിയുന്ന, ചതിക്കപ്പെടുന്ന, ആക്രമിക്കപ്പെടുന്ന, വീണുപോകുന്ന, തളർന്നുപോകുന്ന ഒരു സമൂഹമല്ലല്ലോ നമ്മൾ കാണാനാഗ്രഹിക്കുന്നത്. ഇതിനിടയിൽ ചതഞ്ഞരയേണ്ടിവരുന്ന കുരുന്നുകളെ നമ്മൾ ഓർക്കേണ്ടതുണ്ട്?

ജോലിയെക്കാളും പണത്തെക്കാളും ജീവിതത്തെ സ്നേഹിക്കാൻ കഴിയില്ലെങ്കിൽ, പരസ്പരം ബഹുമാനിക്കാൻ കഴിയില്ലെങ്കിൽ വിവാഹം എങ്ങനെ ഒരു ദൈവീക പദ്ധതിയാകും? ക്ഷമ കരുത്തുള്ളവന്റെ മാത്രം ആയുധമാണ്! ഉയർന്ന മനുഷ്യർക്കെ മാറി കൊടുക്കാനും വിട്ടു കൊടുക്കാനും ഒക്കെ കഴിഞ്ഞു എന്ന് വരുകയുള്ളു! സ്നേഹം ജ്ഞാനം പക്വത ഒന്നും 'മാളിൽ' വാങ്ങാൻ കിട്ടില്ലല്ലോ!

ദൈവീകമായ ഒരു മാനവശേഷി വികസന സംസ്കാരത്തിലേക്ക് നമ്മൾ അതിവേഗം പുനഃക്രമീകരിക്കേണ്ടതുണ്ട്. മുൻഗണനകൾ പലതും മാറേണ്ടതുണ്ട്. 'നല്ല മനുഷ്യൻ' എന്ന ഉന്നതമായ ലക്ഷ്യത്തിലേക്കു നമ്മുടെ പ്രവർത്തനം ഉയരേണ്ടതുണ്ട്...'ജീവിതം' എന്ന വിശാലമായ കാഴ്ചപ്പാടോടുകൂടി അതിനു ബലം നൽകുന്ന എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കേണ്ടതുണ്ട്.

കണക്കും ഫിസിക്സും എഞ്ചിനീയറിംഗും ഒക്കെ പഠിച്ച നമ്മൾക്ക് ഇന്ന് ഏറ്റവും പ്രയാസം ഒന്ന് സ്നേഹത്തോടെ ജീവിക്കാനാണ്. പരീക്ഷയിൽ ഒക്കെ വലിയ നേട്ടം കൈവരിക്കുമ്പോഴും ജീവിതത്തിൽ വീണുപോകുന്നു. ഇവിടെയാണ് നമ്മൾ 'സൺഡേസ്കൂൾ' സിലബസ് ഒക്കെ പുനർക്രമീകരിക്കേണ്ടത്.

വാക്യങ്ങൾ കാണാതെ പഠിപ്പിക്കാനാണോ വാക്യങ്ങളിൽ ജീവിക്കാനാണോ നമ്മൾ കുട്ടികളെ പഠിപ്പിക്കേണ്ടത്? മത്സരിക്കാനും കപ്പുവാങ്ങിക്കാനുമാണോ അതോ സ്നേഹിക്കാനും കരുതാനുമാണോ നമ്മൾ കുട്ടികളെ പള്ളിയിൽ (എങ്കിലും) പരിശീലിപ്പിക്കേണ്ടത്?

എന്താണ് ദൈവീകമായ മാനവശേഷി വികസനം?

ജീവിക്കാൻ അതും സമൃദ്ധിയായി ജീവിക്കാൻ വിശ്വാസികളെ പ്രാപ്തമാക്കുന്ന പ്രവർത്തനമാണത്. കൗൺസിലിംഗ്, മാർഗ്ഗനിർദ്ദേശ-ബോധവത്ക്കരണ പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ എന്നിവ ശക്തമാക്കണം. ആത്മീയ നേതാക്കൾ മുതൽ കുഞ്ഞുങ്ങൾ വരെയുള്ള എല്ലാ വിഭാഗക്കാരെയും അതിൽ ഭാഗമാക്കണം.

പുരോഹിതന്മാരുടെ പരിശീലനത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാകണം. ഓരോ ഇടവകയും ഒരു മാനവശേഷി-സാംസ്കാരിക പ്രവർത്തന കേന്ദ്രമാകണം. അപ്പോൾ മാത്രമാണ് 'മനുഷ്യനെ' പിടിക്കുക എന്ന വലിയ ലക്ഷ്യത്തിലേക്ക് നമുക്ക് നീങ്ങാൻ സാധിക്കുകയുള്ളൂ. ചന്തയുടെ ശക്തികൾ നമ്മുടെ 'ചിന്താ' ശക്തിയെവരെ ആക്രമിച്ചു കീഴ്പ്പെടുത്തുമ്പോൾ തുരുമ്പിച്ച ആചാരങ്ങളും ചട്ടപ്പടി പരിപാടികളും നമ്മളെ മോചിപ്പിക്കുമോ? ചിന്തിക്കാം.

സൺഡേസ്കൂൾ അദ്ധ്യാപകർ, സഭാ ഭാരവാഹികൾ, യൂത്ത് ലീഡേഴ്സ്, രക്ഷകർത്താക്കൾ, senior citizens, സ്ത്രീജനങ്ങൾ എല്ലാം ശക്തമായ പരിശീലന പ്രക്രിയയിലേക്ക് വരേണ്ടതുണ്ട്.

ഉന്നതമായ മാനവശേഷി വികസന പ്രവർത്തനം ഒരുവനെ കൂടുതൽ ജീവിത മൂല്യങ്ങളും കാഴ്ചപ്പാടുള്ളവനും ആക്കും. ദൈവത്തെ തിരിച്ചറിയാനും സഹോദരനെ തിരിച്ചറിയാനും പ്രാപ്തമാക്കും. നന്മ ചെയ്യാനും പ്രതിസന്ധികളെ ഫലപ്രദമായി നേരിടാനും, പ്രലോഭനങ്ങളെ അതിജീവിക്കാനും പ്രാപ്തനാക്കും.

ആധുനിക കാലത്ത് ആരാധന ഇന്നിന്റെ ആവശ്യങ്ങളിലേക്ക് രൂപാന്തരം പ്രാപിക്കുന്നില്ലെങ്കിൽ എന്തോ പന്തികേടുണ്ട് എന്ന് തിരിച്ചറിയാം. 'റിയൽ എസ്റ്റേറ്റും' 'മരാമത്ത്' പണിയും ഒക്കെ തല്ക്കാലം മാറി നിൽക്കട്ടെ!

വേണ്ടിവന്നാൽ സഭ ഭവനങ്ങളിലേക്കുപോലും യാത്ര ചെയ്യേണ്ടതായി വരും! 'കാണാതെപോയ ആടുകളെ' തേടി ഇറങ്ങേണ്ടതായുണ്ട്. കാരണം അവർക്കാണ് മാനസാന്തരത്തിന്റെ ആവശ്യം കൂടുതലുള്ളത്. എല്ലാവരും സ്ഥാനമാനങ്ങൾ ഒക്കെ ത്യജിക്കാനും മാറിക്കൊടുക്കാനും ഒക്കെ തയ്യാറാകണം. സ്ഥാനമാനങ്ങൾ അല്ല സേവനമാണ് ഇന്ന് കൂടുതൽ ആവശ്യം.. സ്വാധീനമാണ് കൂടുതൽ ആവശ്യം.. അതിനു കഴിയുന്നവർക്കുവേണ്ടി മാറി കൊടുക്കുന്നതുപോലും വലിയ ആരാധനയാണ്... ആത്മീയതയാണ്!

ഏതൊരു വ്യക്തിയുടെയും ജീവിത വിജയത്തെ സ്വാധീനിക്കുന്ന ചില ഘടകങ്ങളുണ്ട്. പാരന്റിങ്ങ്, ആരോഗ്യം, ഭവനത്തിലെ അന്തരീക്ഷം, സംസ്ക്കാരം, വിദ്യാഭ്യാസം, മൂല്യങ്ങൾ, ആത്മീയത, തീരുമാനശേഷി, വ്യക്തിത്വം, നേതൃഗുണം, നൈപുണ്യങ്ങൾ അങ്ങനെ പോകുന്നു. ഇവിടെയൊക്കെയാണ് നമ്മൾ ഇടപെടേണ്ടത്.

"God grant me the serenity to accept the things i can't change,the courage to change the things i can and the wisdom to make difference between them."

സ്നേഹവും കരുതലും ആർദ്രതയും ഉള്ള ഒരു സമൂഹമാണ് ദൈവരാജ്യം! എല്ലാം നേടിയാലും ആത്മാവ് നഷ്ടപ്പെട്ടാൽ എന്ത് പ്രയോജനം?

*(സുനിൽ ഡി കുരുവിള, പ്രമുഖ മാനവശേഷി വികസന പരിശീലകനും, കരിയർ കൗൺസിലറും, ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും ആണ്. ഫോൺ +919656144712, www.insightmission.org).*

# ക്നാനായ കോൺഗ്രസ് റാന്നി മേഖല



കൂനൂർ ഹെലികോപ്റ്റർ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട സേനാമേധാവി ജനറൽ ബിപിൻ റാവത്തിന്റെയും ധീരസൈനികരുടെയും വിയോഗത്തിൽ ക്നാനായ കോൺഗ്രസ് റാന്നി മേഖലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ആദരവ് അർപ്പിച്ചു. മേഖലാ പ്രസിഡന്റ് ഫാ. ബിനു മാത്യു പയ്യനാട്ട് അദ്ധ്യക്ഷത വഹിച്ചു. ഫാ. രാജൻ ഏബ്രഹാം കുളമടയിൽ, ഫാ. കുറിയാക്കോസ് എം. ഫിലിപ്പ് മേലേക്കുറ്റ്, ഫാ. കൊച്ചുമോൻ തോമസ് ഐയ്ക്കാട്ടു മാളിയേക്കൽ, ബിബിൻ കല്ലംപറമ്പിൽ, സെറിൻ പള്ളത്ര, ആലിച്ചൻ ആറൊന്നിൽ, കൊച്ചുമോൻ ഒറ്റതെയ്ക്കൽ, ജയ്മോൻ മേപ്രത്ത്, സജി ചെറിയമൂഴിയിൽ, ബാബു തുണ്ടിയിൽ, ഡിനോ ചാലുപറമ്പിൽ, സാബു കണ്ണൻകുഴയത്ത്, കുരുവിള വരാത്ര പൂഴിക്കുന്നേൽ, ഷീബി പുരയ്ക്കൽ, തമ്പി കുറ്റിയിൽ, ടോജോ ജേക്കബ് എന്നിവർ നേതൃത്വം നൽകി.

# 20-ാമത് ക്നാനായ കൺവെൻഷൻ 2022 മാർച്ച് രണ്ടു മുതൽ ആറു വരെ

ക്നാനായ സുവിശേഷ സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ക്നാനായ കൺവെൻഷൻ 20-ാമത് വർഷത്തിലേക്ക് പ്രവേശിക്കുന്നു. സുവിശേഷ സമാജത്തിന്റെയും ക്നാനായ കൺവൻഷന്റെയും നടത്തിപ്പിനും പ്രവർത്തനങ്ങൾക്കും താങ്ങും തണലുമായി നിന്ന സമുദായ സ്നേഹികളും വിശ്വാസികളുമായ ഏവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

20-ാമത് ക്നാനായ കൺവെൻഷൻ 2022 മാർച്ച് 2 ബുധൻ മുതൽ 6 ഞായർ വരെയുള്ള ദിവസങ്ങളിലായി കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി അങ്കണത്തിൽ കോവിഡ് പ്രോട്ടോകോൾ പ്രകാരം നടത്തുവാൻ ദൈവത്തിൽ ശരണപ്പെടുന്നു. രണ്ടാം തീയതി ബുധനാഴ്ച ക്നാനായ അതിഭദ്രാസനത്തിന്റെ അഭിവന്ദ്യരായ മെത്രാപ്പോലീത്തന്മാരുടെ സാന്നിധ്യത്തിൽ സമുദായ മെത്രാപ്പൊലീത്ത കുര്യാക്കോസ് മോർ സേവേറിയോസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നതാണ്. തുടർന്നുള്ള ദിവസങ്ങളിൽ ഫാ. ബോബി ജോസ് കാട്ടിക്കാട് കപ്പൂച്ചിൻ, ഫാ. ജിസൺ പോൾ വേങ്ങാശ്ശേരി, ഫാ. ജോജോ തളികസ്ഥാനം, റവ. മോത്തി വർക്കി, ഫാ. ഏലിയാസ് ഐപ്പ് എന്നിവർ വചനശുശ്രൂഷ നടത്തും. എല്ലാ ദിവസത്തെയും യോഗങ്ങൾ ലൈവ് ടെലികാസ്റ്റ് ചെയ്യുന്നതാണ്.

കൺവെൻഷന്റെ സുഗമമായ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. കൺവെൻഷൻ ആഫീസ് തിരുവല്ല പുഷ്പഗിരി റോഡിന് സമീപമുള്ള പുളിമൂട്ടിൽ ബിൽഡിംഗിൽ (ജോസ് പുളിമൂട്ടിൽ) പ്രവർത്തനം ആരംഭിച്ചു. എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം നാലു മുതൽ കൺവെൻഷൻ കമ്മറ്റികൾ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നു.

കൺവൻഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും വിജയത്തിനും അനുഗ്രഹത്തിനുമായി ഏവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹായവും സഹകരണവും സാന്നിധ്യവും ദൈവനാമത്തിൽ അഭ്യർത്ഥിക്കുന്നു.

**ജിജി എബ്രഹാം കറുകേലിൽ**
(ജനറൽ സെക്രട്ടറി)



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

ഫാ. ഡോ. ജയിംസ് തോടത്തിൽ
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

**കുട്ടികളുടെ മാതൃകയായ മാതാപിതാക്കൾ**

നല്ല മാതാപിതാക്കൾ മക്കൾക്കു നൽകുന്ന ഏറ്റവും നല്ല സമ്മാനം അവരുടെ മാതൃകാപരമായ ദാമ്പത്യജീവിതം ആണ്. ഉത്തമനായ ഭർത്താവും ഉത്തമയായ ഭാര്യയും ആകുന്ന മാതാപിതാക്കൾക്ക് കുട്ടികളുടെ മാതൃകകളാകുവാൻ സാധിക്കും. നല്ല ദമ്പതികളായി മക്കളുടെ മുൻപിൽ ജീവിക്കണം. മാതാപിതാക്കൾ അവരുടെ പങ്കാളിയുടെ നല്ല വശത്തെക്കുറിച്ച് മക്കളോട് ബഹുമാനത്തോടെ സംസാരിക്കുകയും അവയെ മാതൃകയാക്കാൻ പറയുകയും വേണം. പങ്കാളിയുടെ കുറവുകൾ മക്കളുടെ മുൻപിൽ ചർച്ച ചെയ്യരുത്. നിങ്ങളുടെ പ്രശ്നങ്ങൾ അവരുടെ മുൻപിൽ വച്ച് സംസാരിക്കരുത്. കുട്ടികളുടെ മുൻപിൽ മദ്യപിക്കുകയോ മറ്റുള്ളവരുടെ കുറ്റങ്ങൾ സംസാരവിഷയമാക്കുകയോ അരുത്. അനാരോഗ്യപരമായ തർക്കങ്ങൾ ഒഴിവാക്കണം. പരദൂഷണം പറയരുത്. പ്രത്യേകിച്ച് ആത്മീയ പിതാക്കന്മാരുടെ. കാരണം കുട്ടികളിൽ നെഗറ്റീവ് എനർജി ഉണ്ടാകുകയും ആത്മീയതയിൽ നിന്നും അകന്നു പോകുകയും ചെയ്യും .അവരുടെ അദ്ധ്യാപകരെ വിമർശിക്കരുത്. പഠനത്തിൽ പിന്നോട്ട് പോകുവാൻ അതൊരു കാരണമാകാം. അവർ മാതാപിതാക്കളെ കണ്ട് നല്ല കാര്യങ്ങൾ പഠിക്കേണ്ടവരാണ്. അവർ നിങ്ങളെ ശ്രദ്ധിക്കും. മാതാപിതാക്കൾ തെറ്റായ സാക്ഷ്യം ആയി മാറരുത്.

"അച്ചോ പതിനൊന്നു മണിയായി. ഒരു കാപ്പി കുടിച്ചിട്ട് ക്ലാസ്സ് തുടർന്നാലോ"?

ലിസ്സിയാണ് ചോദിച്ചത്.

"അത് ശരിയാണ് ലിസ്സിചേച്ചിയ്ക്ക് ആവശ്യബോധമുണ്ട്".

ടോണിയുടെ കമന്റ് കേട്ട് എല്ലാവരും ചിരിച്ചു.

"എനിക്കുമൊരു കാപ്പിയുടെ ആവശ്യമുണ്ട്. അതുകൊണ്ട് അരമണിക്കൂർ ഇടവേള. എല്ലാവരും പതിനൊന്നര ആകുമ്പോൾ ക്ലാസ്സിൽ വരുമല്ലോ. അങ്ങനെയെങ്കിൽ Coffee break"

അച്ചൻ എല്ലാവരോടുമൊപ്പം കൂടി.

കാപ്പികുടിക്കുന്ന ഇടവേളയിൽ ജോസഫ് അച്ചനെ സമീപിച്ചു. തന്റെ സന്തോഷം മറച്ചുവയ്ക്കുവാൻ ജോസഫിനു കഴിഞ്ഞില്ല.

"അച്ചോ എല്ലാം ദൈവത്തിന്റെ ഒരു പദ്ധതിയാണ്. ഞാനും ലിസിയും തമ്മിലകന്നു കഴിഞ്ഞപ്പോൾ അച്ചൻ ഞങ്ങളുടെ വിഷയത്തിൽ ഇടപെട്ടില്ലായിരുന്നുവെങ്കിൽ ഇങ്ങനെയുള്ള കൂട്ടായ്മകളൊന്നും ഉണ്ടാകുകയോ ഇത്രയും അനിവാര്യമായ ക്ലാസ്സുകൾ ഞങ്ങളുടെ ഇടവകയിൽ ലഭിക്കുകയോ ഇല്ലായിരുന്നു. ദൈവം അച്ചനെ ഞങ്ങളുടെ ജീവിതത്തിൽ കൊണ്ടുവന്നതിന്റെ പിന്നിൽ ഇത്രയും വലിയ ദൈവിക പദ്ധതിയുണ്ടായിരുന്നുവെന്ന് ഇപ്പോഴാണ് മനസ്സിലാകുന്നത്".

"ജോസഫെ, സംഭവിച്ചതൊക്കെ നന്മയ്ക്ക്. സംഭവിപ്പാനിരിക്കുന്നതും നന്മയ്ക്ക്. നാം ദൈവത്തിന്റെ കരങ്ങളിലെ കേവലം ഉപകരണം മാത്രം. ഒന്നു സമർപ്പിച്ചു കൊടുത്താൽ മതി. ദൈവം എല്ലാം വേണ്ടതുപോലെ ചെയ്തുകൊള്ളും. ദൈവഹിതത്തിനായി സമർപ്പിക്കുക. ഒന്നും ആത്യന്തികമായി ദോഷത്തിനുള്ളതല്ല; പ്രത്യുത അനുഗ്രഹത്തിനുള്ളതാണ്"

"ഏതായാലും ഗാന്ധിജയന്തി ദിനത്തിലെ ഈ അവധി ശരിക്കും നല്ല കാര്യത്തിനായി പ്രയോജനപ്പെട്ടു".

അവരുടെ ഇടയിലേയ്ക്ക് ജോജോ കയറി വന്നുകൊണ്ട് പറഞ്ഞു.

"ജോജോ കാപ്പി കുടിച്ചുവല്ലോ. അടുത്ത സെഷനുള്ള സമയമായി".

അച്ചൻ ചർച്ച അവസാനിപ്പിച്ചു.

അച്ചൻ മണിയടിച്ച് എല്ലാവരെയും ക്ലാസ്സിലേയ്ക്ക് ക്ഷണിച്ചു. എപ്പോഴും ക്ലാസ്സിൽ കയറി അവരവരുടെ സ്ഥാനം പിടിച്ചു.

"അച്ചോ പുതിയ സെഷൻ തുടങ്ങുന്നതിന് മുമ്പ് ഒരു പാട്ടു പാടാൻ രേഷ്മയെ ക്ഷണിച്ചാലോ"?

സിനിയുടെ ഡിമാന്റ് എല്ലാവരും കൈയടിച്ച് പ്രോത്സാഹിപ്പിച്ചു. രേഷ്മ പാട്ടുപാടാൻ തയ്യാറായി.

"ഞാൻ മാത്രമല്ല എല്ലാവരും കൂടി ഒരുമിച്ചു പാടണം. രേഷ്മ പറഞ്ഞു.

"ശരി രേഷ്മ തുടങ്ങിക്കോളു".

അച്ചൻ പറഞ്ഞു

"സർവ്വ നന്മകൾക്കും സർവ്വ ദാനങ്ങൾക്കും
ഉറവിടമാം എന്നേശുവെ....."

എല്ലാവരും ചേർന്ന് പാടി. അച്ചൻ ക്ലാസ്സ് തുടർന്നു.

ഈ സെഷനിൽ മാതാപിതാക്കൾ എപ്രകാരം മക്കൾക്ക്

മാതൃകയാകണം എന്ന വിഷയം നമുക്ക് ചർച്ച ചെയ്യാം. പല കുടുംബങ്ങളിലും മാതാപിതാക്കൾ കുട്ടികൾക്ക് വിപരീത സാക്ഷ്യമാകുന്ന ദുരന്തമാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. മാതാപിതാക്കൾ കുട്ടികളുടെ മുമ്പിൽ വഴക്കടിക്കുന്നത് വളരെ നിർഭാഗ്യകരമായ വിഷയമാണ്. അങ്ങനെയുള്ള അവസരങ്ങളിൽ കുഞ്ഞുങ്ങളുടെ മനസ്സ് എത്രമാത്രം വേദനിക്കുന്നുവെന്ന് മാതാപിതാക്കൾ ശ്രദ്ധിക്കുകപോലുമില്ല. തുറന്ന ആശയവിനിമയം സജീവകുടുംബത്തിന്റെ പ്രത്യേകതയാണ്. എന്നാൽ അഭിപ്രായങ്ങൾ കുഞ്ഞുങ്ങൾക്ക് മാതൃകയാകുന്ന വിധത്തിലായിരിക്കണം. ആരെയും മുറിപ്പെടുത്തരുത്. മാതൃകാദോഷമായ യാതൊരു പ്രവർത്തിയും മാതാപിതാക്കളിൽ നിന്നും ഉണ്ടാകാതെ ശ്രദ്ധിക്കണം.

ഞാൻ ശുശ്രൂഷിച്ച ഒരു ഇടവകയിലെ നവ്യ എന്ന ഒരു കുഞ്ഞുബാലികയെ ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്താം. ആറാം ക്ലാസ്സിൽ പഠിക്കുന്ന നവ്യയുടെ ക്ലാസ്സ് ടീച്ചറാണ് കൗൺസിലിംഗിന് എന്റെ അടുക്കൽ ഈ കുഞ്ഞിനെ ശുപാർശ ചെയ്ത് അയക്കുന്നത്. ഞാൻ ഭവനസന്ദർശനവേളയിൽ നവ്യയുടെ വീട്ടിൽ പോകയും നവ്യയുമായി സംസാരിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും നവ്യയ്ക്ക് എന്തെങ്കിലും വിഷയമുള്ളതായി ഞാൻ മനസ്സിലാക്കിയിട്ടില്ല. ഒരു അന്തർമുഖിയായ പെൺകുട്ടിയെന്ന് മാത്രമെ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ. അല്ലെങ്കിൽതന്നെ വിശദമായ ആഴമായ ഇടപെടലിനുള്ള അവസരം എനിക്കുണ്ടായിട്ടുമില്ല. എന്നാൽ അവളുടെ ക്ലാസ്സ് ടീച്ചറാണ് അവളുടെ പ്രശ്നങ്ങൾ മനസ്സിലാക്കിയത്. അതുകൊണ്ടാണ് എന്റെ അടുക്കൽ നവ്യയെ ശുപാർശ ചെയ്ത് അയച്ചത്. ഇനിയും നവ്യയുടെ പ്രശ്നങ്ങളും അതിന്റെ കാരണങ്ങളും ഞാൻ പറയാം.

നവ്യ വളരെ ശാന്തയും അധികം കൂട്ടുകാരില്ലാത്ത പെൺകുട്ടിയുമായിരുന്നു. പഠിക്കുവാൻ അത്രയ്ക്ക് മിടുക്കിയല്ലായിരുന്നുവെങ്കിലും ഒരു ശരാശരി വിദ്യാർത്ഥിയായിരുന്നു. പക്ഷെ ക്ലാസ്സിൽ വിദൂരതയിൽ കണ്ണുനട്ടിരിക്കും. അശ്രദ്ധയെന്നു പറയാൻ പറ്റില്ല. പക്ഷെ അകലേയ്ക്ക് നോക്കി മ്ലാനമായ മുഖത്തോടെ ക്ലാസ്സിലിരിക്കുന്നത് കാണുമ്പോൾ ചില ടീച്ചർമാർക്ക് ദേഷ്യം വരും. അവർ ശകാരിക്കും. ശകാരിക്കുമ്പോൾ നിർവ്വികാരയായി ആ ടീച്ചറിനെത്തന്നെ നവ്യ നോക്കിയിരിക്കും. ടീച്ചേഴ്സ് റൂമിൽ നവ്യ ഒരു ചർച്ചാവിഷയമായപ്പോഴാണ് നവ്യയുടെ പ്രശ്നങ്ങൾ പഠിക്കുവാൻ ക്ലാസ്സ്ടീച്ചറായ ആൻസിടീച്ചർ തയ്യാറാകുന്നത്.

ഒരു ദിവസം ഉച്ചകഴിഞ്ഞ് നവ്യയെ ആൻസി ടീച്ചർ സ്കൂൾ മുറ്റത്തുള്ള മാവിൻ ചുവട്ടിലേക്കുകൊണ്ടുപോയി. നവ്യയുടെ പ്രശ്നങ്ങളെക്കുറിച്ച് ആദ്യമൊന്നും നവ്യ ഒന്നും സംസാരിച്ചില്ല. എന്നാൽ ടീച്ചറിന്റെ സ്നേഹനിർഭരമായ പെരുമാറ്റ ഫലമായി ടീച്ചറിന്റെ മാറിലേയ്ക്ക് ചാരിനിന്നുകൊണ്ട് നവ്യ ഏങ്ങലടിച്ച് കരഞ്ഞു. നവ്യ ഉള്ളുതുറന്ന് സംസാരിച്ചു തുടങ്ങി. നവ്യയുടെ ദു:ഖത്തിന്റെ പ്രധാന കാരണം അവളുടെ മാതാപിതാക്കളുടെയിടയിലെ ശണ്ഠയാണ്. പപ്പ ഒന്നു പറയുമ്പോൾ മമ്മി രണ്ട് പറയും. രണ്ടുപേരും ഗവൺമെന്റ് ഉദ്യോഗസ്ഥരായതിനാൽ രണ്ടുപേർക്കും ഈഗോ ഉണ്ട്. അവരവരുടെ സാമ്പത്തിക ഭദ്രതയെക്കുറിച്ചുള്ള ഉറപ്പ് വിട്ടുകൊടുക്കാനും തോറ്റുകൊടുക്കാനും അവരെ അനുവദിച്ചില്ല. ദാമ്പത്യ ജീവിതത്തിൽ ഭാര്യാഭർത്താക്കന്മാർക്ക് ഉണ്ടായിരിക്കേണ്ട വിട്ടുവീഴ്ചാ മനോഭാവവും തോറ്റുകൊടുക്കാനുള്ള മനസ്സും രണ്ടുപേർക്കും ലവലേശമില്ല. ഇതിനിടയിൽ കിടന്ന് ഞെരുങ്ങുന്നത് ഏകമകളായ നവ്യയാണ്. ഇവരുടെ വഴക്കുമൂലം നവ്യ അനുഭവിക്കുന്ന ഒറ്റപ്പെടലിന്റെയും നിരാലംബതയുടെയും തീവ്രത മാതാപിതാക്കൾ ശ്രദ്ധിക്കുന്നതുപോലുമില്ല.

ഇത്രമാത്രം കഠിനവ്യഥയിലൂടെ കടന്നുപോകുന്ന നവ്യയുടെ സങ്കടങ്ങളെ ചേർത്ത് പിടിക്കുവാൻ ടീച്ചറിനു തോന്നി. ആൻസിടീച്ചർ ഒരു അമ്മയുടെ വാത്സല്യത്തോടെ നവ്യയെ ചേർത്ത് പിടിച്ചു. നവ്യയുടെ കണ്ണുനീർ തുടച്ച് നീക്കിക്കൊണ്ട് ടീച്ചർ നവ്യയെ ധൈര്യപ്പെടുത്തി. ടീച്ചർ നവ്യയോട് പറഞ്ഞു:

"മോൾ ഇനിയും വിഷമിക്കരുത്. ഞാൻ മോളെ സഹായിക്കാം. മോളുടെ പ്രശ്നങ്ങൾ ഞാൻ പരിഹരിക്കാം. ഞാൻ മോളുടെ കൂടെയുണ്ട്'.

നവ്യയുടെ മുഖത്ത് എന്തെന്നില്ലാത്ത ആത്മവിശ്വാസവും ധൈര്യവും കൈവന്നു. ടീച്ചറിനെ നവ്യ നന്ദിയോടെ നോക്കി. ആദ്യമായി നവ്യയുടെ മുഖത്ത് പുഞ്ചിരി വിടർന്നു. ടീച്ചർ നവ്യയ്ക്ക് ധൈര്യം പകർന്നു നൽകി.

ഈ സാഹചര്യത്തിലാണ് ടീച്ചർ നവ്യയെ എന്റെ അടുക്കലേയ്ക്ക് അയച്ചത്. നവ്യയുടെ പ്രശ്നങ്ങൾ ടീച്ചർ മുഖേന ഞാൻ അറിഞ്ഞതിനാൽ നല്ലൊരു തയ്യാറെടുപ്പോടെയാണ് ഞാൻ നവ്യയെ സമീപിച്ചത്. ഒരു ഇടവക വികാരിയുടെയും പിതാവിന്റെയും റോളിൽ നിന്നുകൊണ്ട് നവ്യയെ ഞാൻ ധൈര്യപ്പെടുത്തി. അവളിൽ ശുഭാപ്തി വിശ്വാസവും ധൈര്യവും പകർന്നു നൽകി. അതിനു ശേഷം നവ്യയുടെ മാതാപിതാക്കളെ ഞാൻ സമീപിച്ചു.

നവ്യയുടെ മാതാപിതാക്കളുടെ വിവാഹം ഒരു പ്രേമവിവാഹമായിരുന്നു. കോളേജിൽ ഒരേ ക്ലാസ്സിൽ പഠിച്ചപ്പോൾ ഉടലെടുത്ത പ്രേമം. രണ്ടുപേരുടെയും ബിരുദപഠനത്തിനു ശേഷം ടെസ്റ്റെഴുതി ഗവൺമെന്റ് സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചതിനുശേഷം കൂടുതൽ ശക്തമായി. ആ പ്രേമം വിവാഹത്തിലെത്തിച്ചേർന്നു. നവ്യ ജനിക്കുന്നതുവരെ അവരുടെയിടയിൽ വലിയ പ്രശ്നങ്ങളൊന്നുമില്ലായിരുന്നു. അതിനുശേഷം തൊടുന്നതും പിടിക്കുന്നതുമെല്ലാം പ്രശ്നങ്ങളിലവസാനിച്ചു. ഒരേ പ്രായക്കാരായതിനാൽ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമായി. വിട്ടുവീഴ്ചാമനോഭാവം തീരെയില്ലെന്നായി. എന്തിനും ഏതിനും വഴക്കായി. തങ്ങളുടെ മകളുടെ മുൻപിൽ വച്ചെങ്കിലും വഴക്കുപിടിക്കാതിരിക്കണമെന്ന അടിസ്ഥാന മര്യാദപോലും അവർ മറന്നു. അങ്ങനെ ആ മാതാപിതാക്കൾ മകളുടെ മുൻപിൽ തെറ്റായ സാക്ഷ്യമായി.

നവ്യയുടെ മാതാപിതാക്കൾക്ക് കൗൺസിലിംഗ് കൊടുക്കുന്നത് വളരെ ശ്രമകരമായ ദൗത്യമായിരുന്നു. പല സെഷനുകൾക്കു ശേഷം രണ്ടുപേരും അയഞ്ഞു തുടങ്ങി. രണ്ടുപേരുടെയും Ego centric മനോഭാവത്തിൽ നിന്നും മകളിലേയ്ക്ക് അവരുടെ ശ്രദ്ധകൊണ്ടുവരുവാൻ സമയമെടുത്തു. പേരന്റിംഗ് ശൈലി എങ്ങനെയാകണമെന്ന വിവിധ സിറ്റിംഗുകളിലെ ചർച്ചയ്ക്കുശേഷമാണ് അവർ മയപ്പെട്ടു തുടങ്ങിയത്. മക്കളുടെ പ്രാധാന്യത്തെക്കുറിച്ചും മക്കളില്ലാതെ വിഷമിക്കുന്നവരുടെ ദു:ഖത്തെക്കുറിച്ചും മാതാപിതാക്കളുടെ ദൗത്യത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലിലൂടെ നവ്യയുടെ മാതാപിതാക്കളെ ശരിയായ ദിശയിൽ കൊണ്ടുവരാൻ കഴിഞ്ഞതിന് ദൈവത്തെ നന്ദിയോടെ ഓർക്കുന്നു.

മാതാപിതാക്കൾ തെറ്റുകൾ തിരുത്തി ഒന്നിച്ചപ്പോൾ നവ്യ മിടുക്കിയായി. നല്ല പ്രസരിപ്പോടെ ക്ലാസ്സിലിരിക്കുവാനും നന്നായി പഠിക്കുവാനും പാഠ്യേതര വിഷയങ്ങളിൽ അസാമാന്യ മികവു പുലർത്തുവാനും നവ്യക്കു കഴിഞ്ഞു. ശരിയായ പേരന്റിംഗ് ശൈലിയിലേയ്ക്ക് മാതാപിതാക്കൾ വന്നപ്പോൾ നവ്യയ്ക്ക് പുതുജീവൻ കൈവന്നു.

ഇതുപോലെ അനേക നവ്യമാർ നമുക്കു ചുറ്റിലുമുണ്ട്. നമ്മുടെ കുട്ടികളുടെ മുൻപിൽ നാം തെറ്റായ മാതൃകകളാകരുത്. കുടുംബത്തിൽ അഭിപ്രായ വ്യത്യാസങ്ങളും ആശയസംഘട്ടനങ്ങളും വളരെ സ്വാഭാവികമാണ്. എന്നാൽ വിവേകപൂർവ്വമായ സമീപനമായിരിക്കണം. അങ്ങനെയുള്ള അവസരങ്ങളിൽ മാതാപിതാക്കൾ കൈകൊള്ളേണ്ടത്. ആരോഗ്യപരമായ വാഗ്വാദങ്ങളും ചർച്ചകളും ആവശ്യമാണ്. എന്നാൽ അവ കുട്ടികളെ തെറ്റായ ദിശയിലേയ്ക്ക് നയിക്കുന്നതിന് കാരണമാകരുത്.

# പരിശുദ്ധാത്മാവിനോടുള്ള സൗഹൃദം നേടാൻ നാം എന്ത് ചെയ്യണം?

ഫാ. നോബിൻ തോമസ്, ഇളകുറ്റൂർ

രണ്ട് ഉറ്റ സുഹൃത്തുക്കൾ തമ്മിലുള്ള അടുത്തബന്ധം പോലെ നിങ്ങളുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന വ്യക്തിയാണ് പരിശുദ്ധാത്മാവ്.

"കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ" (2 കൊരി. 13:14). എല്ലാ വിശ്വാസികളും പരിശുദ്ധാത്മാവുമായി സഹവസിക്കണം അല്ലെങ്കിൽ സൗഹൃദം സ്ഥാപിക്കണം എന്നു പൗലോസ് ശ്ലീഹാ ആഗ്രഹിക്കുന്നതായി അതൊടൊപ്പം ആശംസകളും നേരുന്നത് കാണാം. പരിശുദ്ധാത്മാവുമായുള്ള സൗഹൃദം അമൂല്യമാണ്. ഈ ബന്ധമാണ് ദൈവത്തിന്റെ നിഗൂഢ ജ്ഞാനത്തെക്കുറിച്ച് നമുക്ക് വെളിപ്പെടുത്തിത്തരുന്നത്.

പരിശുദ്ധാത്മാവിനോടൊപ്പം നടക്കാനും സംസാരിക്കാനുമായി സമയം ചെലവഴിക്കുമ്പോൾ നാം അവന്റെ സൗഹൃദം നേടുന്നു. അവനോട് നിങ്ങൾ എത്രയധികം സംസാരിക്കുന്നുവോ അത്രയധികം ശക്തമായിരിക്കും നിങ്ങൾക്ക് അവനുമായുള്ള ബന്ധം. അവനെ ക്ഷണിക്കുക, നിങ്ങളോടൊപ്പം നടക്കാൻ അവനെ വിളിക്കുക, അവന്റെ വാക്കുകൾ ശ്രദ്ധിക്കുക, അവനോട് സംസാരിക്കുക എന്നിവയാണ് അവന്റെ സൗഹൃദം നേടാനുള്ള മാർഗ്ഗങ്ങൾ.

**(1) യേശുവിനെ സന്തോഷിപ്പിക്കുന്ന ജീവിതം നയിക്കണം.**

യേശുവിനെ സന്തോഷിപ്പിക്കുന്ന ജീവിതം നാം നയിക്കുമ്പോഴും തിന്മയെക്കാളേറെ നീതിയെ സ്നേഹിക്കുമ്പോഴും യേശുവിന്റെ ശബ്ദത്തെ നാം അനുസരിക്കുമ്പോഴും പരിശുദ്ധാത്മാവിന്റെ സൗഹൃദം നേടുന്നു. "അങ്ങ് നീതിയെ സ്നേഹിച്ചു അനീതിയെ വെറുത്തു. അതിനാൽ അങ്ങയുടെ സ്നേഹിതരെക്കാൾ അധികമായി സന്തോഷത്തിന്റെ തൈലം കൊണ്ട് ദൈവം അങ്ങയുടെ ദൈവം അങ്ങയെ അഭിഷേകം ചെയ്തിരിക്കുന്നു". (ഹെബ്രയർ 1:9). ദാവീദിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് എന്റെ ഹൃദയത്തിനു ഇണങ്ങിയ ആള് എന്നാണ്. ദൈവത്തിന്റെ ഹൃദയത്തെ അതായത് ദൈവവഴികളെ പിന്തുടരുന്ന വ്യക്തിയായി മാറുമ്പോൾ പരിശുദ്ധാത്മാവിന്റെ സൗഹൃദം നിങ്ങൾക്ക് നേടാനാവും.

**(2) പരിശുദ്ധാത്മാവിനെ വേദനിപ്പിക്കാതിരിക്കുമ്പോൾ അവന്റെ സൗഹൃദം നേടുന്നു**

"ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കരുതെ" എഫേസോസ് 4: 30. നാം പാപം ചെയ്യുമ്പോൾ എല്ലാം അവനെ വേദനിപ്പിക്കുകയാണ് ചെയ്യുന്നത്. "സകല വിദ്വേഷവും, ക്ഷോഭവും, ക്രോധവും, അട്ടഹാസവും ഭൂഷണവും എല്ലാ തിന്മകളോടും കൂടെ നിങ്ങൾ ഉപേക്ഷിക്കുവിൻ. ദൈവം ക്രിസ്തുവഴി നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണ കാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവിൻ" (എഫേസോസ് 4:31). നാം ക്ഷമിക്കണം, വിദ്വേഷവും, കലഹവും, അസൂയ തുടങ്ങിയ എല്ലാ കാര്യങ്ങളും ഉപേക്ഷിക്കാനും നാം ക്ഷമയിലൂടെ നടക്കാനും പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു. വ്യക്തികൾ ക്ഷമിക്കാൻ തയ്യാറാകുമ്പോൾ ദൈവം അവന്റെ ആത്മാവിനെ വർഷിക്കുന്നു. ക്ഷമയിൽ നടക്കുക എന്നതാണ് പരിശുദ്ധാത്മാവ് വർഷിക്കാനുള്ള ഉപാധികളിലൊന്ന്. നമ്മുടെ ഒരു സുഹൃത്തിനെ നമ്മൾ നിരന്തരം പീഡിപ്പിക്കുമ്പോൾ അവൻ നമ്മെ വിട്ടുപോകുന്നതുപോലെയാണ് പരിശുദ്ധാത്മാവിനെ നാം വേദനിപ്പിക്കുമ്പോൾ അവനുമായുള്ള സൗഹൃദം നിന്നുപോകുന്നു. (മത്തായി 5:23,24, യാക്കോബ് 1:20). കോപം പിശാചിന് ഇടം നൽകും (എഫേ. 4:26–27, റോമ. 14:4). മറ്റുള്ളവരെ വിധിക്കുന്നതിൽ നിന്ന് വിട്ടു നിൽക്കുക. വാദപ്രതിവാദങ്ങളിൽ നിന്നു വിട്ടുനിൽക്കാൻ നാം ശ്രദ്ധിക്കണം.

**(3) പരിശുദ്ധാത്മാവിനെ നിർവീര്യമാക്കരുത്**

1 തെസലോനിക്കാ 5:19 പറയുന്നു പരിശുദ്ധാത്മാവിനെ നിർവീര്യമാക്കരുത് എന്ന്. അവനെ നിർവീര്യമാക്കാതിരിക്കുകയാണെങ്കിൽ നിങ്ങൾക്ക് അവന്റെ സൗഹൃദം നേടാനാവും. പ്രാർത്ഥിക്കാതിരിക്കുമ്പോഴാണ് നാം ആത്മാവിനെ നിർവീര്യമാക്കുന്നത്. നിർവീര്യമാക്കുക (quench) എന്ന വാക്കിനർത്ഥം കെടുത്തുക അഥവാ അണയ്ക്കുക എന്നാണ്. പ്രാർത്ഥന നിങ്ങളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കാൻ സ്വാതന്ത്ര്യം നൽകുകയാണ്. പ്രാർത്ഥന ദൈവവുമായുള്ള സംസർഗം ആണല്ലോ. നിരന്തരം നാം ദൈവവുമായി ബന്ധപ്പെടുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നു. നമ്മുടെ സുഹൃത്തിനെ നാം നിരന്തരം ഒഴിവാക്കുകയും അവനുമായി സംസാരിക്കാതിരിക്കുകയും ചെയ്യുമ്പോൾ ആ വ്യക്തിയുമായുള്ള ബന്ധം നഷ്ടപ്പെട്ടുപോകുന്നതുപോലെയാണ് പരിശുദ്ധാത്മാവുമായുള്ള സൗഹൃദം നഷ്ടപ്പെട്ടുപോകുന്നത്. അപ്പോ. പ്രവ്യ. 7:51 "മർക്കട മുഷ്ടിക്കാരെ, ഹൃദയത്തിലും കാതുകളിലും അപരിച്ഛേദിതരെ, നിങ്ങൾ എല്ലായ്പ്പോഴും പരിശുദ്ധാത്മാവിനോട് മല്ലടിക്കുന്നു. നിങ്ങളുടെ പിതാക്കന്മാരെപ്പോലെ തന്നെയാണ് നിങ്ങളും".

**4. കൂദാശകളോടുള്ള ബന്ധം പരിശുദ്ധാത്മാവിടുള്ള സൗഹൃദം വർദ്ധിപ്പിക്കുന്നു.**

നാം ആരാധനയ്ക്ക് സമയം കണ്ടെത്തുന്നത് പരിശുദ്ധാത്മാവിന് ഇഷ്ടമാണ്. നാം പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ആരാധിക്കുമ്പോൾ പരിശുദ്ധാത്മാവുമായുള്ള ബന്ധം കൂടുതൽ ശക്തമാകുന്നു. അതോടെ അവൻ നിങ്ങളുടെ വലിയ സുഹൃത്താകും. വി. കുർബ്ബാനയാണ് ഏറ്റവും വലിയ ആരാധന. അപ്പ വീഞ്ഞുകളെ ശുദ്ധീകരിച്ച് യേശുവിന്റെ ശരീരരക്തങ്ങൾ ആകുന്നതും കുർബ്ബാനയിൽ മുഴുവൻ സമയവും നിറഞ്ഞു നിന്ന്

*(ശേഷം പേജ് 21-ൽ)*

# ശിശു സ്നാനമോ, മുതിർന്ന സ്നാനമോ ഏതാണു ശരി?




*തുടർച്ച...*

**ശൈശവ പ്രായത്തിൽ സ്നാനം നൽകുന്നതിന്റെ കാരണങ്ങൾ**

വി. ബൈബിൾ സ്നാനപ്പെടുത്തി എന്നു പറയുന്ന സകല സംഭവങ്ങളും പരിശോധിച്ചാൽ ഒരു കാര്യം വളരെ വ്യക്തമാണ്. അപ്പോസ്തോലന്മാരുടേയോ അവരുടെ പിൻഗാമികളുടേയോ പ്രസംഗങ്ങൾ കേട്ട് യേശുവിൽ വിശ്വസിച്ച യഹൂദന്മാരോ, യവനന്മാരോ, നാനാജാതിമതസ്ഥരായ ആളുകളോ സ്നാനമേറ്റ സംഭവങ്ങൾ മാത്രമാണ് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അല്ലാതെ ഒരിക്കൽ സ്നാനം സ്വീകരിച്ച് വിശ്വാസികളായവരുടെ മക്കളെ സ്നാനപ്പെടുത്തിയ ഒരു സംഭവവും വിശുദ്ധ ബൈബിളിലില്ല. അതായത് ക്രൈസ്തവ സഭയിലെ ഒന്നാം തലമുറക്കാർ സ്നാനം സ്വീകരിച്ച സംഭവങ്ങൾ മാത്രമാണ് വി.ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരിക്കൽ വിശ്വസിച്ച് ക്രിസ്ത്യാനികളായവരുടെ മക്കളെ സ്നാനപ്പെടുത്തിയ സംഭവ ങ്ങളോ അവർക്ക് ഏതു പ്രായത്തിൽ സ്നാനം നൽകണമെന്ന ഉപദേശമോ അവർക്ക് മുതിർന്ന സ്നാനമോ, ശിശുസ്നാനമോ ഏതു നൽകണമെന്ന നിർദ്ദേശമോ വി. ബൈബിളിലില്ല. ആയതിനാൽ വി. ബൈബിളിന്റെ അടിസ്ഥാനത്തിൽ മുതിർന്ന സ്നാനം മാത്രമാണ് ശരി എന്ന് ആർക്കും പറയാനാവില്ല.

പുതിയ നിയമത്തിലെ സ്നാനത്തിനു പകരം പഴയ നിയമത്തിൽ നൽകിയിരുന്ന ശുശ്രൂഷ "പരിച്ഛേദന" എന്ന കർമ്മം ആയിരുന്നു. യഹോവ അബ്രഹാമിനോട് "എനിക്കും നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും മധ്യേയുള്ളതും നിങ്ങൾ പ്രമാണിക്കേണ്ടതുമായ എന്റെ നിയമം ആണിത്. നിങ്ങളിൽ പുരുഷ പ്രജയൊക്കെയും എട്ടു ദിവസം പ്രായമാകുമ്പോൾ പരിച്ഛേദന ഏൽക്കണം. നിങ്ങളുടെ അഗ്രചർമ്മം പരിച്ഛേദന ചെയ്യണം. അത് എനിക്കും നിങ്ങൾക്കും മധ്യേയുള്ള നിയമത്തിന്റെ അടയാളമാകും. തലമുറ തലമുറയായി നിങ്ങളിൽ പുരുഷ പ്രജയൊക്കയും എട്ടു ദിവസം പ്രായമാകുമ്പോൾ പരിച്ഛേദന ഏൽക്കണം." (ഉല്പ. 17:10-12). അബ്രഹാം പരിച്ഛേദനയേറ്റപ്പോൾ വയസ്സും തന്റെ മകനായ യിശ്മായേൽ പരിച്ഛേദനയേറ്റപ്പോൾ 13 വയസ്സും ആയിരുന്നു. അവരിരുവരും ഒരേ ദിവസം പരിച്ഛേദനയേറ്റു.(ഉല്പ.17:24-25). പിന്നീട് 'യിസഹാക്ക് ജനിച്ചപ്പോഴും നമ്മുടെ കർത്താവിനു എട്ടു ദിവസം പ്രായമായപ്പോഴും അവരെ പരിച്ഛേദന കഴിപ്പിച്ചു (മത്തായി. 2:21) എന്നാൽ മറ്റുജാതികളിൽ നിന്ന് യഹൂദമതാനുസാരിയായ ആരെങ്കിലും വന്നാൽ അവർ വരുന്ന പ്രായത്തിലും അവർക്ക് പരിച്ഛേദന നൽകിയിരുന്നു.

ഈ പരിച്ഛേദനയ്ക്കു പകരമാണ് പുതിയ നിയമത്തിൽ സ്നാനം എന്ന കൂദാശ വന്നതെന്നു മനസ്സിലാക്കാം കാരണം പരിച്ഛേദന ആൺകുട്ടികൾക്കു മാത്രമേ നൽകാനാവൂ. പഴയ നിയമകാലത്തും സഭയിൽ അംഗത്വം പുരുഷനാണ്. എന്നാൽ പുതിയ നിയമത്തിൽ സ്ത്രീ പുരുഷ ഭേദമെന്യേ എല്ലാവരും ക്രിസ്തുവിനോട് സംയോജിക്കണം (ഗലാത്യ.3:29). ആയതിനാൽ പഴയ നിയമത്തിലെ പരിച്ഛേദനയ്ക്ക് പകരം പുതിയ നിയമത്തിൽ സ്നാനം വന്നു എന്ന മനസ്സിലാക്കാം. പരിച്ഛേദനയും സ്നാനവും തമ്മിലുള്ള ബന്ധത്തെപ്പറ്റി കൊലോസ്യ ലേഖനത്തിൽ വി. പൗലോസ് പറയുന്നു "അവനിൽ നിങ്ങൾക്ക് ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നെ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു. (കൊലോസ്യർ2:11).

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അപ്പോസ്തോലിക കാലത്ത് ആദിമ സഭയിൽ ഒരുവൻ ക്രിസ്ത്യാനിയാകണമെങ്കിൽ ആദ്യം പരിച്ഛേദന ഏറ്റശേഷം സ്നാനം സ്വീകരിക്കണമെന്ന് വി. പത്രോസ്ശ്ലീഹാ ഉൾപ്പെടെ പല ശിഷ്യന്മാരും യഹൂദ ക്രിസ്ത്യാനികളും വാദിക്കുകയും എന്നാൽ സ്നാനത്തിൽ ഹൃദയ പരിച്ഛേദന ലഭിക്കുന്നതിനാൽ പരിച്ഛേദന ഇനി ആവശ്യം ഇല്ല, സ്നാനം മതി എന്ന് വി. പൗലോസും തമ്മിൽ നടന്നതായ തർക്കത്തിനൊടുവിൽ പ്രശ്ന പരിഹാരത്തിനായ് യറുശലേമിൽവച്ച് വി. യാക്കോബുശ്ലീഹായുടെ അദ്ധ്യക്ഷതയിൽ ആദ്യത്തെ അപ്പോസ്തോലിക സുന്നഹദോസുകൂടി ഇനി മേലിൽ ക്രിസ്തുവിനോടു ചേരുവാൻ പരിച്ഛേദന വേണ്ട സ്നാനം മതി എന്നവർ ഐക്യകണ്ഠേന തീരുമാനിച്ചതായും അപ്പോസ്തോല പ്രവർത്തികളിൽ നാം വായിക്കുന്നു. അപ്പോ.(15:12-9).

ചുരുക്കത്തിൽ ആദിമസഭയിൽ പരിച്ഛേദനയും സ്നാനവും ഒരുമിച്ചു സ്വീകരിക്കുകയും പിന്നീട് സ്നാനം മാത്രം മതി എന്ന നിശ്ചയിക്കുകയും ചെയ്തതിനാൽ പരിച്ഛേദനയും സ്നാനവും തമ്മിലുള്ള ബന്ധം മനസ്സിലാക്കാവുന്നതാണ്.

ഇന്ന് സഭയിൽ വിശ്വാസികളുടെ മക്കൾക്ക് നാം ശൈശവ പ്രായത്തിൽ സ്നാനം നൽകുന്നു. കാരണം ശിശുക്കളുടെ മാതാപിതാക്കൾ ക്രിസ്ത്യാനികളും വി. ദൈവാലയത്തിൽവച്ച് ക്രിസ്തു മദ്ധ്യസ്ഥനായി വിവാഹം എന്ന കൂദാശയിലൂടെ സംയോജിക്കപ്പെട്ടവരും കർത്താവിന്റെ ശരീരരക്തങ്ങൾ അനുഭവിച്ചിട്ടുള്ളവരുമാണ്. ഒരു ശിശുവിനെ ഉദരത്തിൽ വഹിച്ചുകൊണ്ട് അതിന്റെ അമ്മയും അപ്പനും ഒക്കെ പ്രാർത്ഥിച്ചിട്ടുള്ളത് വി.ത്രീത്വത്തോടെയാണ്.അപ്പോൾ ജനിക്കുമ്പോൾ തന്നെ യേശുക്രിസ്തുവിനോടുള്ള വൈകാരിക ബന്ധം ആ ശിശുക്കൾക്കുണ്ട്. മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ വിശ്വാസിയാണെങ്കിൽപോലും അവർക്ക് ജനിക്കുന്ന ശിശു വിശുദ്ധനാണെന്ന് വി. പൗലോസ് പറയുന്നു. (1. കൊരി. 7:14-15). അങ്ങനെയെങ്കിൽ മാതാപിതാക്കൾ ഇരുവരും വിശ്വാസികൾ എങ്കിൽ ആ കുഞ്ഞിന്റെ ജനനം എത്ര ശ്രേഷ്ഠതയുള്ളതാണെന്ന് മനസ്സിലാക്കണം. കുട്ടികൾ വിശുദ്ധരെങ്കിൽ പിന്നെ സ്നാനം എന്തിന് എന്നു ചോദിച്ചേക്കാം. സ്നാനം ക്രിസ്തുവിന്റെ മരണത്തോടും പുനരുദ്ധാനത്തോടും ഏകീഭവിക്കുവാനാണ്.(റോമർ. 6:3-5,കൊലോ 2:12, 3:1)... അത് സ്ത്രീ - പുരുഷ ഭേദമെന്യേ എല്ലാവരും വ്യക്തിപരമായി സ്വീകരിക്കേണ്ടതുകൊണ്ടാണ് വിശ്വാസികളുടെ മക്കൾക്കും സ്നാനം നൽകുന്നത്. *(തുടരും)*

# കോവിഡാനന്തര ലോകം

**ഡോ. രോണി ജയിൻ രാജു,**
അസിസ്റ്റന്റ് പ്രൊഫസർ, സെന്റ്തോമസ് കേളേജ്, റാന്നി

**ലോ**കം നവയുഗത്തിലൂടെയാണ് കടന്നുപോകുന്നത്. വർഷങ്ങളായി നമ്മളെ നിലനിർത്തിയതും, ജീവിതത്തിന്റെ താളക്രമങ്ങൾ ചിട്ടപ്പെടുത്തിയതുമായ മാനവരാശിയുടെ ആവാസ വ്യവസ്ഥ കീഴ്മേൽ മറിഞ്ഞിരിക്കുന്നു ഈ ഒരു മാറ്റം, ലോകത്തിലെ ഒരു വ്യക്തിയെയോ, രാജ്യത്തിനെയോ മാത്രമല്ല ബാധിച്ചിരിക്കുന്നത്. മറിച്ച് ഈ പ്രപഞ്ചത്തെ മുഴുവനായും കീഴ്മേൽ മറിച്ചു. അങ്ങനെ നാം ഇന്ന് കോവിഡാനന്തര ലോകത്ത് ആണ് ജീവിക്കുന്നത്. അത്തരം ലോകത്തിൽ എന്തൊക്കെ ഏതൊക്കെ രൂപത്തിൽ നിലനിൽക്കുന്നു എന്നത് ചോദ്യചിഹ്നമാണ്. സമീപ ഭാവിയിൽ ഒന്നും തന്നെ പഴയ രീതിയിലേക്ക് നാം മടങ്ങി പോകുന്നില്ല. ജനിതക മാറ്റത്തിലൂടെ ചുറ്റുപാടിലെ പ്രതികൂലമായ ഘടകങ്ങളെക്കൂടി അതിജീവിക്കുവാനുള്ള കഴിവു നേടിക്കൊണ്ട് കൊറോണ ദേശങ്ങളിലേക്കും കാലങ്ങളിലേക്കും മനുഷ്യരിലൂടെ സഞ്ചരിച്ചു കൊണ്ടേയിരിക്കും.

അത്തരം ഒരു അവസ്ഥയിൽ, ജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും ഘടനാപരമായ മാറ്റങ്ങൾ വന്നുകൊണ്ടേയിരിക്കും. അതിൽ സാമ്പത്തിക മേഖലയിലാണ് ഏറ്റവും കനത്ത ആഘാതം സംഭവിക്കുന്നത്. അതേ സമയം വലിയ തിരുത്തലുകൾ വന്നത് ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തുമാണ്. ശാസ്ത്രീയതയ്ക്കും ജനകീയതയ്ക്കും ഊന്നൽ നല്കികൊണ്ട് ഒരു ബദൽ ആരോഗ്യപരിപാലന ശൃംഖല കടന്നുവന്നു.

വ്യത്യസ്ത രാജ്യങ്ങളുടെ ആരോഗ്യ മേഖലകളെ വിശകലനം ചെയ്യുമ്പോൾ, പൊതുജനാരോഗ്യ സംവിധാനങ്ങൾ ശക്തമായ രാജ്യങ്ങളും പ്രദേശങ്ങളുമാണ് കോവിഡ് പ്രതിരോധത്തിനു മികവ് കാട്ടിയത്. കേരളത്തിന്റെ മാതൃകയും ലോകമാകെ ശ്രദ്ധിക്കപ്പെടും.

ആരോഗ്യമേഖലപോലെയുള്ള മറ്റൊരു മേഖല വിദ്യാഭ്യാസമേഖലയാണ്. ഒരു രാജ്യത്തിന്റെ സാമ്പത്തിക ഭാവിയുടെ നിർണ്ണായക ഘടകമാണ് വിദ്യാഭ്യാസ മേഖല. കോവിഡ് വ്യാപനം വിദ്യാഭ്യാസ രീതികളെ പാടേ മാറ്റി മറിച്ചു. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പഠനം മാറി. വിവരസാങ്കേതിക വിദ്യയിലൂന്നിയ അധ്യയന വർഷങ്ങൾ കടന്നുവന്നു. സുകുമാർ അഴിക്കോട് ഒരിക്കൽ പറയുകയുണ്ടായി "അദ്ധ്യാപകനും വിദ്യാർത്ഥിയും ഹൃദയംകൊണ്ട് അടുത്തുവരുമ്പോൾ അവിടെ വിദ്യാഭ്യാസം എന്ന പ്രകാശനമുണ്ടാവുന്നു." ഇന്ന് ഡിജിറ്റൽ മറകൾക്കപ്പുറവും ഇപ്പുറവും ഏതു നിമിഷവും അറ്റു പോകാവുന്ന വിവരസാങ്കേതിക വിദ്യയിലൂടെ വിദ്യ അഭ്യസിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്യുമ്പോൾ ഏറെ പ്രസക്തമാണ് സുകുമാർ അഴിക്കോടിന്റെ നിരീക്ഷണം.

നാളിതുവരെ മനുഷ്യരാശി നേരിട്ടതിൽ വെച്ച് ഏറ്റവും വലിയ മഹാമാരി എന്ന വിശേഷിപ്പിക്കപ്പെടുന്ന പതിനാലാം നൂറ്റാണ്ടിലെ പ്ലേഗ്, യൂറോപ്പിന്റെ അന്നത്തെ ജനസംഖ്യയുടെ പകുതിയോളം കവർന്നെടുത്തു. 1918 ലെ സ്പാനിഷ് ഫ്ളൂ അന്നത്തെ ലോകജനസംഖ്യയായ 200 കോടിയിൽ നാലിലൊന്ന് പേരെ ബാധിക്കയും (50 കോടി) അവരിൽ അഞ്ചു കോടി പേരുടെ ജീവൻ അപഹരിക്കയും ചെയ്തു. ഇന്ത്യയിൽ ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ വസൂരിയും കോളറയും വൻ നാശം വിതച്ച പകർച്ച വ്യാധികളായിരുന്നു. ബ്രിട്ടീഷ്കാർ അന്നു ലഭ്യമായ വൈദ്യശാസ്ത്രത്തിന്റെ സഹായത്തോടുകൂടി മഹാമാരിയെ നേരിടാൻ ശ്രമിക്കുമ്പോൾ തദ്ദേശീയരായ ജനങ്ങൾ മന്ത്രവാദങ്ങളിലൂടെയും മറ്റും ഇത്തരം മഹാമാരിയിൽ നിന്നും രക്ഷനേടാൻ ശ്രമിച്ചു. എന്നാൽ ആധുനിക ലോകത്ത് ചിത്രമാകെ മാറി. ശാസ്ത്രിയ നേട്ടങ്ങളുടെ കൊടുമുടികൾ കീഴടക്കി മാനവരാശി മുന്നേറുമ്പോൾ എന്ത് മഹാമാരിയേയും കീഴടക്കാൻ കഴിയും എന്ന് ആത്മവിശ്വാസം പകർന്ന് തരുന്നുണ്ട്. കോവിഡിനൊപ്പം ജീവിച്ചുകൊണ്ട് അതിനെ അതിജീവിക്കാൻ നമുക്ക് സാധിക്കണം മാനവ സംസ്കൃതിയുടെ തനിമകൾ ചോർന്നു പോകാതെ കരുതലോടെ ഭാവിയിലേക്ക് യാത്ര തുടരണമെന്നാണ് കോവിഡ് നമ്മോടു പറയുന്നത്

"പോവുക നാടിൻ വിലപ്പെട്ട സംസ്കാരത്തിൻ
ഭാവഗായകൻ നിങ്ങൾ ഭാവിതൻ വാഗ്ദാനങ്ങൾ"
വയലാറിന്റെ വരികൾ നമുക്ക് പ്രചോദനമാകട്ടെ.

---

***പരിശുദ്ധാത്മാവിനോടുള്ള സൗഹൃദം...***
*(പേജ് 19 തുടർച്ച)*

സൗരഭ്യം നിറയ്ക്കുന്നതും പരിശുദ്ധാത്മാവാണ്. എല്ലാ കൂദാശകളിലും പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഉണ്ട്. അവയെ ശുദ്ധീകരിച്ച് പൂർത്തീകരിക്കുന്നത് പരിശുദ്ധാത്മാവാണ്. ആയതിനാൽ കൂദാശകളോടുള്ള നമ്മുടെ ബന്ധം പരിശുദ്ധാത്മാവിന്റെ സൗഹൃദം നിലനിർത്താൻ സാധിക്കും. വി. കുർബ്ബാനയിലുള്ള പങ്കാളിത്തം, കുർബ്ബാന അനുഭവം, കുമ്പസാരം ഇവയെല്ലാം ആത്മാവിന്റെ സൗഹൃദം ശക്തിപ്പെടുത്തും.

**5. വചന വായനയിലൂടെ സൗഹൃദം നിലനിർത്തുന്നു**

ദൈവവചനം വായിക്കാൻ നാം സമയം ചെലവഴിക്കുന്നതും പരിശുദ്ധാത്മാവിന് ഇഷ്ടമാണ്. അവനാൽ പ്രേരിതമായതാണ് വചനം. നിങ്ങൾ വചനം വായിച്ച് അതിനാൽ ശുദ്ധീകരിക്കപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നു. വചനം വായിക്കുമ്പോൾ പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും സത്യത്തെക്കുറിച്ചും അതുപോലെ ഒരു വിശ്വാസി നടക്കേണ്ട വഴികളെക്കുറിച്ചും ആത്മാവ് നമുക്ക് കാണിച്ചു തരുന്നു.

ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങളുടെയും താക്കോൽ അവന്റെ സൗഹൃദം നേടുക എന്നതാണ്. പരിശുദ്ധാത്മാവുമായുള്ള സൗഹൃദത്തെക്കാളും വലുതായി ഒന്നുമില്ല. "കർത്താവിന്റെ സൗഹൃദം അവിടുത്തെ ഭയപ്പെടുന്നവർക്കുള്ളതാണ്. അവിടുന്ന് തന്റെ ഉടമ്പടി അവരെ അറിയിക്കും" (സങ്കീ. 25:14).




**ഫാ. കുറിയാക്കോസ് തിരുനിലത്ത്**
വികാരി, സെന്റ് ജോർജ്ജ് ക്നാനായ പള്ളി, കാവാലം

**ദനഹായ്ക്കുശേഷം രണ്ടാം ഞായർ 16-01-2022**
**വേദഭാഗം യോഹ. 1:43-51**

യേശുവിന്റെ വിളികേട്ട ഫിലിപ്പോസ്, അതിലൂടെ തനിക്കു ലഭിച്ച അനുഭവം നഥാനിയേലുമായി പങ്കു വയ്ക്കുന്നതും, അവനെക്കൂടെ യേശുവിലേക്ക് നയിക്കുന്നതുമായ സംഭവമാണ് ഇവിടെ വിവരിച്ചിരിക്കുന്നത്.

ഫിലിപ്പോസിന്റെ രണ്ടു വലിയ ഗുണങ്ങൾ നമുക്കിവിടെ കാണാം. ഒന്ന്, തന്നെ വിളിച്ചവൻ ആരാണെന്നു അവൻ മനസ്സിലാക്കുവാൻ ശ്രമിച്ചു. രണ്ട് താൻ കണ്ടെത്തിയ സത്യത്തെ അവൻ സാക്ഷിക്കുകയും ചെയ്തു. ഇത് രണ്ടും ദൈവവിളിയോടു പ്രതികരിക്കുന്നവരിൽ ആവശ്യമായ ഗുണങ്ങളാണ്. വിളിച്ചവനെ തിരിച്ചറിയണം. ക്രിസ്തുവിന്റെ വിളികേട്ട നാം അവനെ തിരിച്ചറിയുവാൻ ശ്രമിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കുക. യേശു പറയുന്നു "ആടുകൾക്ക് ഇടയന്റെ ശബ്ദം തിരിച്ചറിയാവുന്നതുകൊണ്ട് അവന്റെ സ്വന്തം ആടുകൾ അവന്റെ പിന്നാലെ പോകും" (യോഹ.10:4). കൂടാതെ നാം ഓരോരുത്തരും മറ്റുള്ളവരെ ക്രിസ്തുവിലേക്ക് നയിക്കുന്ന മാതൃകാ ജീവിതമുള്ളവരാകേണ്ടതുമാണ്.

വന്നു കാണുക എന്ന ഫിലിപ്പോസിന്റെ ആഹ്വാനം സ്വീകരിച്ച നഥാനിയേലിന് യേശുവുമായുള്ള കൂടിക്കാഴ്ചക്കുശേഷം പല മാറ്റങ്ങളും ഉണ്ടാകുന്നു. ഒന്നാമതായി ഫിലിപ്പോസിന്റെ വാക്കുകൾ അവിശ്വാസത്തോടെ കേട്ടവൻ അവൻ പറഞ്ഞത് സത്യമെന്നു ഉറച്ചു വിശ്വസിക്കുവാൻ ഇടയായി. രണ്ടാമത് നസ്രേത്തിൽ നിന്നും നന്മ വരാം എന്ന വൻ മനസ്സിലാക്കി. ഒരു വ്യക്തിയേയും സമൂഹത്തേയും വില കുറച്ചുകാണുവാൻ പാടില്ല എന്ന സത്യം അവൻ ഉൾക്കൊണ്ടു. മൂന്നാമത്തേതായി ദൈവപുത്രനെ കണ്ടെത്തുവാൻ അവനു സാധിച്ചു. അവൻ ദൈവത്തിനു മഹത്വം കൊടുത്തു. ക്രിസ്തുവിനെ പിൻപറ്റുകയും ചെയ്തു.

**ദനഹായ്ക്കുശേഷം മൂന്നാം ഞായർ 23-01-2022**
**വേദഭാഗം യോഹ. 3:1-12**

യേശുവും യഹൂദ ഉപദേഷ്ടവായിരുന്ന നിക്കോദിമോസും തമ്മിലുള്ള സംഭാഷണമാണ് ഈ ഭാഗത്ത് പ്രതിപാദിച്ചിരിക്കുന്നത്.

സ്വർഗ്ഗരാജ്യാവകാശത്തിന് ആവശ്യമായ ഘടകങ്ങൾ കർത്താവ് നിക്കോദിമോസിനോടു പറയുന്നു. "വീണ്ടും ജനിക്കുക" എന്ന അടിസ്ഥാനഘടകത്തെക്കുറിച്ചു പറയുമ്പോൾ അതെക്കുറിച്ച് നിക്കോദിമോസ് സംശയാലുവാകുന്നു. അതിന്റെ വിശദീകരണം കർത്താവ് പിന്നീടു പറയുന്നു "ഒരുവൻ വെള്ളത്താലും ആത്മാവാലും ജനിക്കുന്നില്ല എങ്കിൽ അവൻ ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ സാധ്യമല്ല" (യോഹ.3:5).

വെള്ളത്താൽ ജനിക്കുക എന്നതിൽ നിന്നും കർത്താവ് അർത്ഥമാക്കുന്നത് ശുദ്ധീകരണമാണ്. ശുദ്ധമായ ഒന്നിനെ ബാഹ്യബന്ധങ്ങൾ മൂലം മലിനപ്പെടുമ്പോൾ വീണ്ടും അതിനെ പൂർവ്വാവസ്ഥയിലും തെളിച്ചത്തിലും എത്തിക്കുവാൻ ഏറ്റവും സഹായകമാകുന്നത് വെള്ളത്തിലുള്ള കഴുകലാണ്. ദൈവരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ ദൈവീക രൂപഭാവങ്ങളെ മറയ്ക്കുന്ന മാലിന്യങ്ങൾ പലകാരണങ്ങളാൽ കാണപ്പെടുന്നു. അവയെ കഴുകിക്കളയുവാനുള്ള ആഹ്വാനം പ്രവാചകന്മാരിലൂടെ ദൈവം നല്കിയിരുന്നു. നിങ്ങൾ സ്വയം കഴുകി നിർമ്മലരാകുവിൻ നിങ്ങളുടെ പ്രവൃത്തികളുടെ തിന്മയെ എന്റെ ദൃഷ്ടിയിൽ നിന്നു നീക്കിക്കളയുവീൻ (ഏശായ 1:15-16). കർത്താവ് ഗിരിപ്രഭാഷണത്തിലും ഹൃദയത്തെ ശുദ്ധീകരിക്കേണ്ടതിന്റെ ആവശ്യം ഊന്നിപ്പറയുന്നു. "നിർമ്മലഹൃദയർ ഭാഗ്യവാന്മാർ, അവർ ദൈവത്തെക്കാണും" (മത്തായി. 5:8). പ്രവൃത്തികളിലും ചിന്തകളിലുമുള്ള മാലിന്യത്തെ മാറ്റാതെ സ്വർഗ്ഗരാജ്യം തേടുന്നതിൽ അർത്ഥമില്ല. വി. പൗലോസിന്റെ വാക്കുകൾ ഈ ഉപദേശത്തെ ഒന്നുകൂടി ഉറപ്പിക്കുന്നു. "ജഢത്തിന്റെ പ്രവൃത്തികൾ പ്രസിദ്ധമാണല്ലോ, വേശ്യാദോഷം, അശുദ്ധത, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, പിണക്കം, തർക്കം, കോപം, ശാഠ്യം, ഭിന്നതകൾ, കക്ഷിമത്സരം, അസൂയ, കൊലപാതകം, മദ്യപാനം, വെറിക്കൂത്ത് മുതലായി ഇവയോടു തുല്യമായവ എല്ലാം ആകുന്നു. ഈ വക പ്രവർത്തിക്കുന്നവൻ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പേ പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോഴും പറയുന്നു" (ഗലാ.5:19-21). ആയതിനാൽ ഒരു കഴുകൽ അഥവാ ശുദ്ധീകരണം ആവശ്യമോ എന്ന് ഓരോരുത്തനും ചിന്തിക്കേണ്ടിയിരിക്കുന്നു.

രണ്ടാമത് ആത്മാവിൽ ജനിക്കുന്നവനാണ് സ്വർഗ്ഗരാജ്യമെന്ന് കർത്താവ് പഠിപ്പിക്കുന്നു. ചൈതന്യവും ജീവനുമുള്ളതാണ് ആത്മാവ്. ആത്മാവിൽ ജനിക്കുന്നവൻ ദൈവീക ചൈതന്യം നിലനിർത്തുന്നവനും ജീവന്റെ പ്രതിഫലനമായ പ്രതികരണമുള്ളവനുമായിരിക്കും. "ദൈവസന്നിധിയിൽ യേശുമ്ശിഹാ മുഖാന്തിരം സ്വീകാര്യങ്ങളായ ആത്മീയ ബലികൾ അർപ്പിക്കുവാൻ തക്കവണ്ണം നിങ്ങൾ ആത്മീക ആലയങ്ങളും വി.ആചാര്യന്മാരും ആയിത്തീരുവീൻ" (1 പത്രോസ് 2:5). ആരാധനയുടെയും ദൈവീക സംസർഗ്ഗത്തിന്റേയും (പ്രാർത്ഥന) അനുഭവവും ഉള്ളവനായിരിക്കും ആത്മാവിൽ ജനിച്ചവൻ. കൂടാതെ ആത്മാവിന്റെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാനും അവർക്ക് സാധിക്കും. "ആത്മാവിന്റെ ഫലങ്ങളോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവയാകുന്നു" (ഗലാ.5:22).

വെള്ളത്താലും ആത്മാവിനാലും ജനിച്ചവരായ നാം അതിന്റെ ചൈതന്യം നിലനിർത്തിപ്രയാണം ചെയ്യുവാൻ ഈ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

**ദനഹായ്ക്കുശേഷം നാലാം ഞായർ 30-01-2022**
**വേദഭാഗം വി. മർക്കോസ് 6:1-6)**

സ്വന്തദേശത്തേയ്ക്കു വന്ന യേശു നേരിട്ട അനുഭവമാണ്

ഇവിടെ വിവരിച്ചിരിക്കുന്നത്. സ്വന്ത ജനത്തിന്റെ ഇടയിൽ നൽകിയ ഉപദേശത്തിൽ അവർ വിസ്മയിച്ചെങ്കിലും യേശുവിനെ അംഗീകരിക്കുവാൻ അവർക്ക് കഴിയുന്നില്ല. അതിനു പ്രധാനമായും മൂന്നു കാരണങ്ങളാണുള്ളത്.

ഒന്നാമത്, യേശുക്രിസ്തു ആ സമൂഹത്തിൽ ഒരു ഉന്നതകുലജാതനായോ അധികാരമുള്ളവനായോ അംഗീകരിക്കപ്പെട്ടിരുന്നില്ല. അധികാരമുള്ളവർ പറയുന്നതിലെ സാംഗത്യം പോലും പരിശോധിക്കാതെ അവയെ സ്വീകരിക്കുന്ന മനുഷ്യന്റെ ഇടുങ്ങിയ ചിന്താഗതി പ്രബലമായിരുന്നു. പാവപ്പെട്ടവനും അധികാരമില്ലാത്തവനും മുഖ്യധാരയിൽ നിന്ന് എപ്പോഴും തഴയപ്പെട്ടിരുന്നു. എന്തു പറഞ്ഞു എന്നതല്ല, ആരു പറഞ്ഞു എന്നതിന്റെ അടിസ്ഥാനത്തിൽ അഭിപ്രായങ്ങളെ അംഗീകരിക്കുന്ന ആ വ്യവസ്ഥയിൽ നിന്നും അധികമൊന്നും വിഭിന്നമല്ല ഇന്നു നാം ജീവിക്കുന്ന കാലഘട്ടവും ഭരണത്തിന്റെ അധികാരവും, കൊടിയുടെ നിറവും, രാഷ്ട്രീയ സ്വാധീനവുമെല്ലാമാണ് സാധാരണക്കാരൻ എങ്ങനെ ജീവിക്കണമെന്നും, എന്തു ചിന്തിക്കണമെന്നും നിശ്ചയിക്കുന്നത് ഈ വ്യവസ്ഥിതിയ്ക്ക് മാറ്റമുണ്ടാകേണ്ടിയിരിക്കുന്നു.

രണ്ടാമത് സ്വന്തസമൂഹത്തിന്റെ മഹത്വം കാണുവാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. സ്വന്തജനത്തിന്റെ ഇടയിൽ അംഗീകാരം ലഭിക്കാതെ പോകുന്നത് സാധാരണമാണ്. അതേസമയം അതിലും നിസ്സാരമായ നേട്ടങ്ങൾ മറ്റൊരിടത്ത് കാണുമ്പോൾ അതിലേയ്ക്ക് പലരും ആകർഷിക്കപ്പെടുകയും ചെയ്യുന്നു. സ്വന്തശരീരത്തിൽ വഹിക്കുന്ന സുഗന്ധത്തെത്തേടി അലയുന്ന കസ്തൂരിമാനിനെപ്പോലെയാണ് വിവേകമില്ലാത്ത മനുഷ്യൻ. ഇതിൽ നിന്ന് ആധുനിക മനുഷ്യനും വിഭിന്നനല്ല. സ്വന്തസഭയിലെ ആരാധനയുടെ മഹത്വം കാണുവാൻ കഴിയാതെ നവീന ആരാധനയുടെയും മനുഷ്യദൈവങ്ങളുടെയും പിന്നാലെ പായുന്നവർ അഗ്നിയാൽ ആകർഷിക്കപ്പെടുന്ന ഈയാംപാറ്റകളെപ്പോലെയാണെന്ന് തിരിച്ചറിയുന്നില്ല.

മൂന്നാമതായി, യേശുവിന്റെ വാക്കുകൾ ശ്രേഷ്ഠമാണെന്നു മനസ്സിലാക്കിയെങ്കിലും അത് അംഗീകരിച്ചു കൊടുക്കുവാൻ അവരുടെ ഇടുങ്ങിയ ചിന്താഗതി സമ്മതിക്കുന്നില്ല. തങ്ങളേക്കാൾ ശ്രേഷ്ഠനാണെന്ന് അംഗീകരിച്ചു കൊടുക്കുന്നത് തങ്ങൾക്കു സമൂഹത്തിൽ വിലയിടുവാൻ കാരണമാകുമെന്ന് അവൻ ചിന്തിച്ചു. തങ്ങളെക്കാൾ മറ്റൊരാൾ വളരുന്നത് സമ്മതിച്ചു കൊടുക്കുവാൻ കഴിയാത്ത അനേകർ ഇന്നും സമൂഹത്തിൽ ഉണ്ട് എന്ന യഥാർത്ഥ്യം നിലനിൽക്കുന്നു.

യേശുക്രിസ്തു നല്കിയതാകട്ടെ ഇതിൽ നിന്നു വിഭിന്നമായ ഒരു പാഠമാണ്. സ്വയം ചെറുതാവുകയും താഴുകയും ചെയ്യുമ്പോൾ, അവിടെ ഉയർച്ചയുണ്ടാകും. യജമാനനാകുന്നത് ശുശ്രൂഷിക്കുന്നതിനാണ് ശുശ്രൂഷിക്കപ്പെടുന്നതിനല്ല. "ഞാനോ കുറയേണം നീയോ വളരേണം" എന്ന ചിന്തയുള്ളിടത്തു മാത്രമേ രണ്ടുപേർക്കും വളർച്ചയുണ്ടാകൂ.

**കൊഹനെ ഞായർ 13-02-2022**
**വേദഭാഗം വി. മത്തായി 24: 42-51**

സഭയിൽ നിന്ന് വാങ്ങിപ്പോയ എല്ലാ പട്ടക്കാരേയും പൊതുവായി സ്മരിക്കുന്ന ഞായറാഴ്ചയാണ് കൊഹനെ ഞായർ. വിശ്വാസികളെക്കാൾ കൂടുതൽ ഉത്തരവാദിത്വമുള്ളവരാണ് ആചാര്യന്മാർ. എങ്കിലും മനുഷ്യരെന്ന നിലയിൽ വരുന്ന പാപത്തെ ക്ഷമിക്കുവാൻ സഭ ദൈവത്തോട് യാചിക്കുന്നു. പല കാരണങ്ങളാൽ വാങ്ങിപ്പോയ പുരോഹിതർ സ്മരിക്കപ്പെടേണ്ടവരാണ്.

1. പുരോഹിതൻ തങ്ങളുടെ ജീവിതകാലത്ത് നല്ല ഉപദേശങ്ങൾ നല്കിയവരും, ക്രിസ്തുവിങ്കലേയ്ക്ക് നയിച്ചവരും വിശ്വാസത്തിൽ ഉറപ്പിച്ചവരുമാണ്. "നിങ്ങളോടു ദൈവവചനം സംസാരിച്ചിട്ടുള്ള നിങ്ങളുടെ ഭരണകർത്താക്കളെ ഓർത്തുകൊള്ളണം. അവരുടെ നടപടികളുടെ അവസാനം ഓർത്തു അവരുടെ വിശ്വാസത്തെ അനുകരിക്കണം" (എബ്രാ.13:7).

2. പുരോഹിതൻ ജനങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥനായി ജീവിച്ചവനാണ്. ജനത്തിന്റെ ആത്മാക്കളെ കരുതുന്ന ഇടയന്മാരാണ് പുരോഹിതന്മാർ "നിങ്ങളെ നയിച്ചു ഭരിക്കുന്നവർക്കു കീഴ്പ്പെട്ടവരെ അനുസരിക്കേണം. എന്തെന്നാൽ അവർ നിങ്ങൾക്കുവേണ്ടി കണക്കു ബോധിപ്പിക്കേണ്ടവർ എന്ന നിലയിൽ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി അവർ ജാഗരണം ചെയ്യുന്നവരാകുന്നു" (എബ്രാ.13:17).

3. പട്ടക്കാരൻ ക്രിസ്തുവിന്റെ സ്ഥാനാപതിയാണ് മ്ശിഹായുടെ രക്ഷണ്യശുശ്രൂഷയുടെ അനുഗ്രഹം വി.കൂദാശകളിലൂടെ വിശ്വാസികൾക്ക് പകർന്നുകൊടുക്കുന്നവരാണ് പട്ടക്കാർ. അവർ മ്ശിഹായുടെ ശുശ്രൂഷകരും ദൈവീക മർമ്മങ്ങളുടെ ഗ്രഹവിചാരകന്മാരുമായി വർത്തിക്കുന്നു. "ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തർ എണ്ണിക്കൊള്ളട്ടെ (1. കൊരി. 4:1).

4. ദൈവരാജ്യ നിർമ്മിതിയിൽ ദൈവത്തിന്റെ കൂട്ടുവേലക്കാരനാണ് പുരോഹിതൻ ''ഞങ്ങൾ ദൈവത്തോടുകൂടെ വേലചെയ്യുന്നവർ ആകുന്നു (1. കൊരി. 3:9).

5. ദൈവത്താൽ വിളിച്ചു വേർതിരിക്കപ്പെട്ടവരാണ് പുരോഹിതർ. പൗരോഹിത്യം സ്വയമേ എടുക്കാവുന്നതല്ല ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രം ലഭിക്കുന്നതാണ്. "അഹറോൻ എന്നപോലെ ദൈവത്താൽ വിളിക്കപ്പെട്ടവനല്ലാതെ, ഈ ബഹുമാനം സ്വയമേ സ്വീകരിക്കാവുന്നതല്ല".

നമ്മെ ശുശ്രൂഷിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരമായി ബലിയർപ്പിക്കുകയും ചെയ്ത നമ്മുടെ ആത്മീയ പിതാക്കന്മാരെ സ്മരിക്കേണ്ടത് നമ്മുടെ കടമയാണ്. അതോടൊപ്പം സഭയെ നയിക്കുവാൻ ശ്രേഷ്ഠരായ പട്ടക്കാരും മേൽപട്ടക്കാരും ഉണ്ടാകുവാൻ നാം പ്രാർത്ഥിക്കുന്നവരുമായിരിക്കണം.



## ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി

All India Kung-fu federation ന്റെ നേതൃത്വത്തിൽ പൂനയിൽവച്ചു നടന്ന നാഷണൽ കുങ്ഫൂ ചാമ്പ്യൻഷിപ്പിൽ കേരളത്തിനുവേണ്ടി വെള്ളി മെഡൽ നേടിയ **നെബിൻ ബിനു** മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കൊണ്ടോടിയിൽ ബിനു ഉതുപ്പാന്റെയും (മോനച്ചൻ) നീനു ബിനുവിന്റെയും മകനാണ്.

# Spoken English

ഭാഗം -3

# അനായാസം പഠിക്കുവാനുള്ള എളുപ്പ വഴി

കുര്യൻ ജോസഫ് മുട്ടത്തുകടവിൽ

**USE OF BE**

* Be എന്നാൽ ആയിരിക്കുക എന്നർത്ഥം
Be a brave man
Be honest
* Be + to - ആകുക, ആയിത്തീരുക എന്നർത്ഥം
To be an honest man is not a small thing.
ഒരു സത്യസന്ധൻ ആകുക എന്നുള്ളത് ചില്ലറ കാര്യം അല്ല.
* ഭാവിയിലെ ഒരു കാര്യം കാണിക്കുവാനും Be ഉപയോഗിക്കുന്നു.
eg: I am going to be a rich man.
* To be or not to be എന്നൊരു പ്രയോഗവും ഉണ്ട്.
eg: To be or not to be a gentleman is to be decided by you.
Be used as passive voice - Ticket less passengers will be punished, tressparsers will be procecuted.

**USE OF BEING**

* Being - Since, as, because എന്നീ അർത്ഥത്തിൽ ഉപയോഗിക്കുന്നു.
eg: Being late, he could not attend the party.
Being fat, she could not climb the steps.
* Pre. Cont Passive Voice ഉം Past Cont passive Voice ഉം form ചെയ്യുന്നത് 'Being' ഉപയോഗിച്ചാണ്. തുടർന്നുകൊണ്ടിരിക്കുന്ന ഒരു കാര്യം സൂചിപ്പിക്കുന്നു.
eg: Food is being prepared by my mother
(അമ്മയാൽ ആഹാരം പാകം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു)
Food was being prepared by my mother
(അമ്മയാൽ ആഹാരം പാകം ചെയ്യപ്പെട്ടുകൊണ്ടിരുന്നു)
E-mail is being send everyday
E-mail was being send everyday

ഒരു വ്യക്തിയെ സംബന്ധിച്ച് രണ്ടു കാര്യങ്ങൾ ഒരുമിച്ച് being കൊണ്ട് ഉപയോഗിക്കുന്നു.

eg: I am an Indian
I respect my Country } Being an Indian, I respect my country

She is an English teacher
She teaches English } Being an English teacher, She teaches English

**Other types of Sentences**

Not being good at Maths, he often scores less marks in it.
Not being regular to the class, you are not eligible to attend the exam.
Not being good at English, he often face difficulty in speaking English.

**Variations**

Positive - Being an Indian, I respect my Country
Negative - Being an Indian, I do not respect my Country
P.Q - Being an Indian, do I respect my Country?
N.Q - Being an Indian, don't I respect my Country?

**USE OF BEEN**

* ഭൂതകാലത്തിൽ തുടങ്ങി വർത്തമാനകാലത്തിലും തുടർന്നുകൊണ്ടിരിക്കുന്ന കാര്യം പറയുവാൻ ആണ് BEEN ഉപയോഗിക്കുന്നത്.
Was + is → has been
Were + are → have been

Has been and have been are used to express past time & present time together at a time.

When we join past time & present time together we get has been & have been.

eg: He was happy + He is happy → He has been happy
They were polite + They are polite → They have been polite.

I have been the Principal of this college for ten years. എന്നു പറഞ്ഞാൽ 10 വർഷം മുന്നെ ഞാൻ ഈ കോളേജിന്റെ പ്രിൻസിപ്പാളായി, ഇപ്പോഴും തുടരുന്നു.

* To Express the beginning of the time and duration we have to use since and for how long.
eg: Since when he has been teaching English?
He has been teaching English since 8 o'clock.
Indicates time

**Indicates time**

For how long he has been teaching English?
He has been teaching English for 20 years.

**Indicates Duration**

eg: അവൻ വീട്ടിൽ ഉണ്ട് - He is at home.
കുറെ സമയമായി അവൻ വീട്ടിൽ ഉണ്ട് എന്ന് പറയുവാൻ - He has been at home.
He has been in U.S.A. since 1916
He has been in U.S.A. for ten years.

(തുടരും)

# നമ്മുടെ ശത്രുക്കളെ എപ്രകാരം സമീപിക്കണം

ടോമി കുറിച്ചി

"വിരോധി നമ്മെക്കൊണ്ടു ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിനു സകലത്തിലും നിന്നെത്തന്നെ സൽപ്രവൃത്തികൾക്കു മാതൃകയായി കാണിക്ക" എന്ന വേദവാക്യം അപ്പോസ്തോലനായ പൌലോസ് തന്റെ നിജപുത്രനായ തീത്തോസിനു എഴുതിയ ലേഖനം 2-ാം അദ്ധ്യായം 7-ാം വാക്യമാണ് ചിന്താവിഷയം.

അപ്പോ.പ്രവൃ.18:7 വായിക്കുമ്പോൾ "പൌലോസ് അവിടം വിട്ടു തീത്തോസ് യുസ്ത്തോസ് എന്ന ഒരു ദൈവഭക്തന്റെ വീട്ടിൽ ചെന്നു; അവന്റെ വീട് പള്ളിയോടു തൊട്ടിരുന്നു". കൊരിന്ത്യരുടെ ഇടയിൽ സുവിശേഷം അറിയിക്കാൻ പൌലോസ് താമസിച്ചത് ഈ തീത്തോസിന്റെ ഭവനത്തിൽ ആയിരുന്നു. പൌലോസിന്റെ വചനം കേട്ടു ക്രിസ്തുവിൽ വിശ്വസിച്ച അനേകം കൊരിന്ത്യർ സ്നാനം ഏൽക്കുവാനിടയായി. പൌലോസ് ഒന്നരവർഷക്കാലം അവരുടെ ഇടയിൽ ദൈവവചനം ഉപദേശിച്ചുകൊണ്ടു തീത്തോസിന്റെ ഭവനത്തിലാണ് താമസിച്ചത്. പൌലോസ് തീത്തോസിനെ സ്വന്തം മകനായിട്ടാണ് കരുതിയത്. ഒരു പുത്രന്റെ എല്ലാ കടമയും കർത്തവ്യവും പാലിക്കുവാൻ തീത്തോസ് മറന്നിരുന്നില്ല. അതുകൊണ്ടാണ് പൌലോസ് തീത്തോസിനെ പുത്രതുല്യം സ്നേഹിച്ചത്.

നമ്മുടെ വിരോധികൾ നമ്മെപ്പറ്റി ഒരു തിന്മയും പറയാതിരിക്കാൻ നാം ജീവിത വിശുദ്ധിയിൽ ജീവിച്ച് മറ്റുള്ളവർക്ക് മാതൃകാ പുരുഷനായിരിക്കണം. പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നവനും വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കയും അതിഥി സൽക്കാരം ആചരിക്കയും നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിക്കുന്നവനും സന്തോഷിക്കുന്നവരോടു കൂടെ സന്തോഷിക്കുകയും കരയുന്നവരോടു കൂടെ കരയുകയും ചെയ്യുകയും തമ്മിൽ ഐക്യമത്യമുള്ളവരായി വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നു കൊള്ളുന്നവനും പ്രതികാരചിന്തയില്ലാത്തവനും തിന്മയ്ക്കുപകരം തിന്മ ചെയ്യാത്തവനും ആയിരിക്കണമെന്നാണ് പൌലോസ് ശ്ലീഹാ റോമർക്ക് എഴുതിയ ലേഖനത്തിൽ 13 മുതൽ 19 വരെ വാക്യത്തിൽ പറയുന്നത്. വ്യഭിചാരം ചെയ്യരുത്, കുല ചെയ്യരുത്, മോഷ്ടിക്കരുത്, ദ്രോഹിക്കരുത്, അന്യോന്യം സ്നേഹിക്കുക എന്നീ കല്പനകൾ അനുസരിച്ച് ജീവിക്കുന്നവന് മറ്റുള്ളവരുടെ മുൻപിൽ ലജ്ജിക്കേണ്ടിവരില്ല.

"ജീവിക്കുന്നു എങ്കിൽ നാം കർത്താവിനായി ജീവിക്കുന്നു. മരിക്കുന്നു എങ്കിൽ കർത്താവിനായി മരിക്കുന്നു. അതുകൊണ്ട് ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും നാം കർത്താവിന്നുള്ളവർ തന്നേ". റോമർ 14:8 ൽ പൌലോസ് പറഞ്ഞ തിരുവചനം അനുസരിച്ച് കർത്താവിനായി ജീവിച്ചാൽ അവനുവേണ്ടി മരിക്കേണ്ടി വന്നാൽ മരിക്കാനും തയ്യാറായാൽ വിരോധികൾ നമ്മെക്കൊണ്ടു ഒരു തിന്മയും പറവാൻ ഇടയില്ലാതെ ലജ്ജിക്കേണ്ടിവരും. അതിന് നിന്നെത്തന്നെ മാതൃകയാക്കി കാണിക്കണം. അപ്പോസ്തോലന്മാരുടെ ജീവചരിത്രം പഠിച്ചാൽ അവരുടെ എതിരാളികൾക്ക് ഒരു തിന്മയും പറയുവാൻ ഇടം നൽകിയില്ല. സിംഹങ്ങൾക്ക് ഇരയായി തീർന്ന ഇഗ്നാത്തിയോസ് സഹദായുടെ ജീവചരിത്രവും അതാണ് നമ്മെ പഠിപ്പിക്കുന്നത്.

ആദിമ സഭയിൽ അനേകം വേദവിപരീതികൾ ഉണ്ടായിരുന്നു. യേശു മാർഗ്ഗത്തെ വളച്ചൊടിച്ച് തെറ്റിദ്ധരിപ്പിച്ച് മുതലെടുക്കുന്ന ഒരു കൂട്ടവും ഉണ്ടായിരുന്നു. അതുകൊണ്ടാണ് പൌലോസ് കൊരിന്ത്യ സഭക്കാരോടു പറയുന്നത് "നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നതഭവിക്കാതെ ഏക മനസ്സിലും ഏകാഭിപ്രായത്തിൽ യോജിച്ചിരിക്കയും വേണം എന്ന് ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു".

കൊരിന്ത്യ സഭയിൽ തന്നെ പിണക്കമുണ്ടായിരുന്നു. ഞാൻ പൌലോസിന്റെ പക്ഷക്കാരൻ, ഞാൻ അപ്പൊല്ലോസിന്റെ പക്ഷക്കാരൻ, ഞാൻ കേഫാവിന്റെ പക്ഷക്കാരൻ, ഞാൻ ക്രിസ്തുവിന്റെ പക്ഷക്കാരൻ എന്നിങ്ങനെ. ഇതു കേട്ടിട്ട് പൗലോസ് വളരെ നിശിതമായി പറയുന്നത് "ഞാൻ നട്ടു അപ്പൊല്ലോസ് നനച്ചു ദൈവമത്രേ വളരുമാറാക്കിയത്" എന്നാണ് നമ്മുടെ സഭാ സ്നേഹികളും സഭാ അധികാരികളും ഈ പാഠം ഉൾക്കൊള്ളുന്നത് സഭയ്ക്ക് ഉത്തമമാണ്.

ജാതികളുടെ ഇടയിൽപോലുമില്ലാത്ത ദുർന്നടപ്പുകളാണ് കൊരിന്ത്യ സഭയിൽ ചിലരിൽ കണ്ടത്. വിഗ്രഹാരാധികളുടെ സംസർഗ്ഗം അരുത്. സഹോദരൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുത്. അങ്ങനെയുള്ളവനോടു കൂടെ ഭക്ഷണം കഴിക്കപോലും അരുത് എന്നാണ് പൌലോസ് ശ്ലീഹാ തന്റെ ലേഖനത്തിൽ സഭാമക്കളെ ഉപദേശിക്കുന്നത്. ഈ ഉപദേശം കൈക്കൊണ്ടു ജീവിക്കുന്നവനെ ഒരിക്കലും വിരോധിക്കുവനും പഴിക്കുവാനും സാധിക്കുകയില്ല. നാം അങ്ങനെയാണോ ജീവിക്കുന്നതെന്ന് സ്വയം വിചിന്തനം ചെയ്യുക.

1 ശുമുവേൽ 24 ൽ ദാവീദിനെ തിരഞ്ഞു പിടിച്ചു കൊല്ലുവാൻ നടക്കുന്ന ശൗൽ രാജാവ് കാട്ടാട്ടിൻ പാറകളിലെ ഗുഹയിൽ കയറി വിശ്രമിക്കുന്നു. ആ വലിയ ഗുഹയിൽ തന്നെ ദാവീദും കൂട്ടരും ഒളിച്ചു താമസിച്ചിരുന്നു. ദാവീദിന് തന്റെ ശത്രുവിനെ, തന്നെ വധിക്കുവാൻ നടക്കുന്ന വിരോധിയെ കൊല്ലുവാൻ തക്ക അവസരമാണ് കൈവന്നത്. അവന്റെ കൂട്ടുകാർ അവനെ അതിന് പ്രേരിപ്പിച്ചതുമാണ്. എന്നാൽ ശൗൽ യഹോവയുടെ അഭിഷിക്തനാകയാൽ ദാവീദ് അവനെ കൊല്ലുന്നതിനുപകരം ശൗൽ ഗുഹയ്ക്കുള്ളിൽ ഉറങ്ങിക്കിടന്നപ്പോൾ ശൗലിന്റെ മേലങ്കിയുടെ അറ്റം പതുക്കെ മുറിച്ചെടുത്തു. ഉറക്കമുണർന്ന ശേഷം ഗുഹയിൽ നിന്നും പുറത്തു കടന്ന ശൗലിന്റെ പിന്നാലെ ചെന്ന് ദാവീദ് ശൗലിനെ വിവരം ധരിപ്പിക്കുന്നു. എനിക്കു വേണമായിരുന്നു എങ്കിൽ നിന്നെ വധിക്കാമായിരുന്നു. പക്ഷേ ഞാനതു ചെയ്തില്ല. നിന്റെ അങ്കിയുടെ അറ്റം മുറിച്ചെടുത്ത കഷണം ഇതാ എന്ന് പറഞ്ഞ് ശൗലിനെ കാണിക്കുന്നു. ശൗൽ ദാവീദിന്റെ സൽപ്രവൃത്തിയിൽ സ്വയം ലജ്ജിച്ചു മുഖം താഴ്ത്തുകയാണ് ചെയ്തത്. ആ ചരിത്രസത്യം 24-ാം അദ്ധ്യായം വായിച്ചാൽ മനസ്സിലാക്കാം. ഇവിടെ ദാവീദ് എന്താണ് ചെയ്തത് തന്റെ വിരോധിയ്ക്ക് തന്നെക്കുറിച്ച് ഒരു തിന്മയും പറയുവാൻ അവസരം നൽകാതെ ലജ്ജിക്കേണ്ടതിന് തന്ന

ത്താൻ മാതൃകയാക്കിക്കൊടുത്തു. ഇതേപോലെ പല അവസരങ്ങൾ ദാവീദിന് തന്റെ വിരോധിയായ ശൗലിനെ വധിക്കുവാൻ അവസരം ലഭിച്ചിട്ടും അദ്ദേഹം ചെയ്യുന്നില്ല എന്ന സത്യം വേദപുസ്തക ചരിത്രം സാക്ഷിക്കുന്നു. ഈ മാതൃകയാണ് മകനേ തീത്തൊസേ നീയും കാണിക്കേണ്ടതെന്നാണ്. പൌലോസ് തീത്തൊസിനെ ഉപദേശിക്കുന്നത്. ശത്രു നിന്റെ കരണത്തടിച്ചാൽ മറ്റേ കരണവും അവനു കാണിച്ചു കൊടുക്കണമെന്നു പഠിപ്പിച്ച യേശു വചനമനുസരിച്ച് മറ്റുള്ളവർക്ക് മാതൃകയായി ജീവിക്കണമെന്നാണ് പൌലോസ് പറയുന്നത്.

2 കൊരിന്ത്യർ 8:14–16 വരെ വാക്യം വായിക്കുമ്പോൾ തീത്തോസിനെ നമുക്ക് പരിചയപ്പെടാൻ സാധിക്കും. പൌലോസിന്റെയും തീമോത്തിയോസിന്റെയും കൂട്ടുവേലക്കാരനായി അവരോടൊപ്പം സുവിശേഷീകരണത്തിൽ പ്രവർത്തിച്ച ഒരു ദൈവദാസനായിരുന്നു തീത്തൊസ്. അവരോടൊപ്പം പ്രവർത്തിക്കുവാൻ സഭകളാൽ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു "തീത്തൊസ് എനിക്കു കൂട്ടാളിയും നിങ്ങൾക്കായിട്ടു കൂട്ടുവേലക്കാരനും ആകുന്നു" എന്നാണ് തീത്തൊസിനെക്കുറിച്ച് 2 കൊരി. 8:23 –ൽ പൌലോസ് പറയുന്നത്.

ഗലാത്യർ 2:1 ൽ "പതിനാലു ആണ്ടു കഴിഞ്ഞിട്ടു ഞാൻ ബർണബാസുമായി തീത്തൊസിനെയും കൂട്ടിക്കൊണ്ടു വീണ്ടും യെരുശലേമിലേക്കു പോയി".

"എന്റെ കൂടെയുള്ള തീത്തോസ് യവനൻ എങ്കിലും പരിച്ഛേദന ഏല്പാൻ അവനെ ആരും നിർബന്ധിച്ചില്ല" ഗലാത്യർ 2:3.

ഗലാത്യർ 2:11–21 വാക്യങ്ങൾ വായിച്ചാൽ അപ്പോസ്തോലനായ കേഫാവും അന്ത്യോഖ്യയിൽ വന്നപ്പോൾ പൌലോസ് ശ്ലീഹാ അദ്ദേഹത്തിൽ കുറ്റം കാണുകയും അവനോട് അഭിമുഖമായി എതിർത്തു സംസാരിക്കുകയും ചെയ്യുന്നത് നമുക്ക് കാണാം. ശ്ലീഹന്മാരുടെ തലവനായ അപ്പോസ്തോലനായ കേഫാവ് എന്ന പത്രോസ് ജാതികളോടുകൂടെ ഭക്ഷണം കഴിച്ചുപോന്നു. എന്നാൽ യാക്കോബിന്റെ അടുക്കൽ നിന്നും പരിച്ഛേദനക്കാർ വന്നപ്പോൾ അവരെ ഭയപ്പെട്ട് ജാതികളിൽ നിന്നും അകന്നു നിന്നു. (യഹൂദക്രിസ്ത്യാനികൾ മോശയുടെ ന്യായപ്രമാണപ്രകാരം പരിച്ഛേദനക്കാരും ജാതികൾ അഗ്രചർമ്മികളുമായിരുന്നു). യെഹൂദ ക്രിസ്ത്യാനികൾ കപടം കാണിച്ച് അകന്ന് മാറി നിന്നതുകൊണ്ട് പൌലോസ് ശ്ലീഹായുടെ അരുമ ശിഷ്യനായ ബർണ്ണബാസും അവരുടെ കപടത്താൽ തെറ്റിപ്പോകുവാൻ ഇടവന്നു. സുവിശേഷത്തിന്റെ സത്യം അനുസരിച്ച് ചൊവ്വായി നടക്കുന്നില്ല എന്ന് കണ്ടപ്പോൾ പൌലോസിന് പത്രോസുമായി എല്ലാവരും കേൾക്കെ ശബ്ദം ഉയർത്തേണ്ടയായി വന്നു.

പത്രോസും യാക്കോബും യോഹന്നാനും പരിച്ഛേദനക്കാരായ യഹൂദന്മാരുടെ ഇടയിൽ മാത്രമാണ് സുവിശേഷം അറിയിച്ചത്. എന്നാൽ ജാതികളുടെ ഇടയിൽ സുവിശേഷം അറിയിച്ചതുകൊണ്ടാണ് പൌലോസ് ശ്ലീഹാ ജാതികളുടെ അപ്പോസ്തോലൻ എന്ന് അറിയപ്പെട്ടത്. ഉച്ചനീചത്വം അവസാനിപ്പിക്കുക എന്ന ക്രിസ്തുദർശനത്തെ മുറുകെ പിടിച്ചുകൊണ്ടാണ് പൌലോസ് തന്റെ പ്രവർത്തി മണ്ഡലത്തിൽ വിരാജിച്ചത്.

അപ്പോസ്തോലന്മാർ പരിച്ഛേദനക്കാരായ സ്വന്തം യഹൂദജനങ്ങളുടെ ഇടയിൽ മാത്രം പ്രവർത്തിച്ചതുപോലെയാണ് ഇന്ന് സുറിയാനി ക്രിസ്ത്യാനികൾ, സ്വന്തം ജനങ്ങളുടെ ഇടയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. യേശു സ്വർഗ്ഗാരോഹണത്തിനു മുൻപ് ശിഷ്യന്മാരോട് അരുളി ചെയ്തത് "ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" (മത്താ. 28:19).

"പിന്നെ അവൻ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടുംസുവിശേഷം പ്രസംഗിപ്പിൻ" (മർക്കോസ് 16–15).

നമ്മുടെ കർത്താവിന്റെ കല്പന നാം പ്രാവർത്തികമാക്കാറുണ്ടോ എന്ന് ചിന്തിക്കുക.

പണ്ഡിതനും വിദ്യാസമ്പന്നനും ഗമാലിയേൽ എന്ന വേദശാസ്ത്രപണ്ഡിതന്റെ കീഴിൽ അഭ്യസിച്ചവനായ ശൗൽ എന്ന പൌലോസിനെ സുവിശേഷികരണത്തിനായി യേശു തിരഞ്ഞെടുത്തതിനു കാരണം അല്പവിശ്വാസികളായ അപ്പോസ്തോലന്മാരെയും അവരുടെ സ്വഭാവരീതികളും ശരിക്കും അറിയാവുന്നതുകൊണ്ടായിരിക്കാം. അപ്പോസ്തോലന്മാർ സ്വന്തജനങ്ങളുടെ ഇടയിൽ മാത്രമാണ് പ്രവർത്തിച്ചത്. എന്നാൽ പൌലോസ് ശ്ലീഹാ ഓരോ ദേശത്തിലും തന്റെ കൂട്ടുവേലക്കാരോടൊപ്പം കടന്ന് ചെന്ന് യേശുവിന്റെ സുവിശേഷം പ്രചരിപ്പിച്ചു ക്രിസ്ത്യാനികളാക്കി പൌലോസ് ശ്ലീഹാ ക്രിസ്തുമതം പ്രചരിപ്പിച്ചില്ലായിരുന്നു എങ്കിൽ ചിലപ്പോൾ ലോകത്ത് ക്രിസ്തുമതം കാണുകയില്ലായിരുന്നിരിക്കാം.

പരിച്ഛേദനയല്ല, അഗ്രചർമ്മവുമല്ല. പുതിയ സൃഷ്ടിയത്രേ കാര്യം. ഈ പ്രമാണം അനുസരിച്ചു നടക്കുന്ന ഏവർക്കും സമാധാനവും കരുണയും ലഭിക്കും. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്.

വീട്ടിലെ അടിമ ചെയ്തുവന്നിരുന്ന പാദപ്രക്ഷാളനം നടത്തി തന്റെ ശിഷ്യസമൂഹത്തെ അന്ത്യഅത്താഴസമയത്ത് എളിമയുടെ പാഠം പഠിപ്പിച്ച നമ്മുടെ കർത്താവ് നമുക്ക് വിനയത്തിന്റെ, ശുശ്രൂഷയുടെ, സഹനത്തിന്റെ, പരിത്യാഗത്തിന്റെ ആത്മാവിനെ നൽകട്ടെ. ശുശ്രൂഷിക്കുകയാണ് നമ്മെക്കുറിച്ചുള്ള ദൈവഉദ്ദേശമെന്ന് വിശ്വാസസമൂഹം വ്യക്തമായി മനസ്സിലാക്കണം. പദവികളും സ്ഥാനങ്ങളും അധികാരപ്രയോഗത്തിനോ പ്രശസ്തിക്കോ സ്വയം പ്രശംസയ്ക്കോ അല്ല സേവനത്തിനും ശുശ്രൂഷയ്ക്കുമായുള്ള ദൈവനിയോഗം എന്ന് മനസ്സിലാക്കി പ്രവർത്തിപ്പാൻ എല്ലാവർക്കും ദൈവകൃപ നൽകട്ടെ.

ഒരു യഥാർത്ഥ ക്രിസ്തു വിശ്വാസി എപ്പോഴും ജീവിക്കേണ്ടത് സ്വർഗ്ഗരാജ്യാനുഭവത്തോടുകൂടി ആയിരിക്കണം. വിശ്വാസികളുടെ ജീവിതം എന്നത് സാധാരണ ജീവിതത്തിൽ നിന്നും മാറ്റമുള്ളതാകണം. എങ്കിൽ മാത്രമെ അതൊരു സാക്ഷ്യമുള്ള ജീവിതമായി പരിണമിക്കൂ. വിരോധി നമ്മെക്കൊണ്ടു ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിനു സകലത്തിലും നിന്നെത്തന്നെ സൽപ്രവൃത്തികൾക്കു മാതൃകയാക്കി കാണിക്ക.

പൌലോസും ബർണബാസും കൂടി അവർ സ്ഥാപിച്ച സഭകൾ സന്ദർശിക്കുവാനുള്ള പദ്ധതി ഇട്ടു. മർക്കോസിനെ കൂടെ കൊണ്ടുപോകുന്നതിനെക്കുറിച്ചു അവർ തമ്മിൽ തർക്കിച്ചു. ഇന്നായിരുന്നെങ്കിൽ തമ്മിൽ തല്ലിവഴക്കുണ്ടാക്കി മർക്കോസിന്റെ പേരിലും ബർണബാസിന്റെ പേരിലും രണ്ടു സഭകൾ ഉണ്ടാക്കി ഭിന്നിക്കുമായിരുന്നു. എന്നാൽ പൌലോസ് ശീലാസിനേയും ബർണബാസ് മർക്കോസിനെയും കൂട്ടിക്കൊണ്ട് രണ്ട് വഴിക്കുപോയി. നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു ക്രിസ്തുവത്രേ. നാം ക്രിസ്തുവിന്റെ വകയാണെങ്കിൽ അന്യോന്യം സഹോദരന്മാരത്രെ. അതായിരുന്നു അവർ ചിന്തിച്ചതും പ്രവർത്തിച്ചതും.

ഇന്നാണെങ്കിലോ?

# സെന്റ് ജോർജ് ക്നാനായപള്ളി വള്ളംകുളം സുവർണ്ണ ജൂബിലി



വള്ളംകുളം സെന്റ് ജോർജ് ക്നാനായപള്ളി സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത, അഭി. ഗീവർഗീസ് മാർ അപ്രേം തിരുമേനി, റവ. ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരിൽ (വികാരി ജനറാൾ), ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ (വികാരി), ഫാ. എ. ഒ. ജോൺ അമ്മനം കുന്നത്ത്, ഫാ. ലിജോ പട്ടുകാലായിൽ, ജെറി പി. കുര്യൻ (ഇടവക സെക്രട്ടറി), ചാക്കോ മാത്യു അർക്കശ്ശേരി (ട്രസ്റ്റി), രഞ്ചു കെ. ഏബ്രഹാം ഇളയശ്ശേരിൽ, കെ. സി. കുര്യൻ കുന്നിരിക്കൽ കലയിത്ര എന്നിവർ സമീപം

## 1 - ാം ചരമവാർഷികം

29 - 1 - 2022



## M.C. Chacko (Kunjumon)

മുണ്ടുകോട്ടയ്ക്കൽ, നിലമ്പൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 2nd Death Anniversary

22 - 01 - 2022



## Rajan M George

Moozhical Valel,
Kalathipady, Kottayam.

*"Deeply missed and lovingly remembered"*

Sorrowing family members.

Advt -O

## 40 - ാം ചരമദിനം

04 - 01 - 2022



## V.A. Abraham
(Kunjumon) 74

Kizhakkevettimoottil, Ranni

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

By Loved Ones

Advt -O

## 13th Death Anniversary

24-01-2022



Advt -S

## C. K. Kuriakose (Kunjumon)

Cheriyamoozhiyil, Angadi, Ranny

"We miss U"

Wife, Children, Grand Children

## 26 - ാം ചരമവാർഷികം

23-01-2022



Advt -S

## സാബു ഏബ്രഹാം

വാളംപറമ്പിൽ, മഴുക്കീർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5 - ാം ചരമവാർഷികം

14-01-2022



Advt -S

## ജേക്കബ്കുട്ടി എ. പി.

[റിട്ട. പ്രൊഫസർ, സെന്റ് തോമസ് കോളേജ് റാന്നി (Phy. Dept.)]

ആനപ്പാറ, ഐത്തല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 7 - ാം ചരമവാർഷികം

3-1-2022



Advt - S

## ചിന്നമ്മ കുരുവിള

തൈക്കുറിഞ്ഞിയിൽ തോപ്പിൽ, തിരുവൻവണ്ടൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

**17 – 1 – 2022**



Advt - S

## ജാൻസി കുര്യൻ (62)

**പന്ത്രണ്ടാംകുഴി, വാകത്താനം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*




Advt -O

## 9 – ാം ചരമവാർഷികം

**26 – 01 – 2022**



Advt - S

## അമ്മിണി ജോസഫ്

**കോയിക്കൽ, അങ്ങാടി, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

**29 – 12 – 2021**



Advt -S

## K.O. Kurian

**Kannakuzhiyil, Eraviperoor**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 1 –ാം ചരമവാർഷികം

30 – 1 – 2022



# എ. യു. ഏബ്രഹാം (അനിയച്ചൻ)

## ചെറുവേലിലായ അയ്മനത്ത്, കുറിച്ചി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 2nd Death Anniversary
**29-01-2022**



**Honorary Subedar Major**
## K. K. Mathewkutty
**Kalarickal, Thiruvanvandoor**

By Sorrowing Family

Advt - S

## 40 – ാം ചരമദിനം
**10 – 1 – 2022**



Advt - S

## ചെറിയാൻ മർക്കോസ് (കുഞ്ഞുമോൻ)
**പുതുവീട്ടിലായ മുണ്ടുചിറയിൽ, വാലടി, പയറ്റുപാക്ക**

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ**
**തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ**

ഭാര്യ–ലിസി ചെറിയാൻ, മക്കൾ– ലിജി, ലിറ്റി, ലിജോ
മരുമക്കൾ–ലിബി, സജോഷ്, ഫ്രീഡ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം
**9 – 1 – 2022**



Advt -O

## സാറാമ്മ മാത്യു (മണി)
**എട്ടൊന്നിൽ, ഇടയാടിയിൽ, ഇടക്കുളം, റാന്നി**

ഭർത്താവ്–മാത്യു തോമസ് (ജോയി), മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

**"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ**
**തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"**

ബന്ധുമിത്രാദികൾ

## 3 – ാം ചരമവാർഷികം
**15 – 1 – 2022**



## P. M. Chacko (Mon)
**Pulayakunnil, Eraviperoor**

**"ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു**
**നാളും മരിക്കയില്ല (യോഹന്നാൻ 11: 26) "**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# കുറ്റിയിൽ കെ.സി. മാത്യു & ഏലിയാമ്മ മാത്യു

## പ്ലാത്തോട്ടത്തിൽ കുടുംബയോഗം

## സ്മരണാഞ്ജലി

50-ാം വാർഷികം

അച്ചായൻ



40-ാം വാർഷികം

അമ്മ

17-03-1900 to 19-12-1972

04-06-1904 to 13-10-1982



അലക്സാണ്ടർ മാത്യു (കുഞ്ഞച്ചൻ)
17-05-1924 to 03-05-1991

തങ്കമ്മ അലക്സാണ്ടർ
10-03-1930 to 21-05-2019



കെ.എം മാത്യു (മാത്തുകുട്ടി)
28-07-1930 to 09-10-2000



ജോസഫ് മാത്യു (ജോണി)
17-01-1940 to 05-01-2013

മേരിക്കുട്ടി ജോസഫ്
03-12-1948 to 23-11-1995



എബ്രഹാം മാത്യു (അവറാച്ചൻ)
17-12-1927 to 27-09-2018

മേരിക്കുട്ടി എബ്രഹാം
03-12-1930 to 24-10-2003

Advt -O

# പ്രാർത്ഥനാഞ്ജലി



ഷൈലാ ബിജു
Late. W/O ബിജു ജോസഫ്
20-04-1969 to 14-01-2012



കുഞ്ഞമ്മ കുര്യൻ
W/O തോപ്പിൽ കുട്ടപ്പായി
03-06-1936 to 26-03-2008



കെ.എ മാത്യു (ബാബു)
12-04-1948 to 27-11-2015



എ.റ്റി. സൈമൺ & അച്ചുകുട്ടി സൈമൺ
02-07-1941 to 26-05-2011
&
21-08-1945 to 01-05-2007



കെ.എം.എബ്രഹാം (കുഞ്ഞുഞ്ഞ്)
കറുകേലിൽ
H/O ഏലിക്കുട്ടി
27-04-1936 to 22-08-2018

അകാലത്തിൽ കൊഴിഞ്ഞ
പുഷ്പം



കുഞ്ഞായി
D/O കെ.എ. മാത്യു
24-01-1983 to 04-08-1987

**കാഹള ധ്വനിക്ക് കാതോർക്കുന്ന ഞങ്ങളുടെ പൂർവ്വികർ**

| | | |
|---|---|---|
| തലമുറ 1 | ഉതുപ്പാൻ പ്ളാത്തോടത്തിൽ | 1820 - 1881 |
| തലമുറ 2 | മാത്യു പ്ളാത്തോടത്തിൽ | 1845 - 1887 |
| തലമുറ 3 | ചാണ്ടി മാത്യു കുറ്റിയിൽ | 1871 - 1937 |

'നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ
ഓർത്തുകൊള്ളുവിൻഅവരുടെ ജീവിതഫലം അനുഭവിച്ച്
അവരുടെ വിശ്വാസം അനുകരിക്കുവിൻ

ഞങ്ങൾ അനുഭവിക്കുന്നു അനുകരിക്കുന്നു
കുടുംബാംഗങ്ങൾ

എബ്രായ13,7

Advt - O

# 40 – ാം ചരമദിനം

26 – 1 – 2022



# ഏലിയാമ്മ മാത്യു

**പാറയ്ക്കാമണ്ണിൽ, കറ്റോട്**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S



## 39 –ാം ചരമ വാർഷികം

**29- 01- 2022**

## പി. ഒ. എബ്രഹാം

**പള്ളിയമ്പിൽ**

**ഫൗണ്ടർ : പോബ്സ് ഗ്രൂപ്പ്, ഓതറ**
**തിരുവല്ല**

Advt -S



## 40TH DAY OF DEMISE

20-01-2022

## SOMAN JACOB

Kavanal, Trivandrum

Jacobs Engineering Works

*"I am the resurrection and the life*
*He who believes in me will live,*
*Even though He dies"*

*John 11:25*

SORROWING FAMILY

Advt - G




Advt -O

## ഒന്നാം ചരമവാർഷികം

13-1-2022



## കെ. സി. സ്കറിയ (80)

(ബേബി)

കല്ലുകുളത്തിൽ, ചിങ്ങവനം

(ക്യാപ്റ്റൻ (Rtd) ഇൻഡ്യൻ ആർമി)

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

സ്നേഹസ്മരണയ്ക്ക്

## 2-ാം ചരമവാർഷികം

26-1-2022



## യു. കെ. മാത്യു

കുന്നുംപുറത്ത്, വാകത്താനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 7-ാം ചരമ വാർഷികം

30-01-2022



## M. M. മർക്കോസ്

മാമലതാഴത്ത്, രാമമംഗലം

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ

**സന്തപ്ത കുടുംബാംഗങ്ങൾ**

Advt - O



## 2 –ാം ചരമവാർഷികം

08 – 02 – 2022

# Very. Rev. K.C. Andrews Cor-Episcopa

**Kochuparambil,**
**Vadapuram, Nilambur**

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

Advt - O

By Sorrowing family



## 40th Day of Remembrance

27-01-2022



Advt - O

# T.P. Thomas

**Thekkumuriyil House, Edakulam, Ranni,**
**MIG-1/777, HUDCO, Bhilai, Chattisgarh**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

By Sorrowing family



## 2 –ാം ചരമവാർഷികം

08 – 02 – 2022



Advt - O

# എം. എ. ഏബ്രഹാം (ബാബു)

**മണിമലേത്ത്, വെച്ചൂച്ചിറ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

വേർപാടിന്റെ
## 5 – ാം വാർഷികം
09 – 01 – 2022



Advt - O

## വത്സ ഏബ്രഹാം
കുട്ടോലമഠം, തിരുവനന്തപുരം

*സന്തപ്ത കുടുംബാംഗങ്ങൾ*

11 – ാം
## ചരമവാർഷികം
4 – 11 – 2021

1 – ാം
## ചരമവാർഷികം
02 – 1 – 2022





## V.M.Chacko

## Aleyamma Chacko

Advt - O

വളയനാട്ട്, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

## 4th Death Anniversary
17 - 01 - 2022



Advt -O

## Thankamma Kuruvilla
Kodinjoor Enclave
Kaviyoor, Thiruvalla

By Sorrowing Family

## 40 – ാം ചരമദിനം
31 – 12 – 2021



Advt -S

## ജയ സാറാമ്മ ചാക്കോ (49)
തുണ്ടിയിൽ, ഇരവിപേരൂർ

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

ദുഃഖാർത്തരായ– പപ്പാ, അമ്മ
സഹോദരങ്ങൾ– ജിനു & ഫാമിലി, ജിജി & ഫാമിലി, ജോസ്മോൻ & ഫാമിലി
മറ്റ് കുടുംബാംഗങ്ങൾ




**കൂ**ട്ടം തെറ്റി അലയുകയായിരുന്ന ആട്ടിൻ കുട്ടിയെ കണ്ട ചെന്നായ അതിനെ കൊന്നു തിന്നുവാൻ തീരുമാനിച്ചു. എന്നാലിതിനെ കൊല്ലാൻ ഒരു കാരണം കണ്ടെത്തിയിട്ട് മതി ശാപ്പിടാൻ എന്നു ചെന്നായ് ഉറപ്പിച്ചു. അവൻ ആട്ടിൻ കുട്ടിയെ സമീപിച്ചു. ഇപ്രകാരം പറഞ്ഞു “എടാ കുഞ്ഞേ! കഴിഞ്ഞ വർഷം നീ എന്നെ അപമാനിച്ചില്ലേ?” ആട്ടിൻകുട്ടിയാകട്ടെ വ്യസനപ്പെട്ടുകൊണ്ട് മൊഴിഞ്ഞു “ഞാൻ ജനിച്ചിട്ട് മാസങ്ങളേ ആയിട്ടുള്ളു. കഴിഞ്ഞ വർഷം ഞാൻ ഉണ്ടായിരുന്നില്ല”

ചെന്നായ ആരോപണം മാറ്റി “ഞാൻ ഇരപിടിക്കുന്ന മേച്ചിൽ പുറങ്ങളിലാണ് നീ മേയുന്നത്” എന്നായി ചെന്നായ് “ഇല്ല അങ്ങുന്നേ. ഞാനിതേവരെ പുല്ലു കഴിക്കാറായിട്ടില്ല” ആട്ടിൻ കൂട്ടി പറഞ്ഞു ഞാൻ കുടിക്കുന്ന ഉറവയിൽ നിന്നാണ് നീ കുടിക്കുന്നത് എന്നായി ചെന്നായയുടെ അടുത്ത ആരോപണം”

ഞാനിന്നേവരെ അമ്മയുടെ പാലല്ലാതെ ഒന്നും കുടിച്ചിട്ടില്ല. പാലു മാത്രമാണ് എനിക്കു ഭക്ഷണവും പാനീയവും ആട്ടിൻ കുട്ടി ഉണർത്തിച്ചു. ഇതോടെ ആരോപണങ്ങൾ മതിയാക്കിയ ചെന്നായ് ആട്ടിൻ കുട്ടിയെ കൊന്നു ശാപ്പിട്ടുകൊണ്ട് പറഞ്ഞു.” “എന്റെ ആരോപണങ്ങൾക്കെല്ലാം നിനക്ക് മറുപടിയുണ്ടായിരിക്കാം. എന്നാലിന്നു അത്താഴപ്പട്ടിണി കിടക്കാൻ എനിക്കുദ്ദേശമില്ല.”

(ദ്രോഹികൾക്ക് ഉപദ്രവിക്കാൻ എപ്പോഴും ന്യായങ്ങൾ ഉണ്ടാകും.)


**NAZARETH COLLEGE OF PHARMACY**
OTHERA,THIRUVALLA- 689546
PH. 04692657546, 9495237292
QUOTATION NOTICE

1. QUOTATION INVITED FOR COLLEGE STUDENTS UNIFORM AND LAB COAT

| | |
|---|---|
| B.PHARM STUDENTS | 100 SET |
| PHARM D STUDENTS | 30 SET |
| WHITE LAB COAT | 130 SET |

2. INVITING EXPRESSION OF INTEREST FOR CONSTRUCTING NEW BLOCK FOR CLASSROOM (APPROX. 5000 SQ.FT)

Interested parties should contact college office to collect the application form and submit on or before 25th January 2022, 4.00 PM

MANAGER


# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

## ജനുവരി മാസത്തിലെ ചോദ്യങ്ങൾ

1. സത്യവേദപുസ്തകത്തിലെ ആകെ അദ്ധ്യായങ്ങൾ എത്ര?
2. ബൈബിളിലെ രണ്ടാമത്തെ വലിയ പുസ്തകം ഏത്?
3. പൗലോസ് എന്ന വാക്കിന്റെ അർത്ഥം എന്ത്?
4. ശൗൽ രാജാവിന്റെ ഗോത്രം ഏത്?
5. ലേവ്യ പുസ്തകത്തിലെ ആദ്യയാഗമേത്?
6. ദൈവം എന്ന പദം ഇല്ലാത്ത പുസ്തകം ഏതൊക്കെ?
7. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നെ കീറി യഹോവയുടെ അടുക്കലേക്ക് തിരിയുവാൻ പറഞ്ഞ പ്രവാചകൻ ആര്?
8. യഹൂദന്മാരുടെ ഏഴാമത്തെ പെരുന്നാൾ ഏതാണ്?
9. ആരുടെ വാക്കുകൾ ആണ് കാറ്റിനു തുല്യം?
10. മനുഷ്യ ഹൃദയം ലഭിച്ച മൃഗം ഏത്?

## ഡിസംബർ മാസത്തിലെ ഉത്തരങ്ങൾ

1. ശൂർ (പുറപ്പാട് 15:12)
2. കല്ലെറിഞ്ഞു കൊല്ലണം (സംഖ്യ. 15:36)
3. ഫാത്ത് (ഉല്പത്തി. 15:18)
4. യെരുശലേം (യിരെമ്യാവ് 15:9)
5. അരിമത്ഥ്യായിലെ യോസേഫ് (മർക്കോസ് 15:43)
6. കാണാത പോയ ദ്രഹ്മ (ലൂക്കോസ്.15:8)
7. ഏഴ് ദൂതന്മാർ (വെളിപ്പാട് 15:5-6)
8. എലെയാസർ (സംഖ്യ പുസ്തകം 16:37)
9. കനാന്യർ (യോശുവ 16:10)
10. ഗസ്സയിലേക്ക് (ന്യായാധിപന്മാർ 16:21)

## NAZARETH ASRAMAM, OTHERA

**24-10-2021 to 5-12-2021**

### Donations

| | |
|---|---|
| A Well wisher | 5000/ |
